പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011-2014)

## പതിനേഴാമത് റിപ്പോർട്ട്

(2013 ഏപ്രിൽ മാസം 9-ാം തീയതി സഭയിൽ സമർപ്പിച്ചത്)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.1, 4.2, 4.3, 4.5, 4.7, 4.11 എന്നീ ഖണ്ഡികകളുടെയും 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.5, 4.8, 4.10 എന്നീ ഖണ്ഡികകളുടെയും 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.1, 4.2 എന്നീ ഖണ്ഡികകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011–2014)

## പതിനേഴാമത് റിപ്പോർട്ട്

(2013 ഏപ്രിൽ മാസം 9–ാം തീയതി സഭയിൽ സമർപ്പിച്ചത്)

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2005–06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.1, 4.2, 4.3, 4.5, 4.7, 4.11 എന്നീ ഖണ്ഡികകളുടെയും 2006–07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.5, 4.8, 4.10 എന്നീ ഖണ്ഡികകളുടെയും 2007–08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.1, 4.2 എന്നീ ഖണ്ഡികകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയത്

651/2013.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 44 |
| അനുബന്ധം II : സർക്കാരിൽ നിന്നും ലഭിച്ച മറുപടി | .. | 51 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അച്ചുതൻ

,, എം. ചന്ദ്രൻ

,, കെ. കെ. ജയചന്ദ്രൻ

,, എൻ. ഷംസുദീൻ *

,, മുല്ലക്കര രത്നാകരൻ

,, കെ. ശിവദാസൻ നായർ

,, പി. ശ്രീരാമകൃഷ്ണൻ

,, ജി. സുധാകരൻ

,, എം. എ. വാഹീദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എസ്. തുളസീധരൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി

,, എ. ഷൈല, അണ്ടർ സെക്രട്ടറി.

---

* ശ്രീ. കെ. എൻ. എ. ഖാദർ, എം.എൽ.എ. സമിതി അംഗത്വം രാജിവെച്ച ഒഴിവിലേക്ക് 2012 ജൂൺ 20 പ്രാബല്യത്തിൽ തെരഞ്ഞെടുക്കപ്പെട്ടു.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2011–14) പതിനേഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.1, 4.2, 4.3, 4.5, 4.7, 4.11 എന്നീ ഖണ്ഡികകളുടെയും 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.5, 4.8, 4.10 എന്നീ ഖണ്ഡികകളുടെയും 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.1, 4.2 എന്നീ ഖണ്ഡികകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2013 ഫെബ്രുവരി മാസം 27-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എസ്.ജി.എസ്.എ.)-നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2013 ഏപ്രിൽ 9.

# റിപ്പോർട്ട്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.1, 4.2, 4.3, 4.5, 4.7, 4.11 എന്നീ ഖണ്ഡികകളുടെയും 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.5, 4.8, 4.10 എന്നീ ഖണ്ഡികകളുടെയും 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.1, 4.2 എന്നീ ഖണ്ഡികകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയത്.

ഓഡിറ്റ് ഖണ്ഡിക

4.1 **പണാപഹരണം**

ട്രഷറിയിൽ നിന്നും പിൻവലിച്ച തുക കണക്കിൽ ഉൾക്കൊള്ളിക്കാത്തതും ക്യാഷ് ബുക്ക് ക്ലോസ് ചെയ്യുന്നതിലെ പരാജയവും—തിരുവനന്തപുരം നഗരസഭയിൽ 15.49 ലക്ഷം രൂപയുടെ പണം തിരിമറി ഓഡിറ്റിൽ കണ്ടുപിടിക്കപ്പെട്ടു.

തൊഴിൽരഹിതരായ യുവജനങ്ങൾക്ക് തൊഴിൽരഹിതവേതനം അനുവദിക്കുന്നതും വിതരണം ചെയ്യുന്നതും 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം അനുസരിച്ച് നഗരസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഒരു ചുമതലയാണ്. ഒരു ഗുണഭോക്താവിന് പ്രതിമാസം 120 രൂപ ക്രമത്തിൽ തൊഴിൽരഹിത വേതനം വിതരണം ചെയ്യുന്നതിനു വേണ്ടി തിരുവനന്തപുരം നഗരസഭയ്ക്ക് 2005-06-ലും 2006-07-ലും 'ബി' കാറ്റഗറിയിൽ സർക്കാർ 2.27 കോടി രൂപ പദ്ധതിയേതര ഗ്രാന്റായി അനുവദിക്കുകയുണ്ടായി. 1998-ലെ കേരള തൊഴിലില്ലായ്മ വേതന ചട്ടങ്ങൾ പ്രകാരം വേതനം വിതരണം ചെയ്യാൻ നിശ്ചയിച്ച സമയത്ത് ഹാജരാകാത്തവർക്ക് പിന്നീട് അതിന് അർഹതയുണ്ടായിരിക്കുകയില്ല. അതുകൊണ്ട് വിതരണം ചെയ്യാതെ ബാക്കിവരുന്ന തുക ഉടനെതന്നെ സംസ്ഥാന സഞ്ചിതനിധിയിലേക്ക് തിരിച്ചടയ്ക്കേണ്ടതായിരുന്നു. തിരുവനന്തപുരം നഗരസഭ 2005-06-ലും 2006-07-ലും (2007 ഫെബ്രുവരി 12 വരെ) പിൻവലിച്ചതും, വിതരണം ചെയ്തതും, ബാക്കി തിരിച്ചടച്ചതുമായ തുകകളുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു:

(രൂപ ലക്ഷത്തിൽ)

| *ക്രമ നമ്പർ* | *തുക പിൻവലിച്ച തീയതി* | *പിൻവലിച്ച തുക* | *വിതരണം ചെയ്ത തുക* | *ബാക്കി തുക* | *തിരിച്ചടച്ച തുക* | *തിരിച്ചടച്ച തീയതി* |
|---|---|---|---|---|---|---|
| 1 | 7-9-2005 | 29.20 | 24.20 | 5.00 | 5.00 | 15-10-2005 |
| 2 | 15-10-2005 | 29.30 | 23.74 | 5.56 | 5.56 | 9-11-2005 |
| 3 | 24-11-2005 | 14.60 | 11.80 | 2.80 | 2.80 | 12-1-2006 |
| 4 | 2-3-2006 | 43.81 | 35.70 | 8.11 | 8.11 | 16-8-2006 |
| 5 | 25-5-2006 | 66.28 | 50.79 | 15.49 | .. | .. |
| 6 | 30-8-2006 | 43.81 | 35.41 | 8.40 | 8.40 | 27-9-2006 |
| | ആകെ | 227.00 | 181.64 | 45.36 | 29.87 | |

2006 മേയ് 25-ന് പിൻവലിച്ച 66.28 ലക്ഷം രൂപ (മുകളിൽ ക്രമനമ്പർ 5)-യിൽ ഒമ്പതു മാസത്തേക്കുള്ള (2003 ഒക്ടോബറും 2004 നവംബർ മുതൽ 2005 ജൂൺ വരെയും) തൊഴിൽരഹിത വേതനമിനത്തിൽ 50.79 ലക്ഷം രൂപ മാത്രമാണ് 2006 മേയ് 25-നും 31-നും മദ്ധ്യേ നഗരസഭ വിതരണം ചെയ്തത്. 2006 ജൂൺ ഒന്നാം തീയതി വിതരണം ചെയ്യാതെ ബാക്കിവന്ന തുകയായ 15.49 ലക്ഷം രൂപ ഉടനെ തന്നെ സർക്കാരിലേക്ക് തിരിച്ചടയ്ക്കണമായിരുന്നു. അധികംവന്ന തുക തിരിച്ചടയ്ക്കുന്നതിനുപകരം തിരിച്ചടയ്ക്കാൻ ഉത്തരവാദപ്പെട്ട അക്കൗണ്ട്സ് വകുപ്പിലെ ഗുമസ്തൻ തിരിമറി നടത്തി. ഓഡിറ്റ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലെ ഉന്നതോദ്യോഗസ്ഥർ 2007 ഫെബ്രുവരി 12-ന് പണം എണ്ണിനോക്കിയപ്പോഴാണ് ഈ തിരിമറി കണ്ടുപിടിക്കപ്പെട്ടത്. അന്നേദിവസം തന്നെ പ്രസ്തുത ഗുമസ്തൻ 15.49 ലക്ഷം രൂപയിൽ 11.25 ലക്ഷം രൂപ അക്കൗണ്ട്സ് ഓഫീസർക്ക് കൈമാറുകയും അത് പിറ്റേദിവസം (2007 ഫെബ്രുവരി 13) സർക്കാരിലേക്ക് തിരിച്ചടയ്ക്കുകയും ചെയ്തു. 2007 ഫെബ്രുവരി 13 മുതൽ പ്രാബല്യത്തോടെ നഗരസഭാ സെക്രട്ടറി അദ്ദേഹത്തെ സസ്പെൻഡ് ചെയ്യുകയും പോലീസ് അദ്ദേഹത്തിനെതിരെ കേസെടുക്കുകയും ചെയ്തിട്ടുണ്ട്. തിരിമറി നടത്തിയ തുകയിൽ ബാക്കിയുള്ള 4.24 ലക്ഷം രൂപ തിരിച്ച് പിടിക്കാതെ അവശേഷിക്കുന്നു. ഈ പണം തിരിമറി 2007 മാർച്ച് 15-ന് സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തു.

ട്രഷറിയിൽ നിന്നും മാറിയെടുക്കുന്ന തുകകൾ കണക്കിൽ വരവുവയ്ക്കാത്തതും ക്യാഷ് ബുക്ക് ദിവസേന ക്ലോസ് ചെയ്യുന്നതിലുള്ള വീഴ്ചയും 2004-05 വർഷത്തെ ലോക്കൽ ഓഡിറ്റ് റിപ്പോർട്ടിലൂടെ സെക്രട്ടറിയുടെയും അക്കൗണ്ട്സ് ഓഫീസറുടെയും ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു (2006 ഏപ്രിൽ). എന്നിട്ടുപോലും തെറ്റുകൾ തിരുത്തുന്നതിൽ അവർ പരാജയപ്പെട്ടത് പണം തിരിമറി നടത്തുന്നത് എളുപ്പമാക്കി. ട്രഷറി ബിൽ ബുക്കിലെയും ക്യാഷ് ബുക്കിലേയും തുകകൾ ഒത്തുനോക്കുകയോ കാലാകാലങ്ങളിൽ പണം എണ്ണിതിട്ടപ്പെടുത്തുകയോ ചെയ്തിരുന്നെങ്കിൽ ഈ പണാപഹരണം ഒഴിവാക്കാമായിരുന്നു. പണമിടപാടുകൾ അതാതു സമയം ഓഡിറ്റു ചെയ്യുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ഒരു കൺകറന്റ് ഓഡിറ്റ് വിഭാഗം നഗരസഭയിൽ നിലവിലുണ്ടായിട്ടും ഈ തിരിമറി നടന്നു. ഇക്കാര്യം 2007 മാർച്ചിൽ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തു.

(സി. ആന്റ് എ.ജി.യുടെ 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. യുവജനങ്ങൾക്കുള്ള തൊഴിൽരഹിത വേതനം വിതരണം ചെയ്യുന്നതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിജിലൻസ് കേസിന്റെ ഇപ്പോഴത്തെ സ്ഥിതി സമിതി ആരാഞ്ഞതിന്, ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രണ്ട് പേരുകളാണ് പരാമർശിച്ചിട്ടുള്ളതെങ്കിലും യഥാർത്ഥത്തിൽ പണാപഹരണം നടത്തിയതാരാണെന്ന് വ്യക്തമായിട്ടില്ലെന്നും 4.24 ലക്ഷം രൂപയുടെ ബാധ്യത തുല്യമായി നിശ്ചയിക്കണമെന്ന് ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിട്ടില്ലെന്നും തിരുവനന്തപുരം

കോർപ്പറേഷനാണ് അപ്രകാരം തീരുമാനിച്ചിട്ടുള്ളതെന്നും ശരിയായ അന്വേഷണം നടത്തി ഉത്തരവാദിയാരാണെന്ന് കണ്ടെത്തിയതിനുശേഷമാണ് റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിക്ക് മറുപടി നൽകി. പ്രസ്തുത കേസിൽ നടക്കുന്ന വിജിലൻസ് അന്വേഷണത്തിന്റെ തീരുമാനം കൂടി വന്നതിനുശേഷം മാത്രമേ ബാധ്യത നിശ്ചയിക്കാൻ സാധിക്കുകയുള്ളുവെന്ന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

2. പണാപഹരണം നടത്തിയതുമായി ബന്ധപ്പെട്ട് സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യപ്പെട്ട സെക്ഷൻ ക്ലാർക്കിനെ തിരിച്ചെടുക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചത് എന്തടിസ്ഥാനത്തിലാണെന്ന് സമിതി ആരാഞ്ഞതിന് സസ്പെന്റ് ചെയ്യപ്പെട്ടയാളെ തിരിച്ചെടുക്കണമെന്ന നിയമോപദേശം കിട്ടിയതിന്റെ അടിസ്ഥാനത്തിലാണ് അപ്രകാരം ചെയ്തതെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയും ടിയാൻ ദീർഘകാലമായി സസ്പെൻഷനിലായിരുന്നതുകൊണ്ടാണ് തിരിച്ചെടുക്കാൻ നിർദ്ദേശം നൽകിയതെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും സമിതിയെ അറിയിച്ചു. പ്രസ്തുത സെക്ഷൻ ക്ലാർക്കിനെ മാത്രമേ ഹിയറിംഗ് നടത്തിയിട്ടുള്ളുവെന്നും കേസുമായി ബന്ധപ്പെട്ട, റിട്ടയർ ചെയ്ത ആളിന്റെ പെൻഷൻ ആനുകൂല്യങ്ങൾ ഇതുവരെ വിതരണം ചെയ്തിട്ടില്ലെന്നും ഹിയറിംഗ് പൂർത്തിയായതിനുശേഷം ബാധ്യത നിശ്ചയിച്ച് റിട്ടയർ ചെയ്തയാളിന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും തിരുവനന്തപുരം കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ വെളിപ്പെടുത്തി.

3. തുക ട്രഷറിയിൽ നിന്ന് കൈപ്പറ്റിയ ആൾ സ്ഥലംമാറ്റംവഴി കൊച്ചി കോർപ്പറേഷനിലേക്ക് പോയതിനുശേഷം ഓഡിറ്റ് പരിശോധനയിലാണ് പണാപഹരണത്തെക്കുറിച്ച് കോർപ്പറേഷനിലെ ഉദ്യോഗസ്ഥർ അറിഞ്ഞതെന്നും, കോർപ്പറേഷനിലെ സൂപ്രണ്ട്, അക്കൗണ്ട്സ് ഓഫീസർ തുടങ്ങിയ തസ്തികകളിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലുണ്ടായ പോരായ്മയാണ് അത്തരത്തിലുള്ള വീഴ്ച ഉണ്ടാവാൻ കാരണമെന്നും പ്രസ്തുത ഉദ്യോഗസ്ഥരെ കൂടി കണ്ടെത്തി അവർക്കെതിരേയും നടപടി വേണമെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

4. കോർപ്പറേഷനിൽ ഇപ്പോൾ രജിസ്റ്ററുകളെല്ലാം കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്നും ബാക്കിവരുന്ന തുക കൃത്യമായി അടയ്ക്കുന്നുണ്ടെന്നും അഡീഷണൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

5. ട്രഷറിയിൽ നിന്നും മാറിയെടുക്കുന്ന തുകകൾ ക്യാഷ് ബുക്കിൽ ദിവസേന വരവ് വയ്ക്കാത്തതും ട്രഷറി ബിൽ ബുക്കിലേയും ക്യാഷ് ബുക്കിലേയും തുകകൾ ഒത്തുനോക്കുകയോ കാലാകാലങ്ങളിൽ പണം എണ്ണിത്തിട്ടപ്പെടുത്തുകയോ ചെയ്യാത്തതും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയാണെന്ന് സമിതി വിലയിരുത്തി.

6. തൊഴിൽരഹിത വേതനം വിതരണം ചെയ്യുന്നതിനുള്ള തുക നിർദ്ദേശിച്ചിട്ടുള്ള മാസം 5-ാം തീയതി പിൻവലിക്കുകയും 6, 7, 8, 9 തീയതികളിൽ മാത്രം വിതരണം നടത്തി ബാക്കി തുക 10-ാം തീയതിതന്നെ സർക്കാർ ട്രഷറിയിൽ തിരിച്ചടയ്ക്കുകയും ചെയ്യുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിൽ അതീവ ജാഗ്രത പാലിക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിച്ചു.

7. ഡബിൾ എൻട്രി അക്കൗണ്ടിംഗ് രീതി ഏർപ്പെടുത്തിയതു മുതൽ അക്കൗണ്ടിംഗ് സംവിധാനത്തിൽ സുതാര്യത കൈവന്നിട്ടുണ്ടെങ്കിലും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ഇരട്ട ഉടമസ്ഥത ഒരു പ്രശ്നമാണെന്ന് സമിതി വിലയിരുത്തി.

**നിഗമനങ്ങൾ/ശുപാർശകൾ**

8. **തൊഴിൽരഹിത വേതനം വിതരണം ചെയ്യുന്നതിനുള്ള തുക നിർദ്ദേശിച്ചിട്ടുള്ള മാസം 5-ാം തീയതി പിൻവലിക്കുകയും 6, 7, 8, 9 തീയതികളിൽ മാത്രം വിതരണം നടത്തി ബാക്കി തുക 10-ാം തീയതി തന്നെ സർക്കാർ ട്രഷറിയിൽ തിരിച്ചടയ്ക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷൻ ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടി മറ്റ് കോർപ്പറേഷനുകൾക്കുകൂടി മാതൃകയാക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ അത്തരത്തിലുള്ള ഒരു നിർദ്ദേശം പുറപ്പെടുവിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

9. **വിതരണം ചെയ്യാതെ ബാക്കിയായ തൊഴിൽരഹിത വേതനയിനത്തിലുള്ള തുക അപഹരിച്ചതുസംബന്ധിച്ചുള്ള വിജിലൻസ് കേസിന്റെ അന്വേഷണ പുരോഗതി സംബന്ധിച്ചുള്ള വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

10. **വിതരണം ചെയ്യാതെ ബാക്കിയായ തൊഴിൽരഹിത വേതനയിനത്തിലുള്ള തുക അപഹരിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ ഇക്കാര്യത്തിലുള്ള ബാധ്യത നിശ്ചയിക്കണമെന്നും, സർവ്വീസിലുള്ള ജീവനക്കാരന്റെ ശമ്പളത്തിൽ നിന്ന് ആയത് ആനുപാതികമായി ഈടാക്കുന്നതിനും റിട്ടയർ ചെയ്തിട്ടുള്ള ഉദ്യോഗസ്ഥന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്ന് ടി ബാധ്യത ഈടാക്കുന്നതിനും അതിനുകഴിയാത്തപക്ഷം റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

11. **വിതരണം ചെയ്യാതെ ബാക്കിയായ തൊഴിൽരഹിത വേതനയിനത്തിലുള്ള തുക യഥാസമയം ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലും, ആയത് അപഹരിക്കപ്പെട്ടത് യഥാസമയം കണ്ടെത്തുന്നതിലും വീഴ്ച വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് കണ്ടെത്തി അവർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

4.2 **ഉത്തരവാദപ്പെട്ട അധികാരികളുടെ അംഗീകാരമില്ലാതെ എഴുതിത്തള്ളിയ പിഴപ്പലിശ**

ചട്ടങ്ങൾക്കുവിരുദ്ധമായും അംഗീകാരമില്ലാതെയും പിഴപ്പലിശയിനത്തിൽ 4.38 കോടി രൂപ തൃശൂർ നഗരസഭ എഴുതിത്തള്ളി

മുൻ കൊച്ചി സർക്കാർ 1937-ൽ വടക്കുംനാഥൻ ക്ഷേത്രത്തിന്റെ 16 കിലോമീറ്റർ ചുറ്റിലുള്ള മുനിസിപ്പൽ പ്രദേശത്ത് വൈദ്യുതി വിതരണം നടത്തുന്നതിന് തൃശൂർ മുനിസിപ്പാലിറ്റിക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളതാണ്. മുനിസിപ്പാലിറ്റി പിന്നീട് കോർപ്പറേഷനാവുകയും (2000 ഒക്ടോബർ) കേരള സംസ്ഥാന വിദ്യുച്ഛക്തി

ബോർഡിൽ നിന്ന് ഗ്രിഡ് നിരക്കിൽ വൈദ്യുതി വാങ്ങാനും, ലൈസൻസ് നൽകപ്പെട്ട സ്ഥലത്തെ ഉപഭോക്താക്കൾക്ക് ഇലക്ട്രിസിറ്റി ബോർഡിന്റെ ഉപഭോക്താക്കൾക്ക് ബാധകമായിട്ടുള്ള നിരക്കിൽ അത് വിതരണം നടത്താനും കഴിയുമാറ് ലൈസൻസ് തുടർന്നും നിലനിർത്തുകയും ചെയ്തു. വൈദ്യുതി ചാർജ് അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയ ഉപഭോക്താക്കൾ പ്രതിമാസം രണ്ടു ശതമാനം നിരക്കിൽ പിഴപ്പലിശ ഒടുക്കുവാൻ ബാദ്ധ്യസ്ഥരായിരുന്നു.

2001 മാർച്ച് വരെയുള്ള കുടിശ്ശികയായ 15.81 കോടി രൂപയുടെ പിഴപ്പലിശ, നഗരസഭ ഡിമാന്റ് ചെയ്തതനുസരിച്ച് 4.38 കോടി രൂപയും അതിന്റെ സ്ഥാനത്ത് 2002 ഡിസംബർ വരെ പിരിച്ചെടുത്ത തുക 0.21 കോടി രൂപയും ആയിരുന്നു. എന്നാൽ മുൻപ് പിരിച്ചെടുത്ത തുകയടക്കം 4.38 കോടി രൂപയുടെ മുഴുവൻ പിഴപ്പലിശയും എഴുതിത്തള്ളുവാൻ നഗരസഭ തീരുമാനിച്ചു (2002 ഡിസംബർ). മുമ്പ് കുടിശ്ശികക്കാരിൽ നിന്നും പിരിച്ചെടുത്ത പിഴപ്പലിശ തുക 2003 മാർച്ചിനുശേഷം അവർ ഒടുക്കേണ്ടിയിരുന്ന വൈദ്യുതി ചാർജ്ജിൽ തട്ടിക്കിഴിക്കുകയാണ് നഗരസഭ ചെയ്തത്. 5,000 രൂപയിൽ കൂടുതലുള്ള തുകകളൊന്നും തന്നെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടേയും സർക്കാരിന്റെയും അനുമതിയില്ലാതെ എഴുതിത്തള്ളാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്ന 1999-ലെ കേരള മുനിസിപ്പാലിറ്റി (പിരിച്ചെടുക്കാൻ സാധിക്കാത്ത തുകകളുടെ എഴുതിത്തള്ളൽ) ചട്ടങ്ങളിലെ ചട്ടം 3 (5)-ന്റെ ലംഘന മായിരുന്നു ഇത്. കൂടാതെ, ഒരുതരത്തിലും പിരിച്ചെടുക്കാൻ സാധിക്കുകയില്ല എന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ബോദ്ധ്യമായാൽ മാത്രമെ തുകകൾ എഴുതിത്തള്ളാവൂ എന്ന് മേൽ ചട്ടങ്ങൾ വ്യവസ്ഥചെയ്യുന്നു. അതിനാൽ തുകകൾ, പ്രത്യേകിച്ച് മുമ്പ് പിരിച്ചെടുത്തത്, എഴുതിത്തള്ളാനുള്ള തീരുമാനം അനധികൃതമായി രുന്നു. നഗരസഭയുടെ വൈദ്യുതി വിഭാഗം അസിസ്റ്റന്റ് സെക്രട്ടറി ഈ നടപടി അനധികൃതമായിരുന്നുവെന്ന് അംഗീകരിച്ചിട്ടുണ്ട് (2005 ജൂലൈ). ഈ എഴുതിത്തള്ളൽ 4.38 കോടി രൂപയുടെ വരുമാനനഷ്ടം നഗരസഭയ്ക്ക് വരുത്തിവച്ചു. ഇക്കാര്യം 2006 സെപ്റ്റംബറിൽ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തതിനുള്ള മറുപടി ലഭിച്ചിട്ടില്ല (2007 മാർച്ച്).

(സി. ആന്റ് എ.ജി.യുടെ 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

12. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദീകരണം സമിതി ആരാഞ്ഞതിന് കെ.എസ്.ഇ.ബി. സ്പോട്ട് ബില്ലിംഗ് നടപ്പിലാക്കി പത്തുവർഷം കഴിഞ്ഞാണ് തൃശൂർ കോർപ്പറേഷനിൽ ആയത് നടപ്പിലാക്കിയതെന്നും പ്രസ്തുത കാലഘട്ടത്തിലെ കുടിശ്ശിക ഉപഭോക്താക്കൾ അടയ്ക്കാതിരുന്നപ്പോൾ അവർക്ക് അയച്ച ഡിമാന്റ് നോട്ടീസിൽ കേരള മുനിസിപ്പാലിറ്റീസ് ആക്ടിലെ 538-ാം വകുപ്പുപ്രകാരം കുടിശ്ശികയ്ക്ക് മേൽ 2% പിഴപ്പലിശ ഈടാക്കാമെന്ന വ്യവസ്ഥയനുസരിച്ച് അതുകൂടി ഉൾപ്പെടുത്തിയതിനെത്തുടർന്ന് ഉപഭോക്താക്കൾ കോടതിയെ സമീപിക്കുകയും ഡിമാന്റ് ചെയ്ത തുകയിൽ പിഴപ്പലിശ ഈടാക്കാൻ കെ.എസ്.ഇ.ബി.യുടെ ലൈസൻസി

മാത്രമായ കോർപ്പറേഷന് അധികാരമില്ലെന്ന വിധി സമ്പാദിച്ചെന്നും അതിനെതിരെ കോർപ്പറേഷൻ ഫയൽ ചെയ്ത അപ്പീൽ തള്ളിയെന്നും കോർപ്പറേഷൻ സമിതിയെ അറിയിച്ചു. കുടിശ്ശിക വന്നാൽ കണക്ഷൻ വിച്ഛേദിക്കുകയാണ് വേണ്ടതെന്ന് കോടതി നിർദ്ദേശിച്ചെന്നും കോർപ്പറേഷൻ സെക്രട്ടറി കൂട്ടിച്ചേർത്തു. പ്രസ്തുത ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് കോർപ്പറേഷൻ പിഴപ്പലിശ എഴുതിത്തള്ളുന്നതിന് തീരുമാനം എടുത്തതെന്നും എന്നാൽ ആയതിന് കേരള മുനിസിപ്പാലിറ്റീസ് ആക്റ്റ് പ്രകാരം, അധികാരസ്ഥാനത്തുനിന്നും അനുമതി വാങ്ങേണ്ടതാണെന്ന് അസിസ്റ്റന്റ് സെക്രട്ടറി അജണ്ടയിൽ രേഖപ്പെടുത്തിയതിനെ തുടർന്ന് സെക്രട്ടറി നിയമോപദേശം തേടി. അതിന്റെയടിസ്ഥാനത്തിൽ ടി തുക എഴുതിത്തള്ളുകയാണ് ചെയ്തതെന്നും കോർപ്പറേഷൻ സെക്രട്ടറി കൂട്ടിച്ചേർത്തു.

13. പ്രസ്തുത വിഷയത്തിൽ മുനിസിപ്പൽ ആക്ടിലെ 538-ാം വകുപ്പ് ബാധക മാകുമോയെന്നത് സംബന്ധിച്ചാണ് നിയമോപദേശം തേടിയതെന്നും പുറമേ നിന്നുള്ള ഫണ്ടിന് അനുമതി വേണ്ടെന്നാണ് നിയമോപദേശം ലഭിച്ചതെന്നും സമിതിയുടെ ഒരു ചോദ്യത്തിന് മറുപടിയായി മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

14. പിഴപ്പലിശ എഴുതിത്തള്ളുന്നത് ലോക്കൽ ഫണ്ട് ഓഡിറ്റിന്റേയും ഗവൺമെന്റിന്റേയും അനുവാദത്തോടുകൂടി മാത്രമേ ചെയ്യാവൂ എന്നും പ്രസ്തുത അനുമതി കൂടാതെ പിഴപ്പലിശ എഴുതിത്തള്ളുന്നത് നിയമവിരുദ്ധമാണെന്നും അന്നത്തെ അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചിരുന്നുവെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളതെന്നും എന്നാൽ കൗൺസിലിന് പ്രസ്തുത തുക എഴുതിത്തള്ളാനുള്ള അധികാരമുണ്ടോ യെന്നതു സംബന്ധിച്ചുള്ള നിയമോപദേശം തേടുന്നതിന് അന്നത്തെ മേയർ തീരുമാനിച്ചപ്രകാരം ലഭിച്ച നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത തുക എഴുതിത്തള്ളിയതെന്നും എസ്.പി.എ.ഒ. സമിതിയെ ബോധിപ്പിച്ചു.

15. പിഴപ്പലിശ ഈടാക്കാൻ സാധിക്കില്ലെന്ന ഹൈക്കോടതി വിധിയിൽ യഥാസമയം ഡിമാന്റ് ചെയ്യാതെ പിഴപ്പലിശ ഈടാക്കുന്നതിന് സാധിക്കില്ലെന്നാണ് പറഞ്ഞിട്ടുള്ളതെന്നും ആയതിനാൽ ഉപഭോക്താവിനെതിരെയല്ലാ മറിച്ച് യഥാസമയം ഡിമാന്റ് നോട്ടീസ് നൽകുന്നതിൽ വീഴ്ച വരുത്തിയ ജീവനക്കാർക്കെതിരെയാണ് നടപടിയെടുക്കേണ്ടതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

16. ഹൈക്കോടതി വിധിയെക്കുറിച്ചോ ഡിമാന്റ് നോട്ടീസ് നൽകാത്തതു സംബന്ധിച്ചോ കോർപ്പറേഷൻ റിപ്പോർട്ട് നൽകിയിരുന്നില്ലെന്ന് സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ സമിതിയെ ബോധിപ്പിച്ചു.

17. പിഴപ്പലിശ എഴുതിത്തള്ളിയതിന് സാധൂകരണം നൽകുന്നതിന് ഗവൺമെന്റി ലേക്ക് ആവശ്യപ്പെട്ട പ്രകാരം കത്തിടപാടുകൾ നടക്കുന്നുവെന്നും ആയതിലൊന്നും സമിതി മുമ്പാകെ വെളിപ്പെടുത്തിയ വിവരങ്ങൾ അറിയിച്ചിട്ടില്ലെന്നും ഇതുവരെയും ധനകാര്യവകുപ്പിന്റെ സാധൂകരണം ലഭിച്ചിട്ടില്ലെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

18. നിയമവകുപ്പിന്റെ അഭിപ്രായം കൂടി ആരാഞ്ഞതിനുശേഷം ഈ വിഷയത്തിൽ തീരുമാനമെടുക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

19. സ്പോട്ട് ബില്ലിംഗ് ആയതിനാൽ ഇപ്പോൾ തുക കൃത്യമായി പിരിച്ചെടുക്കാൻ സാധിക്കുന്നുണ്ടെന്ന് കോർപ്പറേഷൻ സെക്രട്ടറി സമിതിയുടെ ചോദ്യത്തിന് മറുപടി നല്കി.

20. ഡിമാന്റ് നോട്ടീസ് നൽകി നിശ്ചിത സമയത്തിനുള്ളിൽ തുക അടച്ചില്ലെങ്കിലാണ് മുനിസിപ്പൽ ആക്ട് പ്രകാരം രണ്ട് ശതമാനം പിഴപ്പലിശ ചുമത്തുന്നതെന്നും ഈ വിഷയത്തിൽ ഡിമാന്റ് നോട്ടീസിനോടൊപ്പം പിഴപ്പലിശയും ചേർത്തുകൊടുത്താൽ നിയമവിരുദ്ധമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

21. ഓഡിറ്റ് പരാമർശം സംബന്ധിച്ച് നിലവിലുള്ള ഫയൽ ലഭ്യമാകുന്നില്ലെങ്കിൽ തൃശ്ശൂർ കോർപ്പറേഷൻ മുൻ സെക്രട്ടറി വെളിപ്പെടുത്തിയ വിവരങ്ങളും കോടതി വിധിയുൾപ്പെടെയുള്ള വിവരങ്ങളും ഉൾപ്പെടുത്തി പുതിയ ഫയൽ തയ്യാറാക്കണമെന്നും പ്രസ്തുത വിവരങ്ങൾ രണ്ടാഴ്ചയ്ക്കകം ഗവൺമെന്റിനും ഓഡിറ്റിനും ലഭ്യമാക്കണമെന്നും കോർപ്പറേഷൻ അധികൃതരോട് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

22. **പിഴപ്പലിശ ഈടാക്കാൻ സാധിക്കില്ലെന്ന ഹൈക്കോടതി ഉത്തരവ് വന്നപ്പോൾ പ്രസ്തുത തുക എഴുതിത്തള്ളാൻ തീരുമാനിക്കേണ്ടിവന്നത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ അനാസ്ഥയാണെന്ന് സമിതി വിലയിരുത്തുന്നു. തൃശ്ശൂർ കോർപ്പറേഷനിലെ വൈദ്യുതി ചാർജ്ജിനത്തിലുള്ള പിഴപ്പലിശ എഴുതിത്തള്ളിയതുമായി ബന്ധപ്പെട്ട ഫയൽ സ്വകാര്യവ്യക്തി മുഖേന തദ്ദേശസ്വയംഭരണ വകുപ്പിൽ എത്തിച്ചേർന്നത് ഏതു സാഹചര്യത്തിലാണെന്നതു സംബന്ധിച്ച വിവരങ്ങളും ആയതു സംബന്ധിച്ചുള്ള വിജിലൻസ് കേസിന്റെ പുരോഗതി സംബന്ധിച്ചുള്ള വിവരങ്ങളും ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

23. **വൈദ്യുതി ചാർജ്ജിനത്തിലുള്ള കുടിശ്ശിക സംബന്ധിച്ചുള്ള ഡിമാന്റ് നോട്ടീസ് യഥാസമയം നൽകുന്നതിൽ വീഴ്ചവരുത്തിയ ജീവനക്കാർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്നതു സംബന്ധിച്ചും അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നതു സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

24. **വൈദ്യുതി ചാർജ്ജിനത്തിലുള്ള പിഴപ്പലിശ എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട് ശരിയായ നിയമോപദേശം ആരായുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

25. **വൈദ്യുതി ചാർജ്ജിനത്തിലുള്ള പിഴപ്പലിശ എഴുതിത്തള്ളിയതിന് സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമാക്കുന്നതിനായി കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**4.3 കാലാവധി പൂർത്തിയായ ഇന്ദിരാവികാസ് പത്രങ്ങൾ പണമാക്കി വീണ്ടും നിക്ഷേപിക്കാത്തതുമൂലമുള്ള നഷ്ടം**

63.65 ലക്ഷം രൂപ മുഖവിലയുള്ള ഇന്ദിരാവികാസ് പത്രങ്ങൾ കാലാവധി പൂർത്തിയായ തീയതിയിൽ പണമാക്കി മാറ്റാത്തതുകൊണ്ടും അത് പുനർനിക്ഷേപം നടത്താത്തതുകൊണ്ടും തിരുവനന്തപുരം നഗരസഭയ്ക്ക് 63.65 ലക്ഷം രൂപയുടെ നഷ്ടമുണ്ടായി.

നെഹ്റു തൊഴിൽ പദ്ധതിയിൻകീഴിൽ വീടുനിർമ്മിക്കുന്നതിനും നിലവിലുള്ള വീടിന്റെ പുനരുദ്ധാരണത്തിനുമുള്ള പദ്ധതി തിരുവനന്തപുരം നഗരസഭ 1990-94 കാലയളവിൽ നടപ്പിലാക്കി. തെരഞ്ഞെടുക്കപ്പെട്ട ഓരോ ഗുണഭോക്താവും നിലവിലുള്ള വീടിന്റെ പുനരുദ്ധാരണത്തിനുവേണ്ടി 4,000 രൂപയുടെ സഹായത്തിന് അർഹനായിരുന്നു. ഈ ധനസഹായത്തിൽ 3,000 രൂപ കേരള നഗരവികസന സാമ്പത്തിക കോർപ്പറേഷൻ നൽകിയ വായ്പയും ബാക്കി തുകയായ 1,000 രൂപ കേന്ദ്ര സംസ്ഥാന സബ്സിഡിയും ആയിരുന്നു. ഗുണഭോക്താക്കൾ വായ്പ തിരിച്ചടയ്ക്കാൻ വീഴ്ചവരുത്തുന്നപക്ഷം അതിന്റെ പരിരക്ഷയ്ക്കായി സബ്സിഡി തുകയായ 1,000 രൂപ നീക്കിവച്ചുകൊണ്ട് ലോൺ തുകയായ 3000 രൂപ മാത്രമേ ഗുണഭോക്താക്കൾക്ക് നൽകിയിരുന്നുള്ളൂ. പത്തുവർഷത്തിനുള്ളിൽ നഗരസഭവഴി ഗുണഭോക്താക്കൾ വായ്പ തിരിച്ചടയ്ക്കണമായിരുന്നു. അല്ലാത്ത പക്ഷം അതിനുള്ള ബാദ്ധ്യത നഗരസഭയ്ക്കായിരുന്നു. നീക്കിവച്ച തുകയായ 1,000 രൂപ നഗരസഭ ഇന്ദിരാവികാസ് പത്രങ്ങളിൽ നിക്ഷേപിക്കുകയും ഒരു ഉറപ്പെന്ന നിലയിൽ അത് ഭദ്രമായി സൂക്ഷിക്കുകയും ചെയ്തു. അഞ്ച് അല്ലെങ്കിൽ അഞ്ചര വർഷം കഴിയുമ്പോൾ കാലാവധി പൂർത്തിയാകുന്ന ഇന്ദിരാവികാസ് പത്രങ്ങൾ പണമാക്കി വീണ്ടും അതിൽ തന്നെ നിക്ഷേപിച്ചിരുന്നെങ്കിൽ പത്ത് അല്ലെങ്കിൽ പതിനൊന്ന് വർഷം കഴിയുമ്പോൾ നിക്ഷേപിച്ച തുക നാലിരട്ടിയാകുമായിരുന്നു. കാലാവധി കഴിഞ്ഞാൽ പിന്നീട് പലിശ ലഭിക്കുന്നതല്ല. ഇങ്ങനെ നാലിരട്ടിയായ 4,000 രൂപ പത്ത് അല്ലെങ്കിൽ പതിനൊന്ന് വർഷങ്ങൾക്കുശേഷം ലഭിക്കുന്നത്, ഗുണഭോക്താക്കൾ വീഴ്ചവരുത്തിയ വായ്പ തിരിച്ചടവു തുകകളുണ്ടെങ്കിൽ ആ ബാദ്ധ്യത തീർക്കാനാണ് ഉപയോഗിക്കേണ്ടിയിരുന്നത്. എന്നാൽ വായ്പ തുക കൃത്യമായി തിരിച്ചടച്ച ഗുണഭോക്താക്കൾക്ക് 4,000 രൂപ നഗരസഭ നൽകേണ്ടതുണ്ടായിരുന്നു.

1990-94 കാലയളവിൽ ഈ പദ്ധതിയിൻകീഴിൽ 8565 ഗുണഭോക്താക്കൾ 3,000 രൂപ ക്രമത്തിൽ ധനസഹായം സ്വീകരിക്കുകയുണ്ടായി. നഗരസഭ ഗുണഭോക്താവ് ഒന്നിന് 1,000 രൂപ വീതം ഇന്ദിരാവികാസ് പത്രങ്ങളിൽ നിക്ഷേപിച്ചു. ഇവ കാലാവധി പൂർത്തിയാവുന്ന തീയതികളിൽതന്നെ പണമാക്കി മാറ്റി പുനർനിക്ഷേപം നടത്തണമായിരുന്നു. എന്നാൽ 31.83 ലക്ഷം രൂപയ്ക്ക് വാങ്ങിയ 63.65 ലക്ഷം രൂപ മുഖവിലയുള്ള 6469 ഇന്ദിരാവികാസ് പത്രങ്ങൾ കാലാവധി പൂർത്തിയായ ഉടനെ പണമാക്കി മാറ്റാനും പുനർനിക്ഷേപം നടത്താനും നഗരസഭ പരാജയപ്പെട്ടു. 1990-94-ൽ വാങ്ങിയ പത്രങ്ങൾ 1995-2000-ൽ പണമാക്കി വീണ്ടും നിക്ഷേപിച്ചിരുന്നെങ്കിൽ 2001-05-ൽ 127.30 ലക്ഷം രൂപ ലഭിക്കുമായിരുന്നു. പക്ഷെ നഗരസഭ ഇന്ദിരാവികാസ് പത്രങ്ങൾ പണമാക്കി മാറ്റിയത് അവ വാങ്ങിയിട്ട് 11 മുതൽ 15 വരെ വർഷങ്ങൾക്കുശേഷം

2005 ഫെബ്രുവരിയിലും മാർച്ചിലും ആയിരുന്നു. അങ്ങനെ 127.30 ലക്ഷം രൂപയ്ക്കുപകരം 63.65 ലക്ഷം രൂപ മാത്രമാണ് നഗരസഭയ്ക്ക് ലഭിച്ചത്. ഇന്ദിരാവികാസ് പത്രങ്ങൾ നിശ്ചിത സമയത്ത് പണമാക്കിമാറ്റാത്തതുകൊണ്ട് 63.65 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചു. നഗരസഭയുടെ പക്കലുണ്ടായിരുന്ന ഇന്ദിരാവികാസ് പത്രങ്ങളുടെ കാലാവധി തീയതികൾ സൂക്ഷ്മമായി തുടർ നിരീക്ഷണം നടത്തിയിരുന്നെങ്കിൽ ഈ വീഴ്ച ഒഴിവാക്കാനാകുമായിരുന്നു.

ഇന്ദിരാവികാസ് പത്രങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് പണം തിരിമറി (2.25 ലക്ഷം രൂപ) നടത്തിയതിന് സർവ്വീസിൽ നിന്നും വിരമിച്ച ഒരു ഉദ്യോഗസ്ഥനെതിരെ 1992-ൽ രജിസ്റ്റർ ചെയ്ത ഒരു വിജിലൻസ് കേസ് തീർപ്പാകാതെ നിലവിലുണ്ടായിരുന്നതുകൊണ്ടാണ് ഇന്ദിരാവികാസ് പത്രങ്ങൾ യഥാസമയം പണമാക്കി മാറ്റാൻ കഴിയാതെ പോയതെന്ന് നഗരസഭ മറുപടിയിൽ വ്യക്തമാക്കി (2006 നവംബർ). ഈ റിപ്പോർട്ടിലെ ഖണ്ഡിക 4.4-ൽ പരാമർശിച്ചിരിക്കുന്ന ഈ പണം തിരിമറിയെ സംബന്ധിച്ച വിജിലൻസ് കേസ് നിലനിൽക്കുമ്പോൾ തന്നെയാണ് 2005-ൽ നഗരസഭയ്ക്ക് ഇന്ദിരാവികാസ് പത്രങ്ങൾ പണമാക്കിമാറ്റുന്നതിന് കഴിഞ്ഞത് എന്നതിനാൽ അതൊരു തടസ്സമേ അല്ലായിരുന്നു.

ഇക്കാര്യം 2006 ഡിസംബറിൽ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ട് മറുപടി ലഭിച്ചിട്ടില്ല (2007 മാർച്ച്).

(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

26. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദാംശം സമിതി ആരാഞ്ഞതിന് യു.പി.എ. സെല്ലിന്റെ ചുമതലയുണ്ടായിരുന്ന ഡോ. പീരുമുഹമ്മദ്, ഡോ. എം. എൻ. ജയകുമാർ, ശ്രീ. ടി. അമൃതസിംഗ് എന്നിവർ ഇന്ദിരാവികാസ് പത്രങ്ങൾ യഥാസമയം പുതുക്കാതെ കൈവശം വച്ചതുമൂലം രണ്ട് ടേമിലെ പലിശത്തുക നഷ്ടമായെന്നും ഇന്ദിരാവികാസ് പത്രങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട പണം തിരിമറി സംബന്ധിച്ച വിജിലൻസ് അന്വേഷണത്തിന്റെ ഭാഗമായി ഫയലുകളും രസീതുബുക്കുകളുമെല്ലാം വിജിലൻസിന്റെ പക്കലായിരുന്നതിനാൽ ഇന്ദിരാവികാസ് പത്രങ്ങൾ യഥാസമയം പുതുക്കാൻ സാധിച്ചില്ലെന്നും പിന്നീട് വിജിലൻസിന്റെ അഭിപ്രായമാരാഞ്ഞതിനുശേഷം അവ പുതുക്കിയെന്നും ടി ചുമതലയുണ്ടായിരുന്ന മൂന്ന് ഓഫീസർമാരും സർവ്വീസിൽ നിന്നും വിരമിച്ചുവെന്നും തിരുവനന്തപുരം നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

27. ഇന്ദിരാവികാസ് പത്രങ്ങൾ പുതുക്കാതിരുന്നത് ഉദ്യോഗസ്ഥരുടെ അലംഭാവം കൊണ്ടാണെന്ന് തെളിയിക്കപ്പെട്ടാൽ കോർപ്പറേഷന് നഷ്ടമായ തുക, ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണെന്നും മേലുദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും മോണിറ്ററിംഗിൽ വന്ന വീഴ്ചയാണിതെന്നും ആനുവൽ ഫിസിക്കൽ വെരിഫിക്കേഷൻ ഓഫ് അസറ്റ്സ് കൃത്യമായി നടത്തേണ്ടതാണെന്നും സമിതി മുമ്പാകെ ബോധിപ്പിച്ചു.

28. ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ സർവ്വീസ് തൃപ്തികരമല്ലായിരുന്നു എന്ന കാരണത്താൽ കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് 3 പ്രകാരം ടി ആളുകളിൽ നിന്നും തുക ഈടാക്കാവുന്നതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

29. കോർപ്പറേഷനിലെ പണമിടപാട് സംബന്ധമായ രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കപ്പെടുന്നുണ്ടെന്നുറപ്പുവരുത്തുകയാണെങ്കിൽ ഇത്തരത്തിലുള്ള വീഴ്ചകളും ക്രമക്കേടുകളും ഒഴിവാക്കാൻ കഴിയുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. കോർപ്പറേഷനിലെ മുഴുവൻ അസറ്റുകളുടെയും രജിസ്റ്ററുകൾ ഇപ്പോൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. ഡബിൾ എൻട്രി അക്കൗണ്ട് സംവിധാനം നടപ്പിലാക്കിയതിനുശേഷം ഇത്തരത്തിലുള്ള വീഴ്ചകൾ ഉണ്ടാകാൻ സാദ്ധ്യത കുറവാണെന്നും എന്നാൽ ഫലപ്രദമായ മോണിറ്ററിംഗ് ആവശ്യമാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

30. **നഗരസഭയുടെ കൈവശമുണ്ടായിരുന്ന ഇന്ദിരാവികാസ് പത്രങ്ങളുടെ കാലാവധി തീയതികൾ സൂക്ഷ്മമായി തുടർനിരീക്ഷണം നടത്താതെ നഗരസഭയ്ക്ക് 63.65 ലക്ഷം രൂപയുടെ നഷ്ടം വരുത്തിയതിനുത്തരവാദികളായ ജീവനക്കാരിൽ നിന്ന് വിശദീകരണം വാങ്ങി ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ആയതിന്റെ വിശദാംശം ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

31. **നഗരസഭയിൽ ആസ്തി രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കപ്പെടുന്നുണ്ടെന്നുറപ്പുവരുത്തുന്നതിനായി നിലവിലുള്ള മോണിറ്ററിംഗ് സംവിധാനം ഊർജ്ജിതപ്പെടുത്തണമെന്നും ആസ്തികളുടെ വാർഷിക ഭൗതിക പരിശോധന കർശനമായി നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

32. **നഗരസഭയുടെ കൈവശമുണ്ടായിരുന്ന ഇന്ദിരാവികാസ് പത്രങ്ങൾ യഥാസമയം പണമാക്കി പുനർനിക്ഷേപം നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ചുമതലയുണ്ടായിരുന്ന മേലുദ്യോഗസ്ഥരുടെ വീഴ്ച അന്വേഷണവിധേയമാക്കണമെന്നും അവരിൽ നിന്നും വിശദീകരണം വാങ്ങി ആവശ്യമായ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**4.5 ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾക്കുള്ള തുക ഉപയോഗിക്കാതിരിക്കുന്നത്**

കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പാക്കുന്നതിന് തിരുവനന്തപുരം നഗരസഭയ്ക്ക് ലഭിച്ച 1.39 കോടി രൂപ ഉപയോഗിക്കാതെ ട്രഷറി ഡെപ്പോസിറ്റിൽ ആറുവർഷത്തിലധികം സൂക്ഷിച്ചു.

കേന്ദ്രാവിഷ്കൃത പദ്ധതികളായ സ്വർണ്ണജയന്തി ഷഹരി റോസ്ഗാർ യോജനയും ദേശീയ ചേരി നിർമ്മാർജ്ജന പദ്ധതിയും നടപ്പാക്കുന്നതിനാവശ്യമായ തുക നഗരവികസന ഡയറക്ടർ മുഖേന സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന സമിതി 1999-ലും 2000-ലും തിരുവനന്തപുരം നഗരസഭയ്ക്ക് നൽകി. കേന്ദ്രമാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ഈ

തുകകൾ ഒരു ദേശസാൽകൃത ബാങ്കിൽ ആരംഭിച്ച അക്കൗണ്ടിൽ നിക്ഷേപിക്കണമായിരുന്നെങ്കിലും നഗരസഭ അത് തിരുവനന്തപുരം ജില്ലാട്രഷറിയിലുള്ള ട്രഷറി പബ്ലിക്ക് അക്കൗണ്ടിൽ (ടിപി അക്കൗണ്ട്)* ആണ് താഴെ വിവരിക്കും പ്രകാരം നിക്ഷേപിച്ചത്:

(രൂപ ലക്ഷത്തിൽ)

| *ക്രമ നമ്പർ* | *നിക്ഷേപിച്ച തീയതി* | *ദേശീയ ചേരി നിർമ്മാർജ്ജന പദ്ധതി* | *സ്വർണ്ണജയന്തി ഷഹരി റോസ്ഗാർ യോജന* | *ആകെ* |
|---|---|---|---|---|
| 1 | 22-3-2000 | 55.70 | .. | 55.70 |
| 2 | 4-7-2000 | .. | 22.15 | 22.15 |
| 3 | 31-3-2001 | 48.71 | .. | 48.71 |
| | ആകെ | 104.41 | 22.15 | 126.56 |

2002 മാർച്ചുവരെ അനുവദിച്ച പലിശയായ 0.12 കോടി രൂപയുൾപ്പെടെ 2004 മാർച്ചിൽ ടി.പി. അക്കൗണ്ടിൽ 1.39 കോടി രൂപ ബാക്കി നില്പുണ്ടായിരുന്നു. കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ഈ പദ്ധതികൾ കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി (സി.ഡി.എസ്.) മുഖേനയാണ് നടപ്പിലാക്കേണ്ടത് എന്നതിനാൽ ടി.പി. അക്കൗണ്ടിൽ ഉണ്ടായിരുന്ന 1.39 കോടി രൂപ നഗരസഭ ഒരു ചെക്കു മുഖേന 2004 മാർച്ച് 22-ന് സി.ഡി.എസി.-ന് കൈമാറി. സി.ഡി.എസ്. ആ ചെക്ക് പണമാക്കി മാറ്റുന്നതിന് ജില്ലാ ട്രഷറിയിൽ സമർപ്പിച്ചപ്പോൾ, സംസ്ഥാന ധനവകുപ്പിന്റെ പ്രത്യേകാനുമതിയില്ലാതെ ചെക്ക് മാറി തുക നൽകാൻ സാദ്ധ്യമല്ലെന്ന് ട്രഷറി ഓഫീസർ അറിയിച്ചു. ടി.പി. അക്കൗണ്ട് ഒരു ബാങ്ക് അക്കൗണ്ടിന് തുല്യമായതിനാൽ വേണ്ടത്ര തുക അക്കൗണ്ടിൽ ബാക്കി നില്പില്ലെങ്കിൽ മാത്രമേ സാധുവായ ഒരു ചെക്ക് നിരാകരിക്കാൻ ട്രഷറിക്ക് അധികാരമുള്ളു. ചെക്ക് പാസ്സാക്കുന്നതിനാവശ്യമായ തുക അക്കൗണ്ടിൽ ബാക്കി നിൽപ്പുണ്ടായിരുന്നതുകൊണ്ട് ചെക്ക് നിരാകരിച്ച ട്രഷറിയുടെ നടപടി നിലനിൽക്കത്തക്കതല്ല. ഇക്കാര്യം പലതവണ, ഏറ്റവും ഒടുവിലായി 2006 ഒക്ടോബറിൽ, ധനവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും 2007 മാർച്ച് വരെ അനുമതിയൊന്നും ലഭിച്ചിട്ടില്ല. അനധികൃതമായി തുക തടഞ്ഞുവച്ചിരിക്കുന്നതും ധനവകുപ്പ് ഇക്കാര്യത്തിൽ പ്രതികരിക്കാത്തതും കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിൽ നിന്നു ലഭിച്ച തുക ഏഴുവർഷം കഴിഞ്ഞിട്ടും ഉപയോഗിക്കാനാവാത്ത അവസ്ഥയിലേക്ക് കൊണ്ടുചെന്നെത്തിച്ചു. മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുകകൾ ട്രഷറിയിൽ നിക്ഷേപിച്ചതാണ് ഈ പദ്ധതികൾ നടപ്പിലാകാതിരിക്കുന്നതിനുള്ള മൂലകാരണം. ഇക്കാര്യം 2006 ഓഗസ്റ്റിൽ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറുപടി പ്രതീക്ഷിക്കുന്നു (2007 മാർച്ച്).

(കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.5)

* ബാങ്കിലെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിനു സമാനമായി ട്രഷറിയിലുള്ള ഡെപ്പോസിറ്റ് അക്കൗണ്ട്

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

33. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികൾക്കുള്ള തുക ദേശസാൽകൃത ബാങ്കുകളിലായിരുന്നു നിക്ഷേപിക്കേണ്ടിയിരുന്നതെന്നും എന്നാൽ സംസ്ഥാന സർക്കാരിന്റെ അന്നത്തെ സാമ്പത്തികസ്ഥിതി മോശമായിരുന്നതുകൊണ്ട് സർക്കാരിന്റെ ഉത്തരവ് പ്രകാരം ട്രഷറി പബ്ലിക് അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തതെന്നുമുള്ള തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ വിശദീകരണം സമിതി അംഗീകരിച്ചു.

34. ട്രഷറിയിൽ നിക്ഷേപിക്കപ്പെട്ട പ്രസ്തുത തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാതെ ചെക്ക് നിരസിച്ചുവെന്ന ഓഡിറ്റ് പരാമർശത്തിന്റെ വിശദീകരണം സമിതി ആരാഞ്ഞതിന് അക്കാലത്ത് ട്രഷറി നിയന്ത്രണം ഉണ്ടായിരുന്നെന്നും ഇക്കാര്യത്തിൽ ധനകാര്യവകുപ്പുമായി കത്തിടപാടുകൾ നടക്കുന്നുണ്ടെന്നും തുക തിരിച്ചുനൽകാൻ ധാരണയായിട്ടുണ്ടെന്നും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

35. ഇതു സംബന്ധിച്ച് ഗവൺമെന്റിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് വകുപ്പിൽനിന്നും പദ്ധതിക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഭൂമി വാങ്ങൽ, നിർമ്മാണ പ്രവർത്തനം എന്നിങ്ങനെ രണ്ട് പ്രോഗ്രാമായി ചെയ്യുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്നും ധനകാര്യവകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

36. പദ്ധതി നടപ്പാക്കാൻ വേണ്ട ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതാണെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

37. **കേന്ദ്രാവിഷ്കൃത ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളായ സ്വർണ്ണജയന്തി ഷഹരി റോസ്ഗാർ യോജന, ദേശീയ ചേരി വികസന പദ്ധതി എന്നിവയ്ക്കുള്ള തുക അടിയന്തിരമായി ലഭ്യമാക്കി, എത്രയും വേഗം നടപ്പിലാക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**4.7 63.65 ലക്ഷം രൂപയുടെ അനധികൃതമായ ധനസഹായം**

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് വാംബേ പദ്ധതിയിൻകീഴിൽ 50 വീടുകൾ നിർമ്മിക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷൻ അർഹമായതിനേക്കാൾ 63.65 ലക്ഷം രൂപ അധികം ചെലവഴിച്ചു.

പ്രധാനമായും നഗരങ്ങളിലെ ചേരികളിൽ താമസിക്കുന്ന ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് വാസഗൃഹം നൽകുന്നതിനോ നിലവിലുള്ളവ പുനരുദ്ധരിക്കുന്നതിനോ

ഉള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് വാല്മീകി അംബേദ്ക്കർ ഭവന പദ്ധതി (വാംബേ). വാംബേയുടെ കീഴിൽ ഒരു വീട് പണിയുന്നതിനുള്ള ചെലവിന്റെ ഉയർന്ന പരിധി 40,000 രൂപ (കക്കൂസ് ഉൾപ്പെടെ) ആയിരുന്നു. കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, നഗര സ്വയംഭരണ സ്ഥാപനം എന്നിവ ഈ തുക 2:1:1 എന്ന അനുപാതത്തിൽ വഹിക്കണം. മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നഗര സ്വയംഭരണ സ്ഥാപനവുമായി കൂടിയാലോചിച്ച് അയൽക്കൂട്ടങ്ങൾ, പ്രാദേശിക വികസന സംഘങ്ങൾ (എ.ഡി.എസ്.) സമൂഹ വികസന സംഘം (സി.ഡി.എസ്.) എന്നിവ വഴിയാണ് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടിയിരുന്നത്. സ്വർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന പദ്ധതിയിൻകീഴിൽ നടത്തിയ അടിസ്ഥാനരേഖാസർവ്വെ അനുസരിച്ചാണ് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത്. വനിതാംഗത്തിന്റെ പേരിലോ അല്ലെങ്കിൽ സംയുക്തമായി ഭർത്താവിന്റെയും ഭാര്യയുടെയും പേരിലോ ആണ് വീടുകൾ അനുവദിക്കേണ്ടത് എന്നും അനുശാസിക്കപ്പെട്ടിരുന്നു.

160 ഗുണഭോക്താക്കൾക്ക് വീടൊന്നിന് 40,000 രൂപ പ്രകാരം ചെങ്കൽചൂള കോളനിയിൽ 160 വീടുകൾ നിർമ്മിച്ചുനൽകുന്നതിനായി വാംബേയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായ സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന സമിതി 2002 മേയ് മാസത്തിൽ 64 ലക്ഷം രൂപ (സംസ്ഥാനത്തിന്റെയും നഗര സ്വയംഭരണ സ്ഥാപനത്തിന്റെയും വിഹിതമുൾപ്പെടെ) തിരുവനന്തപുരം നഗര സഭയ്ക്ക് നൽകുകയുണ്ടായി. 267.68 ലക്ഷം രൂപ മതിപ്പുചെലവിൽ 160 വീടുകൾ നിർമ്മിക്കുവാൻ സർക്കാർ അനുമതി നൽകി (2003 ജൂണിലും ഓഗസ്റ്റിലും). തിരുവനന്തപുരം നഗരസഭ ഇതിന്റെ നിർമ്മാണ ജോലികൾ സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി ഫോർ റൂറൽ ഡെവലപ്പ്മെന്റ് (കോസ്റ്റ്ഫോർഡ്) എന്ന സ്ഥാപനത്തെ ഏല്പിച്ചു. ജോലി പൂർത്തിയാക്കേണ്ട നിഷ്ക്കർഷിത തീയതി 2005 ഫെബ്രുവരി ഒന്നാം തീയതി ആയിരുന്നു. കോസ്റ്റ്ഫോർഡിന് 128.59 ലക്ഷം രൂപ നൽകിയിട്ടും 2006 നവംബർ വരെ 50 വീടുകളുടെ പണി പൂർത്തിയാക്കുവാനും 40 വീടുകളുടെ പണി ഭാഗികമായി പൂർത്തിയാക്കുവാനും മാത്രമേ കഴിഞ്ഞിട്ടുള്ളൂ. 70 വീടുകളുടെ പണി ആരംഭിച്ചിട്ടേ ഇല്ലായിരുന്നു.

താഴെ പറയുന്ന ക്രമക്കേടുകൾ ഓഡിറ്റു പരിശോധനയിൽ പുറത്തുവന്നു:

- ആരോഗ്യം, പൊതുമരാമത്ത്, സാമൂഹ്യക്ഷേമം എന്നിവയുടെ സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷൻമാർ, ബന്ധപ്പെട്ട വാർഡ് കൗൺസിലർ, പ്രതിപക്ഷ നേതാവ്, സെക്രട്ടറി, പ്രോജക്റ്റ് എൻജിനീയർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന പ്രോജക്റ്റ് ഓഫീസർ എന്നിവരടങ്ങിയ ഒരു സമിതിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. 160 പേരടങ്ങിയ ഗുണഭോക്തൃലിസ്റ്റ് നഗരസഭാ കൗൺസിൽ 2005 ഓഗസ്റ്റിൽ അംഗീകരിക്കുകയുണ്ടായി. അയൽക്കൂട്ടങ്ങളും എ.ഡി.എസുകളും സി.ഡി.എസും വഴിയല്ലാത്ത ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമായിരുന്നു.

- 160 ഗുണഭോക്താക്കളിൽ 123 പേർ പുരുഷൻമാരായിരുന്നു. ഇത് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധവും ഗുണഭോക്തൃ ലിസ്റ്റിൽ അനർഹരായവർ കടന്നുകൂടി എന്ന് സൂചിപ്പിക്കുന്നതും ആണ്.

- നിർമ്മാണ പ്രവർത്തനങ്ങൾ 2005 ഫെബ്രുവരിയോടെ പൂർത്തിയാക്കേണ്ട തായിരുന്നെങ്കിലും രണ്ടു വർഷം കഴിഞ്ഞിട്ടും ഭൗതികനേട്ടം 31 ശതമാനം മാത്രമായിരുന്നു.
- 50 വീടുകളുടെ നിർമ്മാണത്തിന് 83.65 ലക്ഷം രൂപ ചെലവായതുകൊണ്ട് ഒരു വീടിന്റെ നിർമ്മാണചെലവ് 1.67 ലക്ഷം രൂപയായിരുന്നു. ഇത് നിശ്ചിത പരിധിയായ 0.40 ലക്ഷം രൂപയേക്കാൾ 1.27 ലക്ഷം രൂപ കൂടുതലായിരുന്നു. മാർഗ്ഗനിർദ്ദേശങ്ങളുടെ ഈ ലംഘനം 63.65 ലക്ഷം രൂപയുടെ അധിക ചെലവിൽ കലാശിച്ചു.

ഇക്കാര്യം സർക്കാരിലേക്ക് 2006 സെപ്റ്റംബറിൽ റിപ്പോർട്ട് ചെയ്തതിന് മറുപടി ലഭിച്ചിട്ടില്ല (2007 മാർച്ച്).

(സി. ആന്റ് എ.ജി.-യുടെ 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.7)

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

38. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദീകരണം സമിതി ആരാഞ്ഞതിന് പദ്ധതി പ്രദേശമായ ചെങ്കൽച്ചൂള പ്രദേശത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് വീടുകൾക്ക് പകരം ഫ്ളാറ്റുകൾ പണിയുന്നതിന് തിരുമാനിച്ചുവെന്നും വെള്ളക്കെട്ടുള്ള പ്രദേശമായതിനാൽ ബഹുനില യൂണിറ്റുകൾ നിർമ്മിക്കുന്നതിന് മണ്ണിന്റെ ഘടനയനുസരിച്ച് പൈൽ ഫൗണ്ടേഷൻ വേണ്ടിവന്നുവെന്നും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം നടത്തേണ്ടിവന്നതിനാൽ പി.ഡബ്ല്യൂ.ഡി. ഷെഡ്യൂൾ നിരക്കിൽ വീടൊന്നിന് 40,000 രൂപ എന്നത് 1,62,000 രൂപയായി ഉയർന്നുവെന്നും തിരുവനന്തപുരം കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. കൂടാതെ നിർമ്മാണച്ചുമതല ഏറ്റിരുന്ന സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി ഫോർ റൂറൽ ഡെവലപ്പ്മെന്റ് (കോസ്റ്റ്ഫോർഡ്) എന്ന സ്ഥാപനത്തിന് നിർമ്മാണ ഘട്ടത്തിൽ കെട്ടിട നിർമ്മാണ സാമഗ്രികളുടെ മോഷണം, പ്രാദേശികമായ എതിർപ്പുകൾ എന്നിവ നേരിടേണ്ടി വന്നതിനാൽ 90 വീടുകളുടെ പണി മാത്രമേ നിശ്ചിത സമയത്തിനകം പൂർത്തിയാക്കാൻ സാധിച്ചുള്ളൂവെന്നും ബാക്കി 70 വീടുകളുടെ പണികൂടി ചെയ്യണമെങ്കിൽ എസ്റ്റിമേറ്റ് തുകയുടെ ഇരട്ടിയാകുമെന്നതിനാൽ എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ നൽകുന്നതാണെന്നും സർക്കാർ ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിംഗ് പാറ്റേൺ തീരുമാനിച്ച് കോസ്റ്റ്ഫോർഡിനെ തന്നെ നിർമ്മാണ ചുമതല ഏല്പിക്കുന്നതിന് ശ്രമം നടത്തുന്നതാണെന്നും അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

39. വാംബേ പദ്ധതിയുടെ ഫണ്ടിൽ ഒരു കോടി രൂപ കോർപ്പറേഷനിൽ ബാക്കിയുണ്ടെന്നും തുടർ നിർമ്മാണ പ്രവർത്തനത്തിന് ഏകദേശം രണ്ടരകോടി രൂപയോളം വേണ്ടിവരുമെന്നും സമിതിയുടെ ചോദ്യത്തിനു മറുപടിയായി കോർപ്പറേഷൻ അധികൃതർ സമിതിയെ അറിയിച്ചു.

ഫ്ളാറ്റുകളുടെ നിർമ്മാണത്തിന് 1,30,000 രൂപ മാത്രമേ അനുവദിക്കാവു എന്ന പരിധി നിശ്ചയിച്ചിട്ടുള്ളതിനാൽ പ്രസ്തുത പരിധിയിൽ ഇളവ് അനുവദിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

40. പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിന് ഒരു സമയപരിധി നിശ്ചയിക്കാൻ സാധിക്കുമോയെന്ന സമിതിയുടെ ചോദ്യത്തിന് പ്രാദേശികമായ പ്രശ്നങ്ങൾ നിമിത്തം പ്രസ്തുത ജോലി ചെയ്യാൻ കോസ്റ്റ്ഫോർഡിന് താല്പര്യമില്ലെന്നാണ് അറിയിച്ചിട്ടുള്ളതെന്നും കോസ്റ്റ്ഫോർഡിന്റെ ഡിസൈൻ ആയതിനാൽ മറ്റു കരാറുകാരെ ജോലി ഏല്പിക്കാൻ സാധിക്കില്ലെന്നും കോർപ്പറേഷൻ അധികൃതർ സമിതിയെ അറിയിച്ചു.

41. ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കുന്നത് സംബന്ധിച്ച തീരുമാനമെടുക്കുന്നതിന് മേയറുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുന്നതാണെന്ന് കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

42. നിർമ്മാണച്ചുമതലയുള്ള കോസ്റ്റ്ഫോർഡിന്റെയും ഗുണഭോക്താക്കളുടെയും സംയുക്തയോഗം വിളിക്കുകയും തുടർനടപടി അടിയന്തരമായി സമിതിയെ അറിയിക്കുകയും ചെയ്യേണ്ടതാണെന്ന് സമിതി ആവശ്യപ്പെട്ടു. ആയത് സംബന്ധിച്ചുള്ള തുടർനടപടികൾ നാളിതുവരെയും സമിതിക്ക് ലഭ്യമായിട്ടില്ലെന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

43. **തിരുവനന്തപുരം കോർപ്പറേഷനിലെ 'വാംബേ' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വീടുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത പദ്ധതിയിൻകീഴിലുള്ള വീടുകളുടെ/ഫ്ളാറ്റുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

44. **പ്രസ്തുത പദ്ധതിയിൻകീഴിൽ ഇനിയും പൂർത്തിയാക്കാനുള്ള വീടുകളുടെ/ഫ്ളാറ്റുകളുടെ നിർമ്മാണത്തിനാവശ്യമായ അധികത്തുക കണ്ടെത്തി, പദ്ധതി ഗുണഭോക്താക്കളുടെ സഹകരണത്തോടുകൂടി പദ്ധതി പ്രവർത്തനം പൂർത്തിയാക്കുന്നതിനുള്ള അടിയന്തരനടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കൊച്ചി നഗരസഭയിൽ ക്രമരഹിതമായി വാഹനങ്ങൾ വാടകയ്ക്കെടുത്തത്**

അനാവശ്യമായി വാഹനങ്ങൾ വാടകയ്ക്കെടുത്തതും ടെൻഡർ നടപടിയിലെ ക്രമക്കേടും കരാറുകാരന് അനർഹമായ ആനുകൂല്യം നൽകുന്നതിനിടയാക്കി.

(i) **കരാറുകാരന് അനർഹമായ ആനുകൂല്യം**

പൂർവ്വപശ്ചിമ മേഖലയിൽ നിന്ന് ഖരമാലിന്യങ്ങൾ ലാന്റ്ഫിൽ സൈറ്റുകളിലേക്ക് നീക്കം ചെയ്യുന്നതിന് 10 മെട്രിക് ടൺ ശേഷിയുള്ള വാഹനങ്ങൾ

(ഡ്രൈവറും ഇന്ധനവും ഉൾപ്പെടെ) വാടകയ്ക്കെടുക്കുന്നതിന് കൊച്ചി നഗരസഭ 2003 മാർച്ചിൽ ദർഘാസുകൾ ക്ഷണിച്ചു. നിലവിലുള്ള കരാറിന്റെ കാലാവധി തീയതിയായ 2003 മാർച്ച് 31-നകം ടെൻഡർ നടപടികൾ പൂർത്തിയാക്കാൻ കഴിയാതിരുന്നതുകൊണ്ട് പുതിയ കരാർ നിലവിൽവരുംവരെ വാഹനമൊന്നിന് പ്രതിദിനം 1,549 രൂപയുടെ നിലവിലുള്ള നിരക്കിൽ വാഹനങ്ങൾ വാടകയ്ക്ക് നൽകുന്നത് തുടരുവാൻ നഗരസഭ നിലവിലുള്ള കരാറുകാരനെ അനുവദിച്ചു.

വാഗ്ദാനം ചെയ്യപ്പെട്ട ഏറ്റവും കുറഞ്ഞ നിരക്ക് 1,159 രൂപയായിരുന്നു. എന്നാൽ 2003 ഏപ്രിൽ 22-ന് എട്ടാമത്തെ കുറഞ്ഞ നിരക്കായി 1,590 രൂപ വാഗ്ദാനം ചെയ്ത നിലവിലെ കരാറുകാരനുൾപ്പെടെ ടെൻഡറിൽ പങ്കെടുത്ത മറ്റുള്ളവരുമായി നഗരസഭ കൂടിയാലോചന നടത്തി. ഇത് 1997-ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളുടെ ലംഘനമായിരുന്നു. ഈ ചട്ടങ്ങൾ പ്രകാരം ഏറ്റവും കുറഞ്ഞ ടെൻഡർ സ്വീകരിക്കേണ്ടതും അത് സ്വീകാര്യമല്ലെങ്കിൽ അതിനുള്ള വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്തി രണ്ടാമത്തെ കുറഞ്ഞ ടെൻഡർ സ്വീകരിക്കേണ്ടതും ആയിരുന്നു. കൂടിയാലോചനയിൽ നിലവിലെ കരാറുകാരൻ അദ്ദേഹത്തിന്റെ നിരക്ക് 1,140 രൂപയായി കുറവു ചെയ്തു. ഏറ്റവും കുറഞ്ഞ നിരക്ക് വാഗ്ദാനം ചെയ്തയാളെ ആദ്യമേ പരിഗണിക്കാതെ നിലവിലുള്ള കരാറുകാരനെ പണിയേല്പിക്കുകയാണ് നഗരസഭ ചെയ്തത് (2003 ആഗസ്റ്റ്).

മേൽ ചട്ടങ്ങളിലെ 11 (2) ചട്ടമനുസരിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് വാഗ്ദാനം ചെയ്തയാളുമായി മാത്രമേ കൂടിയാലോചന നടത്താമായിരുന്നുള്ളൂ. ടെൻഡറിൽ പങ്കെടുത്ത എല്ലാവരുടെയും നിരക്കുകൾ പരസ്യമാക്കിയതിനുശേഷം എല്ലാവരുമായി കൂടിയാലോചന നടത്തിയത് ചട്ടങ്ങളുടെ ലംഘനമായിരുന്നു. ഏറ്റവും കുറഞ്ഞ ടെൻഡർ സ്വീകരിക്കാതിരുന്നതിന് ഒരു കാരണവും കാണിച്ചിട്ടില്ല. നഗരസഭയിലെ ടെൻഡർ നടപടികൾ സുതാര്യമല്ലായിരുന്നു എന്ന് സുവ്യക്തമായിരുന്നതോടൊപ്പം നിലവിലുള്ള കരാറുകാരനെ പണിയേല്പിച്ചത് അദ്ദേഹത്തിന് അനർഹമായ ആനുകൂല്യം നൽകുന്നതിന് സമാനമായ നടപടിയായി തീരുകയും ചെയ്തു.

[സി. ആന്റ് എ.ജി.യുടെ 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.11 (i)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

45. പ്രസ്തുത ഓഡിറ്റ് പരാമർശത്തിനുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് നഗരസഭയിൽ വളരെക്കാലമായി തുടർന്നുവന്ന നടപടിക്രമമായിരുന്നു ഇതെന്നും കുറഞ്ഞ നിരക്കിൽ വാഗ്ദാനം ചെയ്യപ്പെട്ട 1,159 രൂപയേക്കാൾ കുറഞ്ഞ നിരക്കിൽ 1,140 രൂപയാണ് കൂടിയാലോചനവഴി നിശ്ചയിച്ചതെന്നും ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്ത കരാറുകാരനുമായി മാത്രം കൂടിയാലോചന നടത്തണമെന്ന നടപടിക്രമത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി വിശദീകരിച്ചു.

46. പൊതുമരാമത്ത് വകുപ്പിന്റെ ചട്ടങ്ങൾ പ്രകാരം ഏറ്റവും കുറഞ്ഞ തുക വാഗ്ദാനം ചെയ്ത കരാറുകാരനുമായി മാത്രം കൂടിയാലോചന നടത്തേണ്ടതാണെന്നും

എന്നാൽ ഒരു പ്രത്യേക വ്യക്തിക്ക് കരാർ നൽകുന്നതിന് എല്ലാ കരാറുകാരുമായി കൂടിയാലോചന നടത്തുകയും അതേനിരക്കിൽ ടിയാന് മൂന്നു വർഷത്തേക്ക് കരാർ നൽകുകയുമാണ് കോർപ്പറേഷൻ ചെയ്തിട്ടുള്ളതെന്നും എസ്.പി.എ.ഒ. സമിതിയെ ധരിപ്പിച്ചു.

47. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന് നൽകിയിട്ടുള്ള മറുപടി തൃപ്തികരമല്ല എന്നറിയിച്ചിരുന്നുവെങ്കിലും പിന്നീട് മറുപടി നൽകിയിട്ടില്ലെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

48. കരാറുകാരുമായി നെഗോഷിയേറ്റ് ചെയ്യാറുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അങ്ങനെ ചെയ്തിരുന്നെന്നും അത് ശരിയല്ലെന്ന ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചതിനുശേഷം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ഇത് അജണ്ടയായി വയ്ക്കുകയും നടപടിക്രമത്തിന് വിരുദ്ധമായതിനാൽ മേലിൽ അങ്ങനെ ചെയ്യാൻ പാടില്ലെന്ന് തീരുമാനമെടുത്തെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

49. ഖരമാലിന്യം നീക്കം ചെയ്യുന്നതിനുള്ള ടെണ്ടറിൽ നടപടിക്രമം ലംഘിച്ചതിന്റെ കാരണം സമിതി ആരാഞ്ഞതിന് പത്ത്-പതിനഞ്ച് വർഷമായി കോർപ്പറേഷനിൽ കൃത്യമായി ചവർ നീക്കം ചെയ്തുകൊണ്ടിരിക്കുന്നയാൾക്കാണ് ടെണ്ടർ ഉറപ്പിച്ചു നൽകിയതെന്നും ടിയാന് ലോറിയും മറ്റു ജോലിക്കാരും കൈവശമുണ്ടെന്നതിനാലും പ്രസ്തുത പ്രവൃത്തി നിർവ്വഹണത്തിലുള്ള ടിയാന്റെ പരിചയസമ്പന്നത കണക്കിലെടുത്തുമാണ് അപ്രകാരം ചെയ്തതെന്നും കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

50. ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറിക്ക് മറുപടി കിട്ടിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് മറുപടി കിട്ടിയിട്ടില്ലെന്നും സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ തീരുമാനമായിരുന്നു എന്ന തരത്തിലുള്ള മറുപടിയല്ലാതെ അവിടത്തെ അടിയന്തിര സാഹചര്യം വ്യക്തമാക്കുന്ന റിപ്പോർട്ട് നൽകിയിട്ടില്ലെന്നും തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

51. ഖരമാലിന്യം നീക്കം ചെയ്യുന്ന കാര്യത്തിൽ നഗരസഭ ഒരു പ്രത്യേക വീക്ഷണം എടുക്കാൻ കാരണമെന്താണെന്നുള്ളതിന് വിശദീകരണം നൽകിയിട്ടില്ലെന്നും മേലിൽ ആവർത്തിക്കില്ലെന്ന മറുപടി കുറ്റസമ്മതമാണെന്നും സമിതി അഭിപ്രായപ്പെട്ടു. ഖരമാലിന്യം നീക്കം ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ 1997-ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങൾക്ക് വിരുദ്ധമായി നടപ്പിലാക്കേണ്ടിവന്നത് ഏത് അടിയന്തര സാഹചര്യത്തിലായിരുന്നുവെന്ന് വിശദമാക്കുന്ന റിപ്പോർട്ട് അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

52. സമിതിയുടെ നിർദ്ദേശാനുസരണം 18-3-2011-ലെ 66293/എസി3/07/തസ്വഭവ നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

53. "പൂർവ്വ പശ്ചിമ മേഖലകളിൽ നിന്നും ഖരമാലിന്യങ്ങൾ ലാൻഡ് ഫിൽ സൈറ്റുകളിലേക്ക് നീക്കം ചെയ്യുന്നതിന് 10 മെട്രിക് ടൺ ശേഷിയുള്ള പ്ളാറ്റ്ഫോം വാഹനങ്ങൾ (ഡ്രൈവറും ഇന്ധനവും ഉൾപ്പെടെ) വാടകയ്ക്ക് എടുക്കുന്നതിന് കൊച്ചി നഗരസഭ 2003 മാർച്ചിൽ ദർഘാസുകൾ ക്ഷണിച്ചു.

54. അതിൽ ടെണ്ടറിൽ ക്വാട്ട് ചെയ്തിരുന്ന ഏറ്റവും കുറഞ്ഞ നിരക്ക് 1,159 രൂപയായിരുന്നു. എന്നാൽ 8-ാമത്തെ കുറഞ്ഞ നിരക്കായ 1,590 രൂപ വാഗ്ദാനം ചെയ്ത നിലവിലെ കരാറുകാരൻ ഉൾപ്പെടെ എല്ലാവരെയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി വിളിച്ച് നെഗോഷിയേറ്റ് ചെയ്യുകയുണ്ടായി. അതിൽ നിലവിലുള്ള കരാറുകാരന്റെ നിരക്ക് 1,140 രൂപയായി കുറവ് ചെയ്ത് ടിയാൻ ടെണ്ടർ നൽകുകയും ചെയ്തു.

55. ഈ കരാറുകാരനാണ് വർഷങ്ങളായി ചവറു നീക്കം സ്തുത്യർഹമായ രീതിയിൽ നടത്തിവരുകയും ചെയ്തിരുന്നത്. വിഷയം ഖരമാലിന്യ സംസ്കരണം ആയതിനാലും ടി വിഷയത്തിൽ പരിചയസമ്പന്നത അനിവാര്യമായതിനാലുമാണ് ഇപ്രകാരം ചെയ്തിരിക്കുന്നത്. ഈ പ്രവൃത്തി സദുദ്ദേശത്തോടുകൂടി മാത്രം ചെയ്തിട്ടുള്ളതാണ്. ഇതിൽ കോർപ്പറേഷന് സാമ്പത്തിക നഷ്ടം ഒന്നും ഉണ്ടായിട്ടില്ലാത്തതാണ്. അതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു."

56. 1997-ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങൾ നിലവിലുണ്ടായിരിക്കെ കൊച്ചി നഗരസഭ വളരെക്കാലമായി പ്രസ്തുത ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് പൊതുമരാമത്ത് പണികളുടെ ടെണ്ടർ നടപടികൾ നടത്തിവരുന്നുണ്ടെന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. "വിഷയം ഖരമാലിന്യ സംസ്കരണം ആയതിനാലും ടി വിഷയത്തിൽ പരിചയസമ്പന്നത അനിവാര്യമായതിനാലുമാണ്'' ചട്ടങ്ങൾക്ക് വിരുദ്ധമായി കരാർ ഉറപ്പിക്കേണ്ടിവന്നതെന്ന വകുപ്പിന്റെ മറുപടി തൃപ്തികരമല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. അടിയന്തര സാഹചര്യത്തിലാണ് അപ്രകാരം പ്രവർത്തിക്കേണ്ടിവന്നതെങ്കിൽ ആയതു സംബന്ധിച്ച് കൗൺസിലിനെ ബോധ്യപ്പെടുത്തി ആവശ്യമായ അനുമതികൾ സർക്കാരിൽ നിന്നും വാങ്ങേണ്ട ചുമതല ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുണ്ടായിരുന്നുവെന്നും, അവർ ആയത് യഥാവിധി നിറവേറ്റിയിട്ടില്ലെന്നും സമിതി വിലയിരുത്തുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

57. **ഖരമാലിന്യം നീക്കം ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ 1997-ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങൾക്ക് വിരുദ്ധമായി നടപ്പിലാക്കിയതിൽ ചില ക്രമക്കേടുകളും വ്യക്തി താല്പര്യങ്ങളും കടന്നുകൂടിയിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. മേലിൽ ഇത്തരം ക്രമക്കേടുകൾ സംഭവിക്കാതിരിക്കുന്നതിനായി ഇക്കാര്യത്തിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

(ii) **വാഹനങ്ങൾ വാടകയ്ക്ക് എടുത്തതിൽ നീതീകരിക്കാനാവാത്ത ചെലവ്**

ഉപയോഗിച്ചതും പഴകിയതുമായ ടയറുകൾ വ്യവസായ മേഖലകളിലും മോട്ടോർ വർക്ക്ഷോപ്പുകൾക്കും റീട്രെഡിംഗ് ഷോപ്പുകൾക്കും സമീപം കുന്നുകൂടുന്നതാണ് എറണാകുളം ജില്ലയിൽ ഡെങ്കിപ്പനി വ്യാപകമാകുവാൻ കാരണമെന്ന്

ജില്ലാ മെഡിക്കൽ ഓഫീസർ 2003 മേയ് മാസത്തിൽ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തി. ഈ ടയറുകളിൽ കെട്ടിനിൽക്കുന്ന വെള്ളം ഡെങ്കിപ്പനി വൈറസിന്റെ വാഹകരായ ഈഡിസ് കൊതുകുകൾ മുട്ടയിട്ട് പെരുകുന്നതിന് കാരണമാവുന്നു. ഇങ്ങനെയുള്ള ടയറുകൾ നശിപ്പിച്ചുകളയാനോ അവ മൂടിയിടാനോ ബന്ധപ്പെട്ടവരോട് ആവശ്യപ്പെടണമെന്നും അല്ലെങ്കിൽ അവരുടെ ലൈസൻസ് പിൻവലിക്കണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ നഗരസഭയോട് ആവശ്യപ്പെട്ടിരുന്നു.

വർക്ക്ഷോപ്പുകളോടും റീട്രേഡിംഗ് ഷോപ്പുകളോടും അവരുടെ ചെലവിൽ ടയറുകൾ നീക്കം ചെയ്യാൻ ആവശ്യപ്പെടുന്നതിനുപകരം രണ്ടു ടിപ്പർ ലോറികളും ഒരു മണ്ണുമാന്തൽ യന്ത്രവും (ജെസിബി) മൂന്നു ദിവസത്തേക്ക് വാടകയ്ക്കെടുത്ത് കുന്നുകൂടിയ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനാണ് നഗരസഭ തീരുമാനിച്ചത്. അതനുസരിച്ച് ദർഘാസുകൾ ക്ഷണിച്ചു (2003 മേയ്). 2003-04-ൽ ഖരമാലിന്യങ്ങൾ ലാൻഡ് ഫിൽ സൈറ്റുകളിലേക്ക് നീക്കം ചെയ്യുന്നതിന്, മുകളിൽ (1)-ൽ പറഞ്ഞിരിക്കുന്ന വാഹനങ്ങൾ വാടകയ്ക്ക് നൽകിയ അതേ കരാറുകാരനെ ഈ കരാറും ഏല്പിച്ചു. ഈ ജോലിക്കുവേണ്ടി നഗരസഭ കരാർ ഒപ്പിട്ടില്ല. കരാറുകാരൻ വാഗ്ദാനം ചെയ്തതും നഗരസഭ സ്വീകരിച്ചതുമായ ഒരു ലോറിക്ക് പ്രതിദിനം 2,550 രൂപ എന്ന നിരക്ക് ആയിരുന്നു. 2003 മാർച്ച് വരെയും അതിനുശേഷവും നിലവിലുണ്ടായിരുന്ന നിരക്കുകളേക്കാൾ (യഥാക്രമം 1,590 രൂപയും 1,140 രൂപയും) വളരെ കൂടുതലായിരുന്നു ഇത്.

ഈ ജോലി പൂർത്തിയായതായി 2003 ജൂൺ 23-ന് നഗരസഭാ സെക്രട്ടറി നഗരകാര്യ ഡയറക്ടറെ അറിയിച്ചു. 2003 മേയ് 26-ലെ വർക്ക് ഓർഡറിൽ ആവശ്യപ്പെട്ടതനുസരിച്ച് 2003 മേയ് 28, 29, 30 തീയതികളിൽ മാത്രമാണ് കരാറുകാരൻ ലോറികളും ജെസിബിയും വാടകയ്ക്ക് നല്കേണ്ടിയിരുന്നതെങ്കിലും, 2003 മേയ് 23 മുതൽ 2005 ജൂലൈ 31 വരെയുള്ള കാലയളവിൽ വാഹനങ്ങൾ നൽകിയെന്നവകാശപ്പെട്ടുകൊണ്ട് 1.61 കോടി രൂപ വാടകയായി അയാൾ ഈടാക്കി. ജോലി ആരംഭിച്ച് ഏകദേശം രണ്ടു വർഷം കഴിഞ്ഞ് നഗരസഭ ആവശ്യപ്പെടുന്നത്ര മണിക്കൂറുകളും ദിവസങ്ങളും വാഹനങ്ങൾ നൽകിക്കൊള്ളാം എന്നു വ്യവസ്ഥ ചെയ്യുന്ന ഒരു കരാറിൽ 2005 മേയ് 18-ന് നഗരസഭ ഏർപ്പെട്ടു. മുൻകാല പ്രാബല്യത്തോടെ പിന്നീട് ഉണ്ടാക്കിയ കരാർ പരിശോധിച്ചപ്പോൾ അതിൽ ഒഴിച്ചുകൂടാനാവാത്തതും മർമ്മപ്രധാനവുമായ താഴെ പറയുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരുന്നില്ല:

(i) ദർഘാസ് നോട്ടീസ് (2003 മേയ് 24), കരാറുകാരന്റെ ദർഘാസ്, ജോലി ഏല്പിച്ചുകൊണ്ടുള്ള ഉത്തരവ് (2003 മേയ് 26) എന്നിവയെപ്പറ്റിയുള്ള പരാമർശം.

(ii) ജോലി തുടങ്ങേണ്ടതും പൂർത്തിയാക്കേണ്ടതുമായ തീയതികൾ.

(iii) വാഹന നീക്ക രജിസ്റ്റർ സൂക്ഷിക്കേണ്ടതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ.

മേൽ വ്യവസ്ഥകളുടെ അഭാവത്തിൽ, 2003 മേയ് 23-നും 2005 ജൂലൈ 31-നും ഇടയ്ക്ക് 10380 മണിക്കൂറുകൾ ജെസിബിയും 2841 ലോറികളും നല്കിയതിന്റെ വാടക വ്യാജമായി ഈടാക്കിയിരിക്കാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ല. ദർഘാസ്

നോട്ടീസ് പുറപ്പെടുവിക്കുന്നതിനു മുമ്പുള്ള ദിവസങ്ങൾക്കുപോലും വാടക ഈടാക്കിയത് കൃത്രിമം നടന്നുവെന്ന് സൂചിപ്പിക്കുന്നതും അതുകൊണ്ട് അതിനെപ്പറ്റി അന്വേഷിക്കേണ്ടതും ആണ്. വർക്ക് ഓർഡർ പ്രകാരം 2003 മേയ് 28 മുതൽ 31 വരെയുള്ള മൂന്നു ദിവസത്തേക്ക് വാഹനങ്ങൾ നൽകിയതിന് കൊടുക്കേണ്ടിയിരുന്ന അർഹമായ വാടക 39,525 രൂപ മാത്രമായിരുന്നു. തന്നെയുമല്ല, ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുവേണ്ടി, വാഹനങ്ങൾ വാടകയ്ക്കെടുക്കുന്നതിനുള്ള ഒരു കരാർ തത്സമയം നിലവിലുണ്ടായിരുന്നതു കൊണ്ട് അതേരീതിയിലുള്ള ജോലിക്ക് വാഹനങ്ങൾ വീണ്ടും വാടകയ്ക്കെടുക്കേണ്ട ആവശ്യം ഉണ്ടായിരുന്നുമില്ല. വാടകയ്ക്കെടുത്ത വാഹനങ്ങൾ വേണ്ടവിധത്തിൽ നിരീക്ഷിക്കാതിരുന്നതും സുതാര്യമല്ലാത്ത ടെൻഡർ നടപടിക്രമങ്ങൾ സ്വീകരിച്ചതും 1.61 കോടി രൂപയുടെ ഒഴിവാക്കാമായിരുന്ന ചെലവിനിടയാക്കി.

ഇക്കാര്യം 2007 ഫെബ്രുവരിയിൽ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തതിന്റെ മറുപടി ലഭിച്ചിട്ടില്ല (2007 മാർച്ച്).

[സി. ആന്റ് എ.ജി.യുടെ 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.11 (ii)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

58. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദീകരണം സമിതി ആരാഞ്ഞതിന് നേവിയുടെ ഗ്രൗണ്ടിലാണ് മാലിന്യം നിക്ഷേപിച്ചുകൊണ്ടിരുന്ന തെങ്കിലും അധികമുണ്ടായിരുന്ന ചവർ നീക്കം ചെയ്തുകൊണ്ടിരുന്നപ്പോൾ ബാഡ് ലീക്ക് വരുമെന്ന കാരണത്താൽ അവർ മാലിന്യം നിക്ഷേപിക്കുന്നത് തടഞ്ഞതായും, 2003-ൽ കോട്ടയം, ആലപ്പുഴ തുടങ്ങിയ ജില്ലകളിൽ ഡെങ്കിപ്പനി ധാരാളമായി റിപ്പോർട്ട് ചെയ്തപ്പോൾ കൊച്ചിയിൽ കൊതുകുശല്യം കൂടുതലുള്ളതുകൊണ്ടും ഡെങ്കിപ്പനി സാധ്യതയേറിയ മേഖലയായതുകൊണ്ടും മാലിന്യങ്ങൾ അടിയന്തരമായി നീക്കം ചെയ്യേണ്ടിവന്നെന്നും പകൽ ലോറിയിൽ ശേഖരിക്കുന്ന മാലിന്യം ഒരു സ്ഥലത്ത് കൂട്ടിയിട്ട് രാത്രിയിൽ ടിപ്പർ ലോറിയിൽ എടുത്തുകൊണ്ടു പോകുകയുമാണ് ചെയ്തിരുന്നതെന്നും അതിനുവേണ്ടി കൗൺസിൽ പലപ്രാവശ്യം തീരുമാനങ്ങൾ എടുത്തു നടപ്പാക്കിയെന്നും ആയത് സർക്കാർ അംഗീകരിച്ചിട്ടുണ്ടെന്നും നഗരസഭാധികൃതർ സമിതിയെ അറിയിച്ചു.

59. ചവർ നീക്കാൻ പരിചയമുള്ള ഒരു കോൺട്രാക്ടർ ഉള്ളപ്പോൾ ഡെങ്കിപ്പനിക്കെതിരേയുള്ള സ്പെഷ്യൽ ക്യാമ്പയിൻ എന്ന നിലയ്ക്ക് മാലിന്യം നീക്കുന്നതിന് കൂടുതൽ വാഹനങ്ങൾ വാടകയ്ക്ക് എടുത്ത് പ്രസ്തുത പണി നിർവ്വഹിക്കാമായിരുന്നുവെന്ന് എസ്. പി. എ. ഒ. സമിതിയെ ബോധിപ്പിച്ചു.

60. കോർപ്പറേഷൻ കൗൺസിലിന് നൽകിയ കുറിപ്പിൽ ഹെൽത്ത് ഓഫീസറുടെ അപേക്ഷ പ്രകാരം മൂന്നു ദിവസത്തേയ്ക്കാണ് ലോറി വാടകയ്ക്ക് എടുക്കാൻ അനുവാദം നൽകിയിരുന്നതെന്നും തുടർന്ന് രണ്ടരവർഷത്തോളം ടി പ്രവൃത്തി തുടരുകയും 1.61 കോടി രൂപ കോൺട്രാക്ടർക്ക് നൽകുകയും ചെയ്തെന്നും 1,140 രൂപയ്ക്ക്

കരാറെടുത്ത കോൺട്രാക്ടർ ഉള്ളപ്പോഴാണ് 2,550 രൂപയ്ക്ക് മൂന്നു ദിവസത്തേക്ക് വാഹനങ്ങൾ വാടകയ്ക്കെടുത്തതെന്നും എസ്.പി.എ.ഒ. സമിതിയെ ബോധിപ്പിച്ചു.

61. മൂന്നു ദിവസത്തേക്കുള്ള അനുമതി മൺസൂൺ തീരുന്നതുവരെ നിലവിലുള്ള നിരക്കിൽ തുടരാൻ കൗൺസിൽ തീരുമാനമെടുക്കുകയും ആയത് സർക്കാർ അംഗീകരിക്കുകയും ചെയ്തെന്നും മുൻ ഹെൽത്ത് ഓഫീസർ സമിതിയെ അറിയിച്ചു.

62. ചവർ നീക്കം ചെയ്യുന്നതിന് കരാറെടുത്തയാൾ ഉള്ളപ്പോൾ ടിയാൻ ചവർ നീക്കം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയാണ് കോർപ്പറേഷൻ ചെയ്യേണ്ടിയിരുന്ന തെന്ന് സമിതി ചൂണ്ടിക്കാണിച്ചപ്പോൾ അതാത് ഡിവിഷനുകളിൽ നിന്നും ഫ്ളാറ്റ് ടൈപ്പ് ലോറിയിൽ ചവർ ശേഖരിച്ച് ഒരു സ്ഥലത്ത് ഇട്ടുകഴിഞ്ഞ് രാത്രിയാണ് ജെ. സി. ബി. ഉപയോഗിച്ച് പണിക്കാർ ടിപ്പറിൽ ലോഡ് കയറ്റിക്കൊണ്ടുപോയി ഇട്ടിരുന്നതെന്നും ബാഡ്‌ലീക്ക് കാരണം പകൽ ചവറിടാൻ സമ്മതിച്ചിരുന്നില്ലെന്നും ഹെൽത്ത് ഓഫീസർ വിശദീകരിച്ചു.

63. ഡെങ്കിപ്പനിക്കെതിരെയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു സ്ഥലത്തും ചപ്പുചവറുകൾ ഇടരുതെന്ന ഡി.എം.ഒ.യുടെ നിർദ്ദേശം ലഭിക്കുകയും ഉപയോഗശൂന്യമായി കിടക്കുന്ന ടയറുകൾ കൊതുകുകൾ വളരാൻ പ്രധാന കാരണമാകുമെന്നതിനാൽ അവ അടിയന്തരമായി നീക്കം ചെയ്യണമെന്നും ആയതിനായി ഒരു സ്പെഷ്യൽ ക്യാമ്പയിൻ നടത്തണമെന്നുമുള്ള ഡി. എച്ച്. എസിന്റെ കത്തു ലഭിക്കുകയും കൊച്ചിയിൽ പല സ്ഥലത്തും മാലിന്യം നീക്കം ചെയ്യാതെ കിടക്കുകയും ചെയ്തിരുന്ന സമയത്താണ് മൂന്നു ദിവസത്തേയ്ക്ക് ലോറി വാടകയ്ക്കെടുക്കുന്നതിന് ക്വട്ടേഷൻ വിളിച്ചതെന്നും പത്രപരസ്യം ചെയ്തു ക്വട്ടേഷൻ വിളിക്കുന്നതിൽ വീഴ്ചയുണ്ടായെന്നും മൂന്നു ദിവസത്തേയ്ക്കുള്ള പ്രസ്തുത കരാർ പ്രകാരമുള്ള പ്രവൃത്തി തുടരുകയും ആയത് നിർത്തിയാൽ കൊച്ചിയിൽ മാലിന്യംമൂലമുള്ള പ്രശ്നങ്ങളുണ്ടാകു മെന്നുള്ള ഭയവും കൗൺസിലിന്റെയും കമ്മിറ്റിയുടെയും നിരന്തരമായ സമ്മർദ്ദവും മൂല മാണ് നടപടിക്രമത്തിൽ വീഴ്ചയുണ്ടായെങ്കിലും ആയത് യുദ്ധകാലാടിസ്ഥാനത്തിൽ തുടരാൻ നിർബന്ധിതമായതെന്നും മുൻ നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

64. മൂന്നു വർഷം ഒരേ ജോലിക്ക് രണ്ട് കരാറുകാർ ഉണ്ടായിരുന്നുവെന്നത് സമിതി ചൂണ്ടിക്കാണിച്ചു. രണ്ട് കരാറുകാരുടേയും ജോലിയിലുള്ള വ്യത്യാസമെന്തായി രുന്നുവെന്ന് അറിയിക്കണമെന്ന് സീനിയർ ഡെപ്യൂട്ടി എ. ജി. അഭിപ്രായപ്പെട്ടപ്പോൾ ആദ്യത്തെ കരാറുകാരൻ പഴയ മടക്കുന്ന ടൈപ്പ് ലോറിയിൽ ഖരമാലിന്യങ്ങൾ കൊണ്ടു പോകുകയും രണ്ടാമത്തെ കരാറുകാരൻ ടിപ്പർ ലോറിയിൽ ഓട്ടോമാറ്റിക് അൺലോഡിംഗ് ആണ് ചെയ്തിരുന്നതെന്നും ടിപ്പർ ലോറിയിൽ ആദ്യത്തെ ലോറിയുടെ മൂന്നിരട്ടി മാലിന്യം കൊണ്ടുപോകാൻ സാധിക്കുമെന്നും നഗരസഭാ സെക്രട്ടറി അറിയിച്ചു. പകൽ സമയത്ത് ഫ്ളാറ്റ് ടൈപ്പ് ലോറികളിൽ കൊണ്ടുവന്ന് നിക്ഷേപിക്കുന്ന മാലിന്യങ്ങൾ രാത്രിയിൽ വളരെ ചെറിയ സമയത്തിനുള്ളിൽ അവിടെനിന്ന് മാറ്റി ഡമ്പിംഗ് യാർഡിൽ നിക്ഷേപിക്കേണ്ടിയിരുന്നതിനാലാണ് മണ്ണ് മാന്തൽ യന്ത്ര (ജെ.സി.ബി.)ത്തിന്റേയും ടിപ്പർ ലോറിയുടേയും ആവശ്യമുണ്ടായതെന്നും ഡെങ്കിപ്പനിയുമായി ബന്ധപ്പെട്ട പ്രവർത്തനമായാണ് പ്രസ്തുത രീതി തുടങ്ങിയതെങ്കിലും ശരിയായ നിക്ഷേപസ്ഥലം കണ്ടെത്താൻ കഴിയാതിരുന്നതിനാൽ മൂന്നു വർഷം ഇത് തുടർന്നെന്നും നഗരസഭാ സെക്രട്ടറി വിശദീകരിച്ചു.

65. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം എല്ലാ മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് മൂന്നു ദിവസത്തെ ക്യാമ്പയിൻ നടത്തണമെന്നുള്ള ഡി.എച്ച്.എസിന്റെ നിർദ്ദേശപ്രകാരം മൂന്നുനാല് ദിവസം ക്യാമ്പയിൻ നടത്തിയതിനുശേഷം ക്വട്ടേഷൻ വിളിക്കുകയും ഹെൽത്ത് കമ്മിറ്റി ചേർന്ന് മൺസൂൺ വരെ ടി പ്രവൃത്തി തുടരുന്നതിന് ഹെൽത്ത് ഓഫീസറെ അധികാരപ്പെടുത്തിക്കൊണ്ട് തീരുമാനമെടുക്കുകയും ഒരു കാരണവശാലും ടി പ്രവൃത്തി നിർത്തരുതെന്ന് പറഞ്ഞുകൊണ്ട് കൗൺസിൽ കമ്മിറ്റിയുടെ തീരുമാനം ഏകകണ്ഠമായി അംഗീകരിക്കുകയും ചെയ്തെന്നും നാലുതവണ ടി വിഷയം കൗൺസിലിൽ വച്ച് അംഗീകാരം വാങ്ങിയിട്ടുണ്ടെന്നും മുൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

66. പ്രസ്തുത വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കാതിരുന്നതിന്റെ കാരണം സമിതി ആരാഞ്ഞതിന് ടി വിഷയവുമായി ബന്ധപ്പെട്ട ഫയൽ മറ്റൊരു വിഷയം സംബന്ധിച്ചുള്ള അന്വേഷണത്തിനായി വിജിലൻസിന് നൽകിയിരിക്കുകയായിരുന്നെന്ന് നഗരസഭാ സെക്രട്ടറി വെളിപ്പെടുത്തി. വിജിലൻസിന് ഫയൽ നൽകുമ്പോൾ ആയതിന്റെ പകർപ്പ് സെക്ഷനിൽ സൂക്ഷിക്കേണ്ടതാണെന്ന് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ അഭിപ്രായപ്പെട്ടു.

67. മാലിന്യം നീക്കം ചെയ്യുന്നതിനുവേണ്ടി ഉപയോഗിച്ച വാഹനങ്ങളുടെ ട്രിപ്പ് ഷീറ്റ് നിരീക്ഷിക്കാറുണ്ടായിരുന്നുവെന്നും വാഹനങ്ങൾ കൈകാര്യം ചെയ്യുന്ന സർക്കിളിലും രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നും സമിതിയുടെ ചോദ്യത്തിന് മുൻ ഹെൽത്ത് ഓഫീസർ മറുപടി നൽകി.

68. കൊച്ചി കോർപ്പറേഷനിൽ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ആവശ്യത്തിന് ജീവനക്കാരില്ലെന്നതാണ് അടിസ്ഥാന പ്രശ്നമെന്ന് സമിതി ചൂണ്ടിക്കാണിക്കുകയും ആയതിനായി ഇപ്പോൾ എത്ര ജീവനക്കാരുണ്ടെന്ന് ആരായുകയും ചെയ്തതിന് 830 സ്ഥിരം ജീവനക്കാരും നാനൂറോളം താല്ക്കാലിക ജീവനക്കാരുണ്ടെന്ന് നഗരസഭാ അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

69. 2005-ൽ പ്രസ്തുത സംവിധാനം നിർത്തിയതിന്റെ കാരണം സമിതി ആരാഞ്ഞതിന് പത്രപരസ്യം നൽകി പുതിയ ക്വട്ടേഷൻ ക്ഷണിക്കുകയാണുണ്ടായതെന്നും മുൻപുണ്ടായിരുന്ന നിരക്കിൽ കരാർ തുടരുകയാണ് ചെയ്യുന്നതെന്നും ഇപ്പോൾ രണ്ട് പ്രവൃത്തിക്കും ഒരു കരാറുകാരൻ മാത്രമേയുള്ളൂവെന്നും ഇപ്പോൾ ട്രിപ്പിനാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളതെന്നും നഗരസഭാധികൃതർ സമിതിയെ അറിയിച്ചു.

70. ഏകദേശം മൂന്നു വർഷത്തോളം ഒരേ ജോലിക്ക് രണ്ട് കരാറുകാരെ നിലനിർത്തിയ രീതിക്ക് ന്യായീകരണമില്ലെന്നും ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ വ്യക്തമായ വിശദീകരണം നൽകാൻ കഴിയുന്നില്ലെന്നും അഭിപ്രായപ്പെട്ട സമിതി ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുവേണ്ടി വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള ഒരു കരാർ നിലവിലുണ്ടായിരുന്നപ്പോൾ അതേ രീതിയിലുള്ള ജോലിക്ക് വാഹനങ്ങൾ വീണ്ടും വാടകയ്ക്ക് എടുക്കാനുണ്ടായ അടിയന്തര സാഹചര്യവും ഇതിന്റെ നിരക്ക് ഉൾപ്പെടെയുള്ള കാര്യങ്ങളും വ്യക്തമാക്കിക്കൊണ്ട് വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

71. സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് 18-3-2011-ലെ 66293/ എസി3/07/തസ്വഭവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

72. 2003-04 കാലഘട്ടത്തിൽ കേരളം ആകെ പടർന്നുപിടിച്ച കൊതുക്, ഈച്ച, പകർച്ചവ്യാധിയായ ഡെങ്കിപ്പനി, എലിപ്പനി, ചിക്കുൻഗുനിയ എന്നിവ കൊച്ചി നഗരസഭാ പ്രദേശത്ത് പടർന്നുപിടിക്കാതിരിക്കാൻ സാദ്ധ്യമായ എല്ലാ നടപടികളും നഗരസഭ സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സംസ്ഥാന മന്ത്രിസഭയുടെ തീരുമാനം അനുസരിച്ച് ബഹു. മുഖ്യമന്ത്രി 6-5-2003-ന് വിളിച്ചുചേർത്ത യോഗത്തിലെ തീരുമാന പ്രകാരം ഹെൽത്ത് സർവ്വീസ് ഡയറക്ടറുടേയും ജില്ലാ മെഡിക്കൽ ഓഫീസറുടേയും നിർദ്ദേശങ്ങൾ പ്രകാരമാണ് കോർപ്പറേഷൻ ഹെൽത്ത് ഓഫീസർ രോഗ പ്രതിരോധ നടപടി സ്വീകരിച്ചത്. 7-5-2003-ന് ഹെൽത്ത് സർവ്വീസ് ഡയറക്ടറിൽ നിന്നും ലഭിച്ച ഫാക്സ് സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ വെള്ളക്കെട്ടിനും, കൊതുകു വ്യാപനത്തിനും കാരണമാകുന്ന വിധത്തിൽ പൊതു സ്ഥലങ്ങളിൽ കെട്ടിക്കിടക്കുന്ന ടയറുകളും കെട്ടിട അവശിഷ്ടങ്ങളും മറ്റ് ഖരമാലിന്യ ങ്ങളും നീക്കം ചെയ്യുന്നതിന് വിവിധ ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയോഗിക്കുകയും ഒരു ജെ.സി.ബി.യും മൂന്ന് ടിപ്പർ ലോറികളും ഉപയോഗിക്കുന്നതിന് ആരാധ്യനായ മേയർ വിളിച്ചുചേർത്ത യോഗത്തിന്റെ തീരുമാനപ്രകാരം അനുവാദം നൽകുകയും ചെയ്തു. ഹെൽത്ത് ഓഫീസർ എന്ന നിലയിൽ നോട്ടിഫൈഡ് പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിന് ടി.സി. പബ്ലിക് ഹെൽത്ത് ആക്ട് പ്രകാരം ഹെൽത്ത് ഓഫീസറിൽ നിക്ഷിപ്തമായി ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി ടി.സി. പബ്ലിക് ഹെൽത്ത് ആക്ട് 51(2) വകുപ്പുപ്രകാരം അടിയന്തര നടപടികൾ അനിവാര്യമാണെന്ന് ബോദ്ധ്യമായതിനാൽ സർക്കാരിന്റേയും ആരാധ്യനായ മേയറുടേയും നിർദ്ദേശങ്ങൾ അനുസരിച്ച് അടിയന്തര രോഗപ്രതിരോധ നടപടികൾ സ്വീകരിക്കേണ്ടതായിവന്നു.

73. കൊച്ചി നഗരത്തിന്റെ പരിസരപ്രദേശങ്ങളിൽ പടർന്നുപിടിച്ചുകൊണ്ടിരുന്ന ഡെങ്കിപ്പനി, എലിപ്പനി, ചിക്കുൻഗുനിയ എന്നിവ നഗരപ്രദേശങ്ങളിലേക്ക് പടരാതിരിക്കു ന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് ആരാധ്യനായ മേയർ 23-5-2003-ൽ വിളിച്ചുചേർത്ത യോഗത്തിൽ വച്ച് പൊതുസ്ഥലങ്ങളിൽ കെട്ടിക്കിടക്കുന്ന ഖരമാലിന്യങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്യുന്നതിന് തീരുമാനിച്ചിരുന്ന പ്രകാരമാണ് പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കപ്പെട്ട ടയറുകളും കെട്ടിട നിർമ്മാണാവ ശിഷ്ടങ്ങളും, മറ്റ് ഖരമാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് രണ്ട് ടിപ്പറുകളും ഒരു ജെ.സി.ബി.യും മട്ടാഞ്ചേരി, എറണാകുളം മേഖലകളിൽ വാടയ്ക്ക് എടുത്ത് പ്രവൃത്തി നടത്തുകയുണ്ടായി. സർക്കാരിന്റേയും ഹെൽത്ത് സർവ്വീസ് ഡയറക്ടറുടേയും നഗരകാര്യ ഡയറക്ടറുടേയും ജില്ലാ മെഡിക്കൽ ഓഫീസറുടേയും നിർദ്ദേശങ്ങൾ പാലിച്ച് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ അടിയന്തരമായി നിർവ്വഹിക്കുന്നതിനാണ് ഇപ്രകാരം വാടകയ്ക്ക് എടുത്തത്. കൊച്ചി നഗരസഭയുടെ സാധാരണ ചവറ് ശേഖരണവും സംസ്ക്കരണവും നോട്ടിഫൈഡ് പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിന് ഫലപ്രദമല്ല എന്ന് കണ്ടതിനാലാണ് റോഡിന്റെ ഇരുവശങ്ങളിലും പൊതുസ്ഥലങ്ങളിലും കൊതുകുകൾക്ക് വളരാൻ സൗകര്യപ്രദമായവിധത്തിൽ കിടന്ന ഉപയോഗിച്ച ടയറുകളും,

കെട്ടിട നിർമ്മാണാവശിഷ്ടങ്ങളും മറ്റ് ഖരമാലിന്യങ്ങളും നീക്കംചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതായിവന്നത്. ഇത് സംബന്ധിച്ച് 22-5-2003-ന് ഷോർട്ട് ക്വട്ടേഷൻ ക്ഷണിച്ചത് പ്രകാരം ലഭിച്ച ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ചപ്പോൾ ശ്രീ. പോൾ സാജന്റെ ക്വട്ടേഷൻ അംഗീകരിച്ചത് പ്രകാരം വർക്ക് ഓർഡർ നൽകുകയുണ്ടായി. ഇത് സംബന്ധിച്ച പ്രവൃത്തിയുടെ പ്രത്യേകതകൾ കണക്കിലെടുത്താണ് ഷോർട്ട് ക്വട്ടേഷൻ അംഗീകരിച്ചത്. ഡി എച്ച്. എസിന്റെ കത്തിൽ പഞ്ചായത്ത്, കോർപ്പറേഷൻ മുതലായ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും മൂന്ന് ദിവസത്തേക്ക് കാമ്പയിൻ നടത്താനാണ് മാർഗ്ഗനിർദ്ദേശം എങ്കിലും കൊച്ചി പോലെ വിശാലമായതും അർബൻ സ്വഭാവമുള്ളതുമായ കോർപ്പറേഷനിൽ മൂന്ന് ദിവസം മതിയാകാത്തതുകൊണ്ടാണ് ഹെൽത്ത് കമ്മിറ്റി 17-6-2003-ൽ കൂടിയ യോഗത്തിലെ 4-ാം നമ്പർ തീരുമാനപ്രകാരം ചവറുനീക്കം തുടരാൻ നിർദ്ദേശിച്ചതും, 30-8-2003-ൽ 30-ാം നമ്പർ തീരുമാനപ്രകാരം അത് കൗൺസിൽ അംഗീകരിച്ചതും. നോട്ടിഫൈഡ് പകർച്ചവ്യാധികളുടെ വ്യാപനം തടയുന്നതിനും കൊതുക് നിവാരണത്തിനും ഉതകുമാറുള്ള പ്രത്യേക കാമ്പയിൻ പ്രവർത്തനം ആയതിനാലും കൊച്ചി നഗരത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പ്രകാരം കൂടുതൽ സ്ഥലങ്ങളിൽ സ്ഥിരമായ വെള്ളക്കെട്ടാണ് എന്നതിനാലും നഗരത്തിലെ വിവിധ വാർഡുകളിലെ ഉൾപ്രദേശങ്ങളിലും ഇടറോഡുകളിലും ദൂരെവരെ ചെന്ന് ടയറുകളും കെട്ടിടാവശിഷ്ടങ്ങളും മറ്റ് ഖരമാലിന്യങ്ങളും നീക്കംചെയ്യേണ്ടതുണ്ട് എന്ന കാര്യം പരിഗണിച്ചും ക്വട്ടേഷനിൽ ദൂരപരിധി വെച്ചിട്ടില്ലാത്തതിനാലുമാണ് ക്വട്ടേഷനിലെ നിരക്കുപ്രകാരം വർക്ക് ഓർഡർ നൽകിയത്. സാധാരണ ലോറികളിൽ കയറ്റാവുന്നതിൽ കൂടുതൽ അളവിൽ ഖരമാലിന്യങ്ങൾ നീക്കംചെയ്യാവുന്ന ടിപ്പറുകളാണ് ഉപയോഗിച്ചത്. ഇതുമൂലം ഖരമാലിന്യങ്ങൾ ഇറക്കുന്നതിന് പ്രത്യേക തൊഴിലാളികളെ നിയോഗിക്കേണ്ടി വന്നിട്ടില്ല. ആരാധ്യനായ മേയറുടെ ഉത്തരവ് പ്രകാരം ക്ഷണിച്ച ക്വട്ടേഷൻ ഹെൽത്ത് കമ്മിറ്റിയും കോർപ്പറേഷൻ കൗൺസിലും അംഗീകരിച്ചു. വെള്ളക്കെട്ട് ഏറെയുള്ളതിനാൽ കൊതുക്ജന്യ രോഗങ്ങൾ പടർന്ന് പിടിക്കാനുള്ള സാധ്യത നിലവിലുണ്ടായിരുന്നതിനാലും കോർപ്പറേഷന്റെ രോഗപ്രതിരോധ പ്രവർത്തനങ്ങളെ വിമർശിച്ചുകൊണ്ട് പത്രദൃശ്യമാധ്യമങ്ങളിൽ വാർത്തകൾ വന്നതിനാലും കൊച്ചി നഗരപ്രദേശത്തിന്റെ പ്രത്യേകതകൾ പ്രകാരം സ്ഥിരമായി വെള്ളക്കെട്ട് ഏറെ ഉള്ളതിനാൽ കൊതുക്ജന്യ രോഗങ്ങൾ പടർന്ന് പിടിക്കാനുള്ള സാധ്യത നിലവിലുണ്ടായിരുന്നതിനാലും ക്വട്ടേഷൻ പ്രകാരമുള്ള പ്രവൃത്തികൾ മൺസൂൺ തീരുന്നതുവരെ ചെയ്യിക്കുന്നതിന് ഹെൽത്ത് ഓഫീസറെ ചുമതലപ്പെടുത്താൻ ഹെൽത്ത് കമ്മിറ്റി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ടി. സി. പബ്ലിക് ഹെൽത്ത് ആക്ട് 51 (2) വകുപ്പ് പ്രകാരം അടിയന്തരമായ വിധത്തിൽ രോഗപ്രതിരോധ നടപടികൾ കൈക്കൊള്ളുന്നതിന് നിയമപരമായ ബാദ്ധ്യത ഹെൽത്ത് ഓഫീസർക്കാണ് എന്നതിനാലാണ് ഇപ്രകാരം ചുമതലപ്പെടുത്തിയത്.

74. കൊച്ചി നഗരസഭയ്ക്ക് ചവറുകൾ നിക്ഷേപിക്കാൻ ട്രഞ്ചിംഗ് ഗ്രൗണ്ട് ഇല്ലാത്തതിനാൽ താൽക്കാലികമായി ഇൻഡ്യൻ നേവിയുടെ അധീനതയിലുള്ള വെല്ലിംഗ്ടൺ ഐലന്റിലാണ് നഗരത്തിൽ നിന്ന് ശേഖരിക്കുന്ന ചപ്പുചവറുകൾ നിക്ഷേപിച്ചിരുന്നത്. ഈ പ്രദേശത്ത് ചപ്പുചവറുകൾ നിക്ഷേപിച്ചതുമൂലം ധാരാളം പക്ഷികൾ വരികയും, അവകൾ പറന്ന് വന്ന് വിമാനങ്ങളിൽ ഇടിച്ച് അപകടം ഉണ്ടാകാനും ഇന്ധന ടാങ്കുകളിൽ

പതിച്ച് വൻ ദുരന്തം ഉണ്ടാകും എന്ന് കാണിച്ച് ഇൻഡ്യൻ നേവി അധികൃതർ അറിയിച്ചതിനാൽ ചവർ നിക്ഷേപം തടസ്സപ്പെടുകയും ഇതുമൂലം നഗരത്തിനുപുറത്തും അകത്തും വാഹനങ്ങൾ ഉപയോഗിച്ച് സ്വകാര്യ സ്ഥലങ്ങളിൽവരെ ചവറു നിക്ഷേപിക്കാൻ നഗരസഭ നിർബന്ധിതമായി.

75. ഈ അവസരത്തിൽ വില്ലിംഗ്ടൺ ഐലന്റിലും ചേരാനല്ലൂരിലും ചവർ അടിക്കുന്നത് പൊതുജനങ്ങൾ തടയുകയും സംഘർഷം ഉടലെടുക്കുകയും ചെയ്തു. ഇതുമൂലം നഗരത്തിൽനിന്നും ഉത്ഭവിക്കുന്ന എല്ലാ ചവറുകളും എറണാകുളത്ത് പടിയാത്തുകുളം യാർഡിൽ അടിക്കുകയും അവിടെനിന്നും ജെ. സി. ബി. ഉപയോഗിച്ച് അടിയന്തരമായി ടിപ്പർ ലോറിയിൽ കയറ്റി രാത്രികാലങ്ങളിൽ ചവറു നിക്ഷേപിക്കാൻ ലഭ്യമായ ഇടങ്ങളിൽ മാറി മാറി നിക്ഷേപിക്കുകയായിരുന്നു. ഇതുമൂലം നഗരസഭയുടെ സാധാരണ ശുചീകരണ പ്രവർത്തനങ്ങൾ താറുമാറായിരുന്നു. നഗരത്തിൽ ദിവസേന ഉൽഭവിക്കുന്ന ചപ്പുചവറുകൾ മാറ്റാനാകാത്ത അവസ്ഥയിലായിരുന്നു. ഈ അവസരത്തിൽ മാതാ അമൃതാനന്ദമയിയുടെ സുവർണ്ണ ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ഒരു ലക്ഷത്തോളം ആളുകൾ കൂടിച്ചേരുന്ന ആഘോഷ പരിപാടികൾ ദിവസങ്ങളോളം നടന്നിരുന്നു. ബഹു. ഇൻഡ്യൻ പ്രസിഡന്റ് കൊച്ചി സന്ദർശിക്കുന്നതിനാലും യുദ്ധകാലാടിസ്ഥാനത്തിൽ ഖരമാലിന്യം ശേഖരിക്കേണ്ടിവന്നതിനാലാണ് പരിചയസമ്പന്നനായ നിലവിലുള്ള കരാറുകാരനെ ആരാധ്യനായ മേയറുടെ ഉത്തരവുപ്രകാരം പവൃത്തി നിർവ്വഹിക്കാൻ നിയോഗിച്ചത്. ആരാധ്യനായ മേയറുടെ ഈ ഉത്തരവ് കൗൺസിൽ ഏകകണ്ഠമായി അംഗീകരിച്ചിട്ടുണ്ട്. മേൽ വിവരിച്ച പ്രത്യേക സാഹചര്യങ്ങളിലാണ് ഈ സംവിധാനം തുടർന്നും അനുവദിക്കാൻ കൗൺസിൽ നിർബന്ധിതമായത്. ഇത് സംബന്ധിച്ച് കരാർ എഴുതി ഒപ്പിട്ട് നൽകിയിട്ടുള്ളതാണ്. ചവറുകൾ മാറ്റുന്നതിന് വിപുലമായി പത്ര പരസ്യം നൽകി ക്വട്ടേഷൻ ക്ഷണിച്ച അവസരത്തിലും ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ചത് ശ്രീ. പോൾ സാജനാണ്. പൊതു സ്ഥലങ്ങളിൽ നിന്നും അതിവേഗം ചവറുകൾ മാറ്റുന്നതിന് പരിചയസമ്പന്നരായ തൊഴിലാളികളും വാഹനങ്ങളും മെഷീനറിയും ഉണ്ടായതുകൊണ്ടാണ് വീണ്ടും നിലവിലുണ്ടായിരുന്ന നിരക്കിൽ തന്നെ ശ്രീ. പോൾ സാജൻ ക്വട്ടേഷൻ സമർപ്പിച്ചതെന്ന് അനുമാനിക്കുന്നു. ഈ പ്രവൃത്തി സംബന്ധിച്ച് ഓഫീസ് രേഖകളായ ട്രിപ്പ് ഷീറ്റിലും ഹെൽത്ത് സർക്കിൾ ഓഫീസ് രജിസ്റ്ററുകളിലും അനുബന്ധ രജിസ്റ്ററുകളിലും യഥാവിധി രേഖപ്പെടുത്തിയിട്ടുണ്ട്.

76. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ ഉള്ളതും സ്ഥിരമായ വെള്ളക്കെട്ട് ഉള്ളതുമായ കൊച്ചി കോർപ്പറേഷൻ പ്രദേശത്ത് മേൽ വിവരിച്ചത് പ്രകാരമുള്ള പ്രവൃത്തികൾ കാര്യക്ഷമമായി നടത്തിയതുമൂലം കൊതുക് ഡെൻസിറ്റി മുൻകാലങ്ങളിലേക്കാളും കുറവായിരുന്നുവെന്ന് എൻ.എഫ്.സി.പി. സീനിയർ ബയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കരാറുകാരനെ ചുമതലപ്പെടുത്തിയ ജോലി ഇടയ്ക്ക് തടസ്സപ്പെട്ടാൽ രോഗപ്രതിരോധ പ്രവർത്തനങ്ങളേയും കൊതുക് നിവാരണത്തേയും ദോഷകരമായി ബാധിക്കും എന്നതിനാലാണ് ടിയാനെ തുടർന്ന് ജോലി നിർവ്വഹിക്കാൻ നിയോഗിച്ചത്. കേരളം മുഴുവനും പകർച്ചവ്യാധികളും, ഡെങ്കിപ്പനി, എലിപ്പനി, ചിക്കുൻഗുനിയ എന്നിവ പടർന്ന് പിടിച്ച് ഒട്ടേറെ മരണം സംഭവിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്തെ ഏറ്റവും ജനസാന്ദ്രതയും ഫ്ളോട്ടിംഗ് പോപ്പുലേഷനുമുള്ള കൊച്ചി നഗരസഭാ പ്രദേശത്ത്

2003-05 കാലഘട്ടങ്ങളിൽ മരണമോ മാരകമായി രോഗം പടരുകയോ ചെയ്തിട്ടില്ല. കൊച്ചി കോർപ്പറേഷന്റെ പൊതുജനാരോഗ്യ ശുചീകരണ പ്രവർത്തനങ്ങൾമൂലമാണ് കൊച്ചി നഗരസഭാ പ്രദേശത്ത് പകർച്ചവ്യാധിയോ ചിക്കുൻഗുനിയയോ എലിപ്പനിയോമൂലം മരണം സംഭവിക്കാതിരുന്നത്. കേരള മുനിസിപ്പൽ ആക്ട് പ്രകാരവും ആരാധ്യനായ മേയറുടെ നിർദ്ദേശങ്ങൾ അനുസരിച്ചും കോർപ്പറേഷൻ ഹെൽത്ത് ഓഫീസർ തൃപ്തി കരമായി പൊതുജനാരോഗ്യ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കേരള സംസ്ഥാനത്ത് 2003-05 കാലഘട്ടത്തിൽ പടർന്ന് പിടിച്ച പകർച്ചവ്യാധികളും ചിക്കുൻഗുനിയ, എലിപ്പനി, ഡെങ്കിപ്പനി എന്നിവയും നിയന്ത്രിക്കുന്നതിന് ക്യാബിനറ്റ് തീരുമാനപ്രകാരം ബഹു. മുഖ്യമന്ത്രി വിളിച്ച് ചേർത്ത യോഗതീരുമാനപ്രകാരമാണ് കൊച്ചി നഗരത്തിൽ കെട്ടിടാവശിഷ്ടങ്ങളും മറ്റ് ഖരമാലിന്യങ്ങളും നീക്കംചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിച്ചത്. സംസ്ഥാന മന്ത്രിസഭാ അംഗങ്ങളും ബഹു. മുഖ്യമന്ത്രിയും നേരിട്ടാണ് രോഗപ്രതിരോധ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിരുന്നത്.

77. കൊച്ചി നഗരത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ചും ദൂരപരിധിയില്ലാതെ നഗരത്തിലെ എല്ലാ വാർഡുകളിലും ഉൾറോഡുകളിലും സഞ്ചരിച്ച് ഖരമാലിന്യങ്ങളും ടയറുകളും കെട്ടിട അവശിഷ്ടങ്ങളും മാറ്റേണ്ടതുള്ളതിനാലുമാണ് ക്വട്ടേഷനിൽ പറഞ്ഞ ഏറ്റവും കുറഞ്ഞ നിരക്കുകൾ ആരാധ്യനായ മേയർ അംഗീകരിച്ചത്. ഈ നിരക്കുകൾ പ്രകാരമുള്ള ക്വട്ടേഷൻ കൗൺസിൽ ഏകകണ്ഠമായി അംഗീകരിച്ചി ട്ടുണ്ട്. ആ സമയം നഗരത്തിലെ ചവറുകൾ കൊണ്ടിടുന്ന വില്ലിംഗ്ടൺ ഐലന്റിലും ചേരാനല്ലൂരിലും ചവറുകൾ കൊണ്ടിടാൻ പറ്റാത്ത സാഹചര്യത്തിലും ബഹു. ഇൻഡ്യൻ പ്രസിഡന്റിന്റെ കൊച്ചി സന്ദർശനവും മാതാഅമൃതാനന്ദമയീദേവിയുടെ സുവർണ്ണ ജൂബിലി ആഘോഷവും പ്രമാണിച്ചുള്ള പ്രത്യേക സാഹചര്യങ്ങളിലാണ് ആരാധ്യനായ മേയറുടെ ഉത്തരവ് പ്രകാരം തുടർന്നും പ്രവൃത്തികൾ തുടരാൻ അനുവാദം നല്കിയത്. മേയറുടെ ഉത്തരവ് കൗൺസിൽ അംഗീകരിച്ചിട്ടുള്ളതാണ്.

78. കൊച്ചി നഗരത്തിൽ പകർച്ചവ്യാധികളുടേയും ഡെങ്കിപ്പനി, എലിപ്പനി, ചിക്കൻഗുനിയ എന്നിവയുടെയും വ്യാപനം തടയുന്നതിന് കൈക്കൊണ്ട അടിയന്തര നടപടികൾ കൗൺസിൽ അംഗീകരിച്ചതിനാലും പൊതുസ്ഥലങ്ങളിൽ ടയറുകളും കെട്ടിട അവശിഷ്ടങ്ങളും മറ്റ് ചപ്പുചവറുകളും മാറ്റുന്ന പ്രവൃത്തി കാര്യക്ഷമമായി നിർവ്വഹിച്ചിട്ടുണ്ട് എന്നതിനാലും ഈ പ്രവൃത്തിമൂലം നഗരത്തിലെ കൊതുക് ഡെൻസിറ്റി കുറഞ്ഞതായി എൻ.എഫ്.സി.പി. ബയോളജിസ്റ്റ് റിപ്പോർട്ട് ചെയ്തതിനാലും ജനസാന്ദ്രത കൂടിയ വെള്ളക്കെട്ട് മുതലായ ഭൂമിശാസ്ത്ര പ്രത്യേകതകൾ ഉണ്ടായിട്ടു കൂടി ആ സമയം കൊച്ചി നഗരത്തിൽ പകർച്ചവ്യാധിമൂലമോ ചിക്കുൻഗുനിയ, ഡെങ്കിപ്പനി, എലിപ്പനി പകർച്ചവ്യാധിമൂലമോ മരണം ഒന്നും സംഭവിച്ചിട്ടില്ല എന്ന കാര്യം പരിഗണിച്ചും ടി സി പബ്ലിക് ഹെൽത്ത് ആക്ട് 51(2) വകുപ്പ് പ്രകാരവും, കേരള മുനിസിപ്പൽ ആക്ട് പ്രകാരവും, നഗരസഭ നിർവ്വഹിച്ച മികച്ച പ്രവർത്തനങ്ങളും അതുമൂലം നഗരവാസികൾക്കുണ്ടായ ഫലപ്രാപ്തിയും കണക്കിലെടുത്ത് ഇത് സംബന്ധിച്ച ഓഡിറ്റ് തടസ്സം ഒഴിവാക്കണമെന്നും മേൽ നടപടികൾ അവസാനിപ്പിക്കണമെന്നും അപേക്ഷിക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

**79. കൊച്ചി കോർപ്പറേഷനിൽ ചവർ നീക്കംചെയ്യുന്നതിന് കരാറെടുത്തയാൾ ഉള്ളപ്പോൾ ടിയാൻ ചവർ നീക്കംചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയാണ് കോർപ്പറേഷൻ ചെയ്യേണ്ടിയിരുന്നതെന്ന് സമിതി വിലയിരുത്തുന്നു. കൊച്ചി കോർപ്പറേഷനിലെ അന്നത്തെ ഡംബിംഗ് പ്രദേശങ്ങളായ വില്ലിംഗ്ടൺ ഐലന്റിലും ചേരാനല്ലൂരിലും ചവറുകൾ ഇടാൻ പറ്റാത്തതാണ് അന്നത്തെ പ്രത്യേക സാഹചര്യമെന്ന വിശദീകരണം സമിതിക്ക് തൃപ്തികരമായി തോന്നുന്നില്ല. വാഹനങ്ങൾ വേണ്ട വിധത്തിൽ നിരീക്ഷിക്കാതിരുന്നതും സുതാര്യമല്ലാത്ത ടെൻഡർ നടപടികൾ സ്വീകരിച്ചതും നിമിത്തം കോർപ്പറേഷനുണ്ടായ സാമ്പത്തിക നഷ്ടം ഒഴിവാക്കപ്പെടേണ്ടതായിരുന്നു എന്നും സമിതി വിലയിരുത്തുന്നു. സമിതിക്ക് ലഭ്യമാക്കിയ മറുപടിയിൽ വാഹനങ്ങൾ വാടകയ്ക്ക് എടുത്തതിന്റെ നിരക്ക് സംബന്ധിച്ച യാതൊരു വിവരവും ലഭ്യമാക്കിയിട്ടില്ലെന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഇത്തരത്തിലുള്ള ദുർച്ചെലവുകൾ നിയന്ത്രിക്കുന്നതിന് വ്യക്തമായ മാർഗ്ഗരേഖ പുറപ്പെടുവിക്കണമെന്നും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

**80. കൊച്ചി കോർപ്പറേഷനിലെ വർദ്ധിച്ചുവരുന്ന ഖരമാലിന്യങ്ങൾ ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുന്നതിനായി ജീവനക്കാർക്ക് പരിശീലനം നൽകുന്നതുൾപ്പെടെയുള്ള ഫലപ്രദമായ കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

**81. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടുണ്ടാകുന്ന വിജിലൻസ് കേസ്സുകളിൽ ബന്ധപ്പെട്ട ഫയലുകൾ വിജിലൻസ് അധികൃതർക്ക് കൈമാറുന്ന അവസരത്തിൽ അവയുടെ മതിയായ പകർപ്പുകൾ ഓഫീസിൽ സൂക്ഷിക്കുന്നുണ്ടെന്നുറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**4.5 പൊതു ഉദ്ദേശ്യസഹായധനം കൂടുതൽ നൽകിയതുമൂലം പദ്ധതി തുകകൾ പദ്ധതിയേതര ചെലവുകൾക്കായി വകമാറ്റിയത് 1.29 കോടി രൂപ**

നേരത്തെ നൽകിയ തുക കുറവുചെയ്യാതെ കൊച്ചി കോർപ്പറേഷന് 2005-06-ൽ പൊതു ഉദ്ദേശ്യസഹായധനം അനുവദിച്ചത് ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക നൽകുന്നതിനും തന്മൂലം ശമ്പളത്തിനും മറ്റ് പദ്ധതിയേതര ചെലവുകൾക്കും വേണ്ടി പദ്ധതി തുകയായ 1.29 കോടി രൂപ ക്രമരഹിതമായി വകമാറ്റുന്നതിനും ഇടയാക്കി.

പൊതുഉദ്ദേശ്യ സഹായധനമായി കൊച്ചി കോർപ്പറേഷന് നൽകുന്നതിനുവേണ്ടി 2005-06-ലെ സംസ്ഥാന ബഡ്ജറ്റിൽ 7.01 കോടി രൂപ വകയിരുത്തിയിരുന്നു. നഗരകാര്യ ഡയറക്ടർ ഇതിന്റെ ആദ്യഗഡുവായ 1.29 കോടി രൂപ 2005 ജൂലൈയിൽ കോർപ്പറേഷന് നൽകിയിരുന്നു. ബാക്കി തുകയായ 5.72 കോടി രൂപ ലഭിക്കുവാനുള്ള

അർഹത മാത്രമേ കോർപ്പറേഷന് ഉണ്ടായിരുന്നുള്ളൂവെങ്കിലും ആദ്യഗഡുവായി നേരത്തേ നൽകിയ 1.29 കോടി രൂപ കുറയ്ക്കാതെ 7.01 കോടി രൂപ 2005 സെപ്റ്റംബറിൽ നഗരകാര്യ വികസന ഡയറക്ടർ തെറ്റായി നൽകി. അങ്ങനെ ബഡ്ജറ്റിൽ വകയിരുത്തിയ 7.01 കോടി രൂപയുടെ സ്ഥാനത്ത് മൊത്തം നൽകിയ തുക 8.30 കോടി രൂപയായിരുന്നു. ഇത്, 1.29 കോടി രൂപ അധികമായി കോർപ്പറേഷന് നൽകുന്നതിനിടയാക്കി.

പൊതുഉദ്ദേശ്യ സഹായധനമായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന മുഴുവൻ തുകയും നേരത്തേ നൽകിയ തുക കുറവുവരുത്താതെ നഗരസ്വയംഭരണ സ്ഥാപന ങ്ങൾക്ക് തെറ്റായി നൽകിയതായി 2005 ഒക്ടോബറിൽ നഗരകാര്യ ഡയറക്ടർ മനസ്സി ലാക്കി. അതനുസരിച്ച് എല്ലാ നഗര സ്വയംഭരണ സ്ഥാപനങ്ങളുടെയും സെക്രട്ടറിമാർ അവർക്ക് ലഭിച്ച അനുവാദപത്രങ്ങൾ തിരിച്ച് നൽകി പുതിയവ കൈപ്പറ്റണമെന്ന് നഗരകാര്യ ഡയറക്ടർ 2005 ഒക്ടോബറിൽ ആവശ്യപ്പെട്ടു. ശമ്പളം, പെൻഷൻ, മരാമത്ത് പണികൾ, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾക്കായി മുമ്പേ തന്നെ ചെലവഴിച്ചുപോയതുകാരണം തുക തിരിച്ചടയ്ക്കാൻ നിർവ്വാഹമില്ലെന്ന് കോർപ്പറേഷൻ ഉടനെതന്നെ അറിയിച്ചു. തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് അനുസരിച്ച് കൂടുതൽ തുക അനുവദിച്ചാൽപോലും ബഡ്ജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ തുക പിൻവലിക്കാൻ കോർപ്പറേഷന് അർഹതയില്ലാത്തതിനാൽ കോർപ്പറേഷന്റെ ഈ വാദം നീതികരിക്കത്തക്കതല്ലായിരുന്നു. ഇതിന്റെ വെളിച്ചത്തിൽ അധിക തുകയായ 1.29 കോടി രൂപ തിരിച്ചടയ്ക്കാൻ നഗരകാര്യ ഡയറക്ടർ കോർപ്പ റേഷന് 2006 ജനുവരിയിൽ നിർദ്ദേശം നൽകി. സാമ്പത്തിക വർഷാവസാനത്തിനു മുമ്പായി ഈ തുക സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടിയിരുന്നതുകൊണ്ട് പദ്ധതി തുകയിൽ നിന്ന് 1.29 കോടി രൂപ വകമാറ്റുന്നതിനും 2006 മാർച്ചിൽ സർക്കാ രിന്റെ അനുവാദം തേടുകയുണ്ടായി. സർക്കാർ അനുവദിച്ചതുപ്രകാരം മൂന്നു പദ്ധതി കൾക്കായി വകയിരുത്തിയ പദ്ധതി തുകയിൽ നിന്ന് പ്രസ്തുത തുക വകമാറ്റി കോർപ്പ റേഷൻ 2006 മാർച്ച് 31-ന് തിരിച്ചടച്ചു. ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താത്ത ശമ്പളം, പെൻഷൻ, മരാമത്ത് പണികൾ, പരിപാലനം എന്നീ ചെലവുകൾക്കായി പദ്ധതി തുകയായ 1.29 കോടി രൂപ വകമാറ്റു ന്നതിന് തുല്യമായിരുന്നു ഇത്. ബഡ്ജറ്റ് വിഹിതത്തിനനുസൃതമായി നഗരസ്വയംഭരണ സ്ഥാപനങ്ങൾക്ക് തുക അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്താൻ നഗരകാര്യ ഡയറക്ടർ വരുത്തിയ വീഴ്ചയാണ് ബഡ്ജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക കോർപ്പറേഷൻ ചെലവഴിക്കുന്നതിലേക്ക് നയിച്ചത്. ബഡ്ജറ്റ് അനുസരിച്ച് അർഹമായ തുകയ്ക്കനുസൃതമായി കോർപ്പറേഷനും തങ്ങളുടെ ചെലവുകൾ നിയന്ത്രി ക്കണമായിരുന്നു. ഇതിലുണ്ടായ പരാജയംമൂലമാണ് ശമ്പളത്തിനും മറ്റ് വിലക്കപ്പെട്ട ചെലവുകൾക്കും വേണ്ടി പദ്ധതി പണം വകമാറ്റാനിടയായത്.

2007 നവംബറിൽ ഇക്കാര്യം സർക്കാരിനെ അറിയിച്ചു എങ്കിലും 2008 മാർച്ച് വരെ ഒരു മറുപടിയും ലഭിച്ചിട്ടില്ല. (സി.ആന്റ് എ.ജി.യുടെ 2007 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.5)

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

82. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദീകരണം സമിതി ആരാഞ്ഞതിന് നഗരസഭയ്ക്ക് പൊതു ഉദ്ദേശ്യസഹായധനത്തിന്റെ ഒരു ഗഡുവിന് പകരം രണ്ട് ഗഡുക്കൾ ഒന്നിച്ചു ലഭിച്ചുവെന്നും ആയത് ചെലവഴിക്കുകയും ചെയ്തെന്നും എന്നാൽ പിന്നീട് 1.29 കോടി രൂപ നഗരസഭയ്ക്ക് തെറ്റായി അധികം ലഭിച്ചതാണെന്ന് ബോധ്യപ്പെട്ടപ്പോൾ ടി തുകയ്ക്ക് തുല്യമായ തുക പദ്ധതി തുകയിൽ നിന്നും കുറവ് ചെയ്ത് തിരിച്ചടച്ചുവെന്നും ഇതിനായി മൂന്ന് പ്രോജക്ടുകൾ ഒഴിവാക്കിയെന്നും കൊച്ചി കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് വന്നിട്ടുണ്ടെന്നുള്ള മറുപടി ഓഡിറ്റിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

83. പദ്ധതി തുകയിൽ നിന്നും വകമാറ്റി ചെലവഴിച്ചതിന് സർക്കാർ ഉത്തരവ് പ്രകാരം സാധൂകരണം നൽകിയിട്ടുണ്ടെന്ന കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശുപാർശകൾ**

84. **പൊതു ഉദ്ദേശ്യസഹായധനം അധികമായി നഗരസഭയ്ക്ക് ലഭിച്ചപ്പോൾ, ടി തുകയ്ക്ക് തുല്യമായ തുക പദ്ധതി തുകയിൽ നിന്ന് കുറവ് ചെയ്ത് തിരിച്ചടച്ചുവെന്നും ആയതിന് സർക്കാർ സാധൂകരണം ലഭിച്ചിട്ടുണ്ടെന്നുമുള്ള വിശദീകരണം സമിതി അംഗീകരിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

### 4.8 വിപണനനിരക്കുകൾ തെറ്റായി സ്വീകരിച്ചതുകൊണ്ടുണ്ടായ 45.35 ലക്ഷം രൂപയുടെ അധികച്ചെലവ്

കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിൽ സോഡിയം വേപ്പർ ലാമ്പ് വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനുമുള്ള അടങ്കലിൽ ഉയർന്ന വിപണി നിരക്ക് സ്വീകരിച്ചത് അധികച്ചെലവിന് ഇടയാക്കി.

1997-ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങൾ പ്രകാരം, മതിയായ തുക ബഡ്ജറ്റിൽ വകയിരുത്താതെയും നിശ്ചിത അധികാരി (ഒരു ലക്ഷം രൂപ വരെ സ്റ്റാൻഡിംഗ് കമ്മിറ്റിയും ഒരു ലക്ഷത്തിനുമുകളിൽ കൗൺസിലും) കളിൽ നിന്നുള്ള ഭരണാനുമതി ഇല്ലാതെയും വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കാതെയും നിർദ്ദിഷ്ട അധികാരി (6.5 ലക്ഷം രൂപയിലേറെ വരുന്ന വൈദ്യുതീകരണ ജോലികൾക്ക് പൊതുമരാമത്തു വകുപ്പ് വൈദ്യുതി വിഭാഗത്തിലെ അർഹതപ്പെട്ട എഞ്ചിനീയർ)-കളിൽ നിന്ന് സാങ്കേതികാനുമതി ലഭിക്കാതെയും ഒരു മുനിസിപ്പൽ കോർപ്പറേഷനും ഏതെങ്കിലും പ്രവൃത്തി ആരംഭിക്കാൻ പാടില്ല. തന്നെയുമല്ല, ഒരു കരാറുകാരൻ മുഖേനയാണ് ജോലി നടത്തിക്കുന്നതെങ്കിൽ ടെൻഡർ ക്ഷണിക്കേണ്ടതും ടെൻഡർ ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസ് കോർപ്പറേഷന്റെ ഓഫീസ് നോട്ടീസ് ബോർഡിലും പൊതുമരാമത്തു വകുപ്പു

ഓഫീസുകളിലും വർത്തമാനപ്പത്രങ്ങളിലും (50 ലക്ഷം രൂപയ്ക്കുമുകളിലുള്ള പ്രവൃത്തികൾക്കാണെങ്കിൽ നിർബന്ധമായും സംസ്ഥാനം മുഴുവൻ പ്രചാരം ഉള്ള രണ്ടു മലയാളപത്രങ്ങളിലും ദേശീയതലത്തിൽ പ്രചാരമുള്ള ഒരു ഇംഗ്ലീഷ് പത്രത്തിലും) പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2002-03 മുതൽ 2006-07 വരെയുള്ള കാലയളവിൽ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള സോഡിയം വേപ്പർ ലാമ്പിന്റെ വാങ്ങലും സ്ഥാപിക്കലും എന്ന പ്രവൃത്തി താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നതുപോലെ ഏർപ്പാട് ചെയ്തപ്പോൾ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ മേൽനടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെന്ന് ഓഡിറ്റിൽ കാണാനിടയായി.

(രൂപ ലക്ഷത്തിൽ)

| *വർഷം* | *ടെൻഡർ ചെയ്ത പ്രവൃത്തി കളുടെ എണ്ണം* | *ഒരു ലക്ഷം രൂപയിൽ കുറഞ്ഞ അടങ്കലുള്ള പ്രവൃത്തികൾ* | | *ലഭിച്ച ടെൻഡറുക ളുടെ എണ്ണം* | | | *അടങ്കൽ തുക യുടെ വിവരം ലഭ്യമായിരുന്ന പ്രവൃത്തികൾ* | |
|---|---|---|---|---|---|---|---|---|
| | | *എണ്ണം* | *അടങ്കൽ തുക* | 1 | 2 | *രണ്ടില ധികം* | *എണ്ണം* | *തുക* |
| 2002–03 | 111 | 99 | 75.36 | 43 | 65 | 3 | 111 | 108.48 |
| 2003–04 | 160 | 114 | 95.88 | 15 | 143 | 2 | 127 | 126.15 |
| 2004–05 | 264 | 250 | 230.48 | 2 | 260 | 2 | 262 | 270.61 |
| 2005–06 | 178 | 162 | 148.48 | | 178 | | 170 | 171.30 |
| 2006–07 | 274 | 263 | 236.88 | | 274 | | 273 | 257.00 |
| ആകെ | 987 | 888 | 787.08 | 60 | 920 | 7 | 943* | 933.54 |

ഓരോ വർഷത്തേയും പ്രവൃത്തികളുടെ അടങ്കൽതുക 50 ലക്ഷം രൂപയിലധികമായിരുന്നുവെങ്കിലും പ്രസ്തുത പ്രവൃത്തികൾ 987 പ്രവൃത്തികളായി വിഭജിച്ചു. ഇതിൽ 888 പ്രവൃത്തികൾ (89.97 ശതമാനം) ഒരു ലക്ഷം രൂപയിൽ താഴെ ചെലവുവരുന്നവയായിരുന്നു. പ്രവൃത്തികൾ ക്രമരഹിതമായി വിഭജിച്ചതിന്റെ ഫലമായി കോർപ്പറേഷൻ കൗൺസിലിൽ നിന്ന് ഭരണാനുമതി, പൊതുമരാമത്തു വകുപ്പ് വൈദ്യുതി വിഭാഗത്തിൽ നിന്ന് സാങ്കേതികാനുമതി എന്നിവ വാങ്ങുന്നതും ടെൻഡർ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം സംസ്ഥാനം മുഴുവൻ പ്രചാരമുള്ള രണ്ടു മലയാളം പത്രങ്ങളിലും ഭാരതം മുഴുവൻ പ്രചാരം ഉള്ള ഒരു ഇംഗ്ലീഷ് പത്രത്തിലും പ്രസിദ്ധപ്പെടുത്തുന്നതും ഒഴിവാക്കുവാൻ കൊച്ചി കോർപ്പറേഷന് കഴിഞ്ഞു. ഇത് തെറ്റായ നിരക്കുകൾ അടങ്കലിൽ ഉൾപ്പെടുത്തുന്നതിനും കരാറുകാരിൽനിന്നുമുള്ള പ്രതികരണം മോശമാകുന്നതിനും ഇടയാക്കി. രണ്ടിൽ കൂടുതൽ ടെൻഡർ ലഭിച്ചത് 987-ൽ ഏഴ് (0.71 ശതമാനം) പ്രവൃത്തികൾക്കുമാത്രമായിരുന്നു. 60 പ്രവൃത്തികളിൽ ഒരു ടെൻഡർ മാത്രമേ ലഭിച്ചിരുന്നുള്ളു. ടെൻഡർ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം പത്രങ്ങളിൽ പ്രിസിദ്ധപ്പെടുത്താതിരുന്ന

*44 പ്രവൃത്തികളുടെ അടങ്കൽതുക ലഭ്യമല്ലായിരുന്നു.

തുകൊണ്ടും തൽഫലമായി കരാറുകാരിൽനിന്നുണ്ടായ കുറഞ്ഞ പ്രതികരണം കൊണ്ടും 987-ൽ 985 പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിൽ നിന്ന് 35 മുതൽ 42 ശതമാനം വരെ ഉയർന്ന നിരക്കിൽ ഏൽപ്പിക്കേണ്ടിവന്നു. ഈ കാലയളവിൽ 10 കോടിയോളം രൂപ ചെലവ് വരുന്ന പ്രവൃത്തികൾ ഏർപ്പാട് ചെയ്യുന്നതിനുള്ള മുഴുവൻ പ്രക്രിയയും വഴിവിട്ടവയായിരുന്നുവെന്ന് മേൽപ്പറഞ്ഞതിൽനിന്ന് വ്യക്തമാണ്.

അർഹതപ്പെട്ട അധികാരികളെ എസ്റ്റിമേറ്റ് പരിശോധിക്കുന്നതിൽ നിന്നൊഴിവാക്കിയത് സോഡിയം വേപ്പർ ലാമ്പിന് ക്രമാതീതമായ നിരക്കുകൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്ന തിനിടയാക്കി. മുഴുവൻ അനുബന്ധ ഉപകരണങ്ങളടക്കമുള്ള സോഡിയം വേപ്പർ ലാമ്പ്, സ്ട്രീറ്റ് ലൈറ്റ് ഫിറ്റിങ്ങിന്റെ നിരക്കുകൾ പൊതുമരാമത്ത് വകുപ്പിന്റെ ഷെഡ്യൂൾ നിരക്കുകളിൽ ഉൾപ്പെടുത്താത്തതുകാരണം 2002-03 മുതൽ 2006-07 വരെയുള്ള കാലയളവിൽ കൊച്ചി കോർപ്പറേഷൻ വിപണി നിരക്കുകളാണ് സ്വീകരിച്ചത്. എന്നാൽ അങ്ങനെ സ്വീകരിച്ച നിരക്കുകൾ താഴെ കാണിക്കുന്ന പ്രകാരം തൊട്ടടുത്ത മുനിസിപ്പാലിറ്റി (ആലുവ) 2004-05-ൽ സോഡിയം വേപ്പർ ലാമ്പും മറ്റുപകരണങ്ങളും വാങ്ങിയ നിരക്കുകളേക്കാൾ വളരെ ഉയർന്നതായിരുന്നു എന്ന് ഓഡിറ്റിൽ കാണുകയുണ്ടായി.

| *ക്രമ നമ്പർ* | *എസ്.വി. ലാമ്പിന്റെ തരം* | *കൊച്ചി കോർപ്പറേഷൻ സ്വീകരിച്ച വിപണി നിരക്ക് (രൂ.)* | *ആലുവ മുനിസിപ്പാലിറ്റി വാങ്ങിയ നിരക്ക് (രൂ.)* | *അധിക തുക (രൂ.)* | *ശതമാനം* | *വാങ്ങിയ ലാമ്പുകളുടെ എണ്ണം* | *അധികം തുക നൽകിയത് ഏകദേശം (രൂ.)* |
|---|---|---|---|---|---|---|---|
| 1 | 70 വാട്ട് | 2,560 | 2,075 | 485 | 23.37 | 1222 | 5,92,670 |
| 2 | 150 വാട്ട് | 4,135 | 2,850 | 1,285 | 45.09 | 2938 | 37,75,330 |
| 3 | 250 വാട്ട് | 4,655 | 3,090 | 1,565 | 50.64 | 107 | 1,67,455 |
| | | | | | | ആകെ | 45,35,455 |

മേൽ കാണിച്ച വിപണിനിരക്കുകൾ എങ്ങനെയാണ് കൊച്ചി കോർപ്പറേഷൻ കണ്ടുപിടിച്ചത് എന്നു കാണിക്കുന്ന ഒന്നുംതന്നെ രേഖകളിലുണ്ടായിരുന്നില്ല. നിർദ്ദിഷ്ട ടെൻഡർ നടപടിക്രമങ്ങൾ മറികടക്കുന്നതിനായി പ്രവൃത്തി വിഭജിച്ചു നൽകിയത് തെറ്റായ വിപണിനിരക്കുകൾ സ്വീകരിക്കാനും, പരിശോധിച്ച 284 പ്രവൃത്തികളിലായി 45.35 ലക്ഷം രൂപയുടെ അധികച്ചെലവ് നൽകാനും ഇടയാക്കി. ഡിവിഷനുകളെ ആസ്പദമാക്കിയാണ് നിർദ്ദേശങ്ങൾ ലഭിക്കുന്നത് എന്നതുകൊണ്ടാണ് അനവധി പ്രവൃത്തികളായി ഈ പ്രവൃത്തി വിഭജിക്കേണ്ടിവന്നത് എന്ന് സർക്കാർ മറുപടി 2008 ഫെബ്രുവരിയിൽ നൽകി. ഓരോ വർഷവും ഏർപ്പാട് ചെയ്യുന്ന പ്രവൃത്തികളുടെ എണ്ണം ഡിവിഷനുകളുടെ എണ്ണം (71)-നേക്കാളേറെയായതുകൊണ്ട് ഈ വാദം നിലനിൽക്കത്തക്കതല്ല. തന്നെയുമല്ല, പ്രവൃത്തികൾ ഏർപ്പാട് ചെയ്യുന്നതിനുമുമ്പായി ഓരോ ഡിവിഷനിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ സമാഹരിക്കുന്നതിൽ ഒരു പ്രയാസവും ഉണ്ടായിരുന്നില്ല. കൊച്ചി കോർപ്പറേഷൻ സ്വീകരിച്ചിരുന്ന വിപണിനിരക്കുകൾ മതിപ്പുള്ളതും ഗുണമേന്മയുള്ളതും ആയ ഉൽപ്പന്നങ്ങളുടേതായിരുന്നെങ്കിൽ

മറ്റേ ത.സ്വ.ഭ. സ്ഥാപനം (ആലുവ) വാങ്ങിയത് ഗുണമേന്മ കുറഞ്ഞ ഉൽപ്പന്നങ്ങളായിരിക്കാം എന്നും മറുപടിയിൽ സർക്കാർ സൂചിപ്പിച്ചിട്ടുണ്ട്. ജി ഈ, ഹാവൽസ് തുടങ്ങിയ പ്രശസ്തമായ സ്ഥാപനങ്ങളുടെ ഉപകരണങ്ങളാണ് ആലുവ മുനിസിപ്പാലിറ്റി വാങ്ങിയത് എന്നതുകൊണ്ട് സർക്കാരിന്റെ ഈ വാദവും നിരർത്ഥകമാണ്.

(സി ആന്റ് എ.ജി.-യുടെ 2007 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.8)

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

85. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ചുള്ള വിശദീകരണം സമിതി ആരാഞ്ഞതിന് മേൽപ്പറഞ്ഞ പ്രവൃത്തികൾ ചെയ്യുന്നത് ഓരോ ഡിവിഷനും അനുവദിക്കുന്ന ഫണ്ട് ഉപയോഗിച്ചാണെന്നും വാർഡ് കൗൺസിലർമാർ നിർദ്ദേശിക്കുന്ന വർക്കുകൾ അടിസ്ഥാനപ്പെടുത്തിയാണ് പ്രവൃത്തിക്കുള്ള അടങ്കൽ തയ്യാറാക്കുന്നതെന്നും ഒരു സാമ്പത്തിക വർഷത്തിൽ പലസമയങ്ങളിൽ കൗൺസിലർമാർ നിർദ്ദേശിക്കുന്ന വർക്കുകളെല്ലാം ക്രോഡീകരിച്ച് ഒറ്റ പ്രവൃത്തിയായി ചെയ്യുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. എല്ലാ ഡിവിഷനുകളിലേയും ലാമ്പുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള വർക്കുകൾ ക്രോഡീകരിച്ച് ഒറ്റ ടെൻഡറായി ക്ഷണിച്ച് വർക്ക് ചെയ്യുമ്പോഴുണ്ടാകുന്ന കാലതാമസം ജനങ്ങളുടെ പ്രതിഷേധത്തിനിടയാക്കുമെന്നും, എന്നാൽ ഒരു ലക്ഷത്തിൽ കുറവായ തുകയ്ക്കുള്ള വർക്കുകൾ അംഗീകരിക്കുന്നതിന് സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് അധികാരമുള്ളതിനാലും ടി തുകയ്ക്കുള്ള ചെക്ക് നൽകാൻ അഡീഷണൽ സെക്രട്ടറിക്ക് അധികാരമുള്ളതിനാലും കാലതാമസം കൂടാതെ പണി പൂർത്തീകരിക്കാൻ സാധിക്കുമെന്നും സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. ഇക്കാരണങ്ങളാലാണ് വർക്ക് പലതായി വിഭജിച്ച് ചെയ്തിട്ടുള്ളതെന്നും ഒരു ലക്ഷത്തിൽ കുറവായ തുകയ്ക്കുള്ള ജോലി എന്ന നിലയ്ക്ക് ടെണ്ടർ നടപടി ശരിയാണെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

86. കോർപ്പറേഷന്റെ ഫണ്ട് 25 ലക്ഷം രൂപ വീതമുള്ള ഡിവിഷൻ ഫണ്ടുകളായി വിഭജിക്കുന്നത് ഏതെങ്കിലും സർക്കാർ ഉത്തരവിന്റെ അല്ലെങ്കിൽ ആക്ടിലെ വ്യവസ്ഥ പ്രകാരമാണോ എന്ന ചോദ്യത്തിന് അപ്രകാരം വ്യവസ്ഥയൊന്നുമില്ലെന്നും ഒരു പ്രത്യേക വർക്കിന് എല്ലാവർക്കും തുല്യമായി അവസരം നൽകുകയാണ് ഇതുപ്രകാരം ചെയ്യുന്നതെന്നും ആയത് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും കോർപ്പറേഷൻ സെക്രട്ടറി വെളിപ്പെടുത്തി. ഇപ്പോഴും കോർപ്പറേഷനിൽ ഇതേ രീതിയിൽ ക്രോൺട്രാക്റ്റ് കൊടുത്തുകൊണ്ടിരിക്കുകയാണെന്ന് സമിതിയുടെ ചോദ്യത്തിനുത്തരമായി കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി അറിയിച്ചു.

87. ഓരോ വർഷവും വേണ്ടിവരുന്ന ലാമ്പുകളുടെ എണ്ണം കണക്കാക്കി ഒരു ടെണ്ടറായി വിളിക്കുന്നതാണ് ലാഭകരമെന്ന് സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാട്ടി.

88. സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് എടുത്തിട്ടാണ് ടെണ്ടർ ചെയ്യുന്നതെന്ന് കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

**89. കോർപ്പറേഷൻ ഫണ്ട് വിനിയോഗിച്ച് സാധനങ്ങൾ വാങ്ങുമ്പോൾ റേറ്റ് കോൺട്രാക്ട് സമ്പ്രദായം അനുവർത്തിക്കുന്നത് ലാഭകരമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. സോഡിയം വേപ്പർ ലാമ്പിന് ക്രമാതീതമായ നിരക്കുകൾ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടതുപോലുള്ള സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് റേറ്റ് കോൺട്രാക്ട് സമ്പ്രദായം കർശനമായി നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**4.10 ഭവനനിർമ്മാണത്തിനുപയോഗിക്കേണ്ടിയിരുന്ന പദ്ധതി പണമായ 27.87 ലക്ഷം രൂപ വായ്പ തിരിച്ചടയ്ക്കുന്നതിന് വകമാറ്റി.**

പുറമ്പോക്ക് താമസക്കാർക്ക് സ്ഥലം വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനും വേണ്ടി നീക്കിവച്ച പദ്ധതി പണം, വിശാല കൊച്ചി വികസന അതോറിറ്റി നടപ്പാക്കിയ ഭവന നിർമ്മാണ പദ്ധതിയിലെ ഗുണഭോക്താക്കളുടെ വായ്പാ ബാദ്ധ്യത വീട്ടുന്നതിനു വേണ്ടി കൊച്ചി കോർപ്പറേഷൻ വകമാറ്റി.

പത്തു വർഷത്തിലേറെ പുറമ്പോക്കു ഭൂമിയിൽ താമസിക്കുന്ന ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 264 ഗുണഭോക്താക്കൾക്ക് 1.58 കോടി രൂപ മുതൽമുടക്കിൽ സ്ഥലവും വീടും നൽകുന്നതിനുള്ള ഒരു പദ്ധതിക്ക് 2005-06-ൽ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ രൂപം നൽകി. 2000 രൂപയുടെ സഹായധനം (പദ്ധതി പണം) ഭൂമി വാങ്ങുന്നതിനും വാൽമീകി അംബേദ്കർ ഭവനപദ്ധതി*(വാംബെ) പ്രകാരം അങ്ങനെ വാങ്ങുന്ന ഭൂമിയിൽ വീട് വയ്ക്കുന്നതിന് 40,000 രൂപയും പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നു. 2005 ജൂൺ 8-ന് ജില്ലാ ആസൂത്രണ സമിതി ഈ പദ്ധതി അംഗീകരിച്ചു. ഈ പദ്ധതി നടപ്പാക്കുന്നതിനുപകരം, വിശാല കൊച്ചി വികസന അതോറിറ്റി 1997-81 കാലയളവിൽ നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതിയിൽ തുക തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയവരുടെ പട്ടിക പ്രസ്തുത അതോറിറ്റിയിൽ നിന്നും ആവശ്യപ്പെടുകയാണ് 2005 നവംബറിൽ കോർപ്പറേഷൻ ചെയ്തത്. ഇതിനുമറുപടിയായി, 279 ഗുണഭോക്താക്കളുടെ പേരുകളും അവർ അടയ്ക്കേണ്ടിയിരുന്ന തുകകളും അടങ്ങുന്ന ഒരു പട്ടിക വിശാല കൊച്ചി വികസന അതോറിറ്റി 2005 ഡിസംബറിൽ അയച്ചുകൊടുത്തു. അതനുസരിച്ച്, പുറമ്പോക്ക് നിവാസികൾക്ക് ഭൂമി വാങ്ങുന്നതിനുവേണ്ടി നീക്കിവച്ച 52.80 ലക്ഷം രൂപയിൽ നിന്ന് 27.87 ലക്ഷം രൂപ കൗൺസിലിന്റെ അനുമതിയില്ലാതെ തന്നെ കോർപ്പറേഷൻ അടച്ചു. വിശാല കൊച്ചി വികസന അതോറിറ്റിക്ക് പണം നൽകാനുള്ള തീരുമാനം കോർപ്പറേഷൻ കൗൺസിൽ കൈക്കൊണ്ടത് മൂന്നു മാസം കഴിഞ്ഞ് 2006 മേയ് 26-ന് മാത്രമായിരുന്നു. ഈ തീരുമാനത്തിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരവും ഉണ്ടായിരുന്നില്ല. വിശാല കൊച്ചി വികസന അതോറിറ്റിയുടെ ഭവനനിർമ്മാണ പദ്ധതിയിൽപ്പെട്ട ഗുണഭോക്താക്കളുടെ കുടിശ്ശിക അടച്ചുതീർത്ത നടപടി അനധികൃതവും ക്രമരഹിതവുമായിരുന്നു. ഇങ്ങനെ പണം വകമാറ്റിയതിന്റെ ഫലമായി, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പുറമ്പോക്കു നിവാസികൾക്ക്

* നഗരപ്രദേശങ്ങളിലെ ദരിദ്രർക്ക് വീട് നൽകാനുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതി

സ്ഥലവും വീടും നൽകുന്നതിനുള്ള പദ്ധതി നടപ്പാക്കാനായില്ല. തന്നെയുമല്ല, വാംബെയിൽ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്രസർക്കാർ അനുവദിച്ച തുകയും വിനിയോഗിക്കാൻ സാധിച്ചില്ല.

സെന്ററിന് 10,000 രൂപ പ്രകാരം ആ പ്രദേശത്ത് സ്ഥലം ലഭ്യമല്ലായിരുന്നുവെന്നും അതിനാൽ, പ്രസ്തുത പദ്ധതി പ്രായോഗികമല്ലായിരുന്നുവെന്നും കോർപ്പറേഷൻ 2008 ജനുവരിയിൽ മറുപടി നൽകി. ഈ പദ്ധതിയുടെ രൂപീകരണം തന്നെ തെറ്റായിരുന്നു വെന്നും അതാണ് പണം വകമാറ്റുന്നതിന് വഴിവച്ചതെന്നും ആണ് ഇത് സൂചിപ്പിക്കുന്നത്.

ഇക്കാര്യം 2007 ഡിസംബറിൽ സർക്കാരിനെ അറിയിച്ചു. 2008 മാർച്ച് വരെ മറുപടി ലഭിച്ചിട്ടില്ല.

(സി. &. എ.ജി.-യുടെ 2007 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.10)

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

90. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് വിശദീകരണം സമിതി ആരാഞ്ഞതിന് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 264 ഗുണഭോക്താക്കൾക്ക് വീടും സ്ഥലവും നൽകുന്നതിനുള്ള 1.58 കോടി രൂപയുടെ പദ്ധതിയായിരുന്നു ഇതെന്നും വീട് വയ്ക്കുന്നതിന് വാംബേ പദ്ധതിയിൻകീഴിൽ 40,000 രൂപയും ഭൂമി വാങ്ങുന്നതിന് 10,000 രൂപയും നൽകുന്നതിന് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നെങ്കിലും ആയത് പ്രാവർത്തികമല്ലെന്നു കണ്ടതിനാൽ വിശാല കൊച്ചി വികസന അതോറിറ്റിയിൽ നിന്നും വായ്പ ഉപയോഗിച്ച് വീടുകൾ നിർമ്മിച്ച കോളനി നിവാസികളായ ഗുണഭോക്താക്കൾ ജി.സി.ഡി.എ.യ്ക്ക് വായ്പ തിരിച്ചടയ്ക്കാതെ വന്നപ്പോൾ റിക്കവറി നടപടി പ്രകാരം അവരുടെ വീടുകൾ നഷ്ടപ്പെടാതിരിക്കാനും വീടുകളുടെ ഉടമസ്ഥാവകാശം അവർക്ക് ലഭ്യമാക്കുന്നതിനും വേണ്ടി ടി ഗുണഭോക്താക്കളുടെ അപേക്ഷ കണക്കിലെടുത്ത് മേയറുടെ മുൻകൂർ അനുമതിയോടുകൂടി 27.87 ലക്ഷം രൂപ ജി.സി.ഡി.എ.യ്ക്ക് കൈമാറിയെന്നും ആയതിന് പിന്നീട് കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടില്ലെന്നും പദ്ധതി മാറ്റുകയാണുണ്ടായതെന്നും ആയത് ഡി.പി.സി.യുടെ അംഗീകാരത്തിന് അയച്ചുകൊടു ത്തിട്ടുണ്ടെന്നും സെക്രട്ടറി വെളിപ്പെടുത്തി.

91. പ്രസ്തുത വിശദീകരണം സമിതി അംഗീകരിച്ചു.

### നിഗമനങ്ങൾ/ശുപാർശകൾ

**92. ഭവന നിർമ്മാണത്തിനുപയോഗിക്കേണ്ടിയിരുന്ന പദ്ധതിപണമായ 27.87 ലക്ഷം രൂപ ഭവനനിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ വായ്പാ ബാധ്യത വീട്ടുന്നതിനായാണ് കൗൺസിലിന്റെ അനുമതിയോടെ വകമാറ്റിയതെന്ന വിശദീകരണം സമിതി അംഗീകരിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

### 4.1 **2006-07-ലെ പൊതു ഉദ്ദേശ്യഫണ്ട് കൈപ്പറ്റിയില്ല**

ജില്ലാ ട്രഷറിയുടെ കണക്കുകളുമായി പൊരുത്തപ്പെടുത്തൽ നടത്തുന്നതിൽ വന്ന കാലതാമസംമൂലം തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന് (റ്റി.എം.സി.) 2007 മാർച്ചിൽ സർക്കാർ അനുവദിച്ച 1.83 കോടി രൂപ നഷ്ടമായി.

'ഡി' വിഭാഗം ഫണ്ട് അല്ലെങ്കിൽ പൊതുഉദ്ദേശ്യഫണ്ട് ത.സ്വ.ഭ. സ്ഥാപനങ്ങളുടെ പൊതുവായ ചെലവുകളായ ശമ്പളം, ഓണറേറിയം, വേതനം, വാടക, വൈദ്യുതി ചാർജ്ജുകൾ, വെള്ളക്കരം, ടെലിഫോൺ ചാർജ്ജുകൾ, പ്രിന്റിംഗ് തുടങ്ങിയവ ഉൾപ്പെടെയുള്ള പരമ്പരാഗത ചുമതലകൾ നിറവേറ്റാനായി നീക്കിവച്ചിട്ടുള്ള തുകയാണ്. എല്ലാ സാമ്പത്തിക വർഷവും ഏപ്രിൽ മുതൽ മാർച്ചുവരെ 12 തുല്യ മാസഗഡുക്കളായാണ് ഓരോ ത.സ്വ.ഭ. സ്ഥാപനത്തിനും പൊതുഉദ്ദേശ്യഫണ്ട് അനുവദിച്ചു നൽകുന്നത്. സഞ്ചിതനിധിയിൽ നിന്നും പബ്ലിക് അക്കൗണ്ടിൽ നിന്നും തുക ത.സ്വ.ഭ. സ്ഥാപനങ്ങൾക്ക് വീതംവെയ്ക്കുന്നതിനും അവ പിൻവലിക്കുന്നതിനും 2006 ഏപ്രിൽ മാസത്തിൽ കേരള സർക്കാർ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് പൊതുഉദ്ദേശ്യഫണ്ടിൽ വകയിരുത്തിയ തുക സംസ്ഥാന പബ്ലിക് അക്കൗണ്ടിലേക്ക് മാറ്റി വരവുവെയ്ക്കാനായി ധനകാര്യ വകുപ്പ് തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഒരു ബില്ല് ഹാജരാക്കും. ഇപ്രകാരം സംസ്ഥാന പബ്ലിക് അക്കൗണ്ടിൽ വരവുവെയ്ക്കുന്ന തുകയിൽ നിന്നും മുനിസിപ്പൽ കോർപ്പറേഷനുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും വിഹിതം അവയുടെ കണക്കിലേക്ക് മാറ്റി വരവുവെയ്ക്കാനായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി തിരുവനന്തപുരം ജില്ലാ ട്രഷറിക്കും കോർപ്പറേഷനുകളുടെയും പഞ്ചായത്തുകളുടെയും ഇടപാടു നടത്തുന്ന ബന്ധപ്പെട്ട ട്രഷറികൾക്കും അധികാരപത്രം നൽകും.

2006-07-ലെ ബജറ്റിൽ പൊതു ഉദ്ദേശ്യഫണ്ടിനായി 300 കോടി രൂപ വകയിരുത്തിയതിൽ, മൊത്തം 50 കോടി രൂപ 2007 ജനുവരിയിലും ഫെബ്രുവരിയിലുമായി കേരള സർക്കാരിന്റെ ധനകാര്യ വകുപ്പ് അനുവദിക്കുകയും പബ്ലിക് അക്കൗണ്ടിലേക്ക് മാറ്റി വരവുവെയ്ക്കുകയും ചെയ്തു. ഇപ്രകാരം മാറ്റി വരവുവെച്ച തുകയിൽ നിന്നും 1.36 കോടി രൂപ 14 ജില്ലാ പഞ്ചായത്തുകൾക്കും 6.06 കോടി രൂപ അഞ്ച് കോർപ്പറേഷനുകൾക്കും അടക്കം 7.42 കോടി രൂപ 2006-07-ലെ 11-ഉം 12-ഉം ഗഡുക്കളായി 2007 മാർച്ചിൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി അനുവദിക്കുകയുണ്ടായി. കോർപ്പറേഷനുകൾക്ക് അനുവദിച്ച തുകയിൽ 1.83 കോടി രൂപ റ്റി.എം.സി.യുടെ വിഹിതമായിരുന്നു. തുക അനുവദിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് റ്റി.എം.സി.ക്ക് ലഭിച്ചിരുന്നുവെങ്കിലും 2008 ജനുവരിയിൽ ഓഡിറ്റിൽ ചൂണ്ടിക്കാണിക്കുന്നതുവരെ അക്കൗണ്ടിൽ വരവുവെയ്ക്കാനായി കാലോചിതമായ ഒരു നടപടിയും എടുത്തിരുന്നില്ല.

ഓഡിറ്റ് ഈ വിവരം ചൂണ്ടിക്കാട്ടിയപ്പോൾ തിരുവനന്തപുരം ജില്ലാ ട്രഷറിയുമായി ഈ വിഷയത്തിൽ കത്തിടപാട് ആരംഭിച്ചതായി റ്റി.എം.സി. 2008 ഫെബ്രുവരിയിൽ അറിയിച്ചു. എന്നാൽ സർക്കാർ ഉത്തരവ് ലഭിക്കാത്തതുമൂലമാണ് സമയത്തിന് തുക

കോർപ്പറേഷന്റെ അക്കൗണ്ടിൽ വരവ് വെയ്ക്കാതിരുന്നതെന്നും 2006-07-ലെ കണക്കുകളുടെ നീക്കിയിരിപ്പ് അക്കൗണ്ടന്റ് ജനറലിന് റിപ്പോർട്ട് ചെയ്തതുകൊണ്ട് അദ്ദേഹത്തിന്റെ അനുവാദം കോർപ്പറേഷന്റെ അക്കൗണ്ടിൽ 1.83 കോടി രൂപ വരവു വെയ്ക്കാൻ ആവശ്യമാണെന്നും ജില്ലാ ട്രഷറി റ്റി.എം.സി.യെ അറിയിക്കുകയുണ്ടായി. റ്റി.എം.സി. തക്കസമയത്ത് കണക്കുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുകയും വിഷയം ജില്ലാ ട്രഷറിയുമായി ഏറ്റെടുക്കുകയും ചെയ്തിരുന്നുവെങ്കിൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി പബ്ലിക് അക്കൗണ്ടിൽ മാറ്റി വരവുവെച്ച 1.83 കോടി രൂപ ഇതിനകം ലഭ്യമാകുമായിരുന്നു. ഇപ്രകാരം കാലോചിതമായി കണക്കുകൾ പൊരുത്തപ്പെടുത്തുന്നതിലും തുടർനടപടികൾ എടുക്കുന്നതിലും വന്ന ആന്തരിക നിയന്ത്രണ വ്യവസ്ഥയിലെ പിഴവ് 1.83 കോടി രൂപ കണക്കിൽ വരവു വെയ്ക്കാതെ പോകാൻ ഇടയാക്കി.

ഈ വിഷയം 2008 ഒക്ടോബറിൽ സർക്കാരിലേക്ക് റിപ്പോർട്ടു ചെയ്തെങ്കിലും 2009 മേയ് വരെ മറുപടി ലഭിക്കുകയുണ്ടായില്ല.

(സി.ആന്റ് എ.ജി.യുടെ 2008 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

93. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദീകരണം സമിതി ആരാഞ്ഞതിന് 2006-07 വർഷത്തിൽ തിരുവനന്തപുരം നഗരസഭയ്ക്ക് ലഭിക്കേണ്ടതായ പൊതുഉദ്ദേശ്യഫണ്ടിന്റെ 11, 12 ഗഡുക്കൾ നഗരസഭയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിന്റെ സ്റ്റേറ്റ്മെന്റ് ഏപ്രിൽ മാസത്തിനുശേഷമാണ് ട്രഷറിയിൽ നിന്നും ലഭിച്ചതെന്നും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലെറ്റർ ഓഫ് അലോട്ട്മെന്റ് ലഭിച്ചാലും ട്രഷറിയിലേക്ക് ഫണ്ട് വരാൻ വൈകുമെന്ന് കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു.

94. എന്നാൽ ലെറ്റർ ഓഫ് അലോട്ട്മെന്റ് 16-3-2007-ൽ തന്നെ കോർപ്പറേഷനിൽ ലഭിച്ചതായി തെളിവുണ്ടെന്നും ട്രഷറിയിലെ കണക്കുകളുമായി കോർപ്പറേഷന്റെ അക്കൗണ്ടിന്റെ പൊരുത്തപ്പെടുത്തൽ (റീകൺസിലിയേഷൻ) യഥാസമയം നടത്താതിരുന്നതുകൊണ്ടാണ് പ്രസ്തുത അലോട്ട്മെന്റ് കോർപ്പറേഷന്റെ ക്രെഡിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യം അറിയാതിരുന്നതെന്നും പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ സമിതിയെ ബോധ്യപ്പെടുത്തി.

95. എല്ലാമാസവും റീകൺസിലിയേഷൻ നടത്തണമെന്ന ഗവൺമെന്റ് ഉത്തരവ് പാലിക്കാത്തതുകൊണ്ടാണ് ഫണ്ട് ക്രെഡിറ്റിൽ വന്നത് കോർപ്പറേഷൻ അധികൃതരുടെ ശ്രദ്ധയിൽപ്പെടാതിരുന്നതെന്നും ഇപ്പോൾ അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ നിർബന്ധമായും നടത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുള്ളതിനാൽ ആയത് ചെയ്യുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

96. ഇക്കാര്യത്തിൽ ട്രഷറിയുമായി എപ്പോഴും ബന്ധം വയ്ക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ഇക്കാര്യത്തിൽ കോർപ്പറേഷന് വീഴ്ച സംഭവിച്ചിട്ടുണ്ടെന്ന് സമിതി വിലയിരുത്തുകയും ട്രഷറി റീകൺസിലിയേഷൻ ഏതുമാസം വരെ നടത്തിയിട്ടുണ്ടെന്ന് ആരായുകയും ചെയ്തു.

97. ആ വിവരം പരിശോധിച്ചശേഷം അറിയിക്കാമെന്ന് കോർപ്പറേഷൻ സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകി. ആയതു സംബന്ധിച്ചുള്ള വിവരം കോർപ്പറേഷൻ നാളിതുവരെയും സമിതിക്ക് ലഭ്യമാക്കിയിട്ടില്ല.

**നിഗമനങ്ങൾ/ശുപാർശകൾ**

**98. അതാത് സാമ്പത്തികവർഷം അനുവദിച്ചുകിട്ടുന്ന മൊത്തം തുക സംബന്ധിച്ച ഒരു ഏകീകരണം നടക്കാത്തതുകൊണ്ടാണ് ഇത്തരത്തിൽ ധനനഷ്ടം സംഭവിക്കുന്നത് എന്ന് സമിതി വിലയിരുത്തുന്നു. ഭാവിയിൽ ഇതൊഴിവാക്കുന്നതിനായി കൃത്യമായും കാര്യക്ഷമമായും റീകൺസിലിയേഷൻ നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

4.2 **വസ്തുക്കരത്തിന് ഏകീകൃതമല്ലാത്ത നിരക്ക് സ്വീകരിച്ചതുമൂലമുള്ള നഷ്ടം**

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനോടും കൊല്ലം മുനിസിപ്പൽ കോർപ്പറേഷനോടും പുതിയതായി കൂട്ടിച്ചേർത്ത പഞ്ചായത്ത് പ്രദേശങ്ങളിൽ വസ്തുക്കരത്തിന് ഏകീകൃതമല്ലാത്ത നിരക്ക് സ്വീകരിച്ചതുമൂലം യഥാക്രമം 19.68 കോടി രൂപയുടെയും 3.74 കോടി രൂപയുടെയും നഷ്ടം നേരിട്ടു.

(എ) 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 4-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പുപ്രകാരം സർക്കാരിന് വിജ്ഞാപനം വഴി ഒരു മുനിസിപ്പൽ പ്രദേശത്തോട് ഭൂമിശാസ്ത്രപരമായി തൊട്ടുകിടക്കുന്ന പഞ്ചായത്തിലെ ഭൂപ്രദേശം സംയോജിപ്പിക്കാവുന്നതാണ്. അതേ വകുപ്പിന്റെ (5)-ാം ഉപവകുപ്പുപ്രകാരം ഏതെങ്കിലും ഗ്രാമപഞ്ചായത്ത് പ്രദേശം ഒരു മുനിസിപ്പാലിറ്റിയായി രൂപീകരിക്കുകയോ അതിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടുള്ളിടത്ത്, അപ്പോൾ ആ പ്രദേശത്ത് നിലവിലുള്ള നിയമങ്ങൾക്കോ റഗുലേഷനുകൾക്കോ കീഴിൽ ചുമത്തിയിരുന്ന എല്ലാ നികുതികൾക്കും ഫീസുകൾക്കും മറ്റു ചാർജ്ജുകൾക്കും, അതതു സംഗതിപോലെ, രൂപീകരണത്തിന്റെയോ ഉൾപ്പെടുത്തലിന്റെയോ തീയതി മുതൽ പ്രാബല്യം ഇല്ലാതായിത്തീരുന്നതും, എല്ലാ നികുതികളും ഫീസുകളും മറ്റ് ചാർജ്ജുകളും ഈ നിയമത്തിലെയും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളുടെയും റഗുലേഷനുകളുടെയും ബൈലാകളുടെയും വ്യവസ്ഥകൾക്കനുസൃതമായി ആ പ്രദേശത്തിൽ ചുമത്തേണ്ടതാണ്. 233-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പുപ്രകാരം നികുതികൾ, കെട്ടിടങ്ങളുടെയോ കെട്ടിടങ്ങളോട് ചേർന്നിരിക്കുന്നതോ അടുത്തുള്ളതോ കൈവശം വച്ചിരിക്കുന്നതോ ആയ ഭൂമികളുടെയോ അഥവാ രണ്ടിന്റേയുമോ, വാർഷിക മൂല്യത്തിന്റെ എത്രശതമാനമായി കൗൺസിൽ

നിശ്ചയിക്കുന്നുവോ അപ്രകാരം ചുമത്തേണ്ടതാണ്. എന്നാൽ, അങ്ങനെ നിർണ്ണയിച്ച മൊത്തം ശതമാനം, എല്ലാ കെട്ടിടങ്ങളുടെയോ, കെട്ടിടങ്ങളോട് ചേർന്നിരിക്കുന്നതോ അടുത്തുള്ളതോ കൈവശം വച്ചിരിക്കുന്നതോ ആയ ഭൂമികളുടെയോ അഥവാ രണ്ടിന്റെയുമോ, വാർഷിക മൂല്യത്തിന്റെ, ഒരു മുനിസിപ്പൽ കോർപ്പറേഷന്റെ സംഗതിയിൽ, 12 ശതമാനത്തിൽ കുറയുവാനോ 25 ശതമാനത്തിൽ കവിയുവാനോ പാടില്ലാത്തതും, എന്നാൽ നികുതിയുടെ വിവിധ ഘടകങ്ങൾ കാലാകാലങ്ങളിൽ നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കുകളേക്കാൾ കുറയാൻ പാടില്ലാത്തതും ആകുന്നു. കൂടാതെ, നികുതി ചുമത്തൽ ഏകരൂപമായിരിക്കണമെന്ന് 236-ാം വകുപ്പ് അനുശാസിക്കുന്നു.

തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ നിലവിലുള്ള വസ്തു നികുതിയുടെ നിരക്ക് വാർഷിക വാടക മൂല്യത്തിന്റെ 18 ശതമാനമാണ്. 2000 ഒക്ടോബർ ഒന്നുമുതൽ തിരുവനന്തപുരം ജില്ലയിലെ ആറ്റിപ്ര, കടകംപള്ളി, ഉള്ളൂർ, നേമം, തിരുവല്ലം എന്നീ ഗ്രാമപഞ്ചായത്തുകൾ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനോട് കൂട്ടിച്ചേർക്കുകയുണ്ടായി. ഈ പഞ്ചായത്തുകളിൽ വസൂലാക്കിയിരുന്ന വസ്തുനികുതി ആറ് ശതമാനമായിരുന്നു. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് കോർപ്പറേഷന്റെ കീഴിൽ വരുന്ന എല്ലാ പ്രദേശങ്ങളിലേയും വസ്തുനികുതിയുടെ നിരക്ക് ഏകരൂപമായിരിക്കുന്നതിനു വേണ്ടി കൂട്ടിച്ചേർത്ത പഞ്ചായത്ത് പ്രദേശങ്ങളിലെ ഭൂമിയുടെയും കെട്ടിടങ്ങളുടെയും വസ്തു നികുതി നിലവിലുള്ള 18 ശതമാനം നിരക്കിൽ വസൂലാക്കേണ്ടതായിരുന്നു. കൂട്ടിച്ചേർത്ത പഞ്ചായത്തു പ്രദേശങ്ങളിലെ ജനങ്ങളുടെ കഷ്ടപ്പാടും പൊതു പ്രക്ഷോഭങ്ങളും ഒഴിവാക്കുവാനായി അവിടങ്ങളിൽ നിലവിലുണ്ടായിരുന്ന 6 ശതമാനം വസ്തു നികുതി നിരക്ക് അടുത്ത ജനറൽ റിവിഷൻ വരെ നിലനിർത്തുവാൻ 2000 ഒക്ടോബറിൽ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ സർക്കാരിലേക്ക് ശുപാർശ ചെയ്തു. നികുതികൾ പുനർനിർണ്ണയം ചെയ്യാൻ പ്രമേയം പാസ്സാക്കുകയോ, അടുത്ത ജനറൽ റിവിഷൻ വരെയോ, ഏതാണ് ആദ്യം സംഭവിക്കുന്നത് എന്നതിനുവിധേയമായി കൂട്ടിച്ചേർക്കപ്പെട്ട പ്രദേശങ്ങളിൽ നിലവിലുള്ള നികുതി നിരക്ക് തുടരുവാൻ 2000 ഒക്ടോബറിൽ സർക്കാർ അനുവാദം നൽകി. പിന്നീട് 2003 മേയിൽ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കോർപ്പറേഷന്റെ ഭൂമിശാസ്ത്രപരമായ പരിധിക്കകത്ത് സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിലെ നിലവിലുള്ള നികുതി നിരക്കുകൾ ഏകീകരിക്കുവാൻ കൗൺസിലിനോട് ശുപാർശ ചെയ്യുകയുണ്ടായി. എന്നാൽ ഈ വിഷയത്തിൽ 2008 ഒക്ടോബർ വരെയും കൗൺസിൽ തീരുമാനമെടുക്കുകയുണ്ടായില്ല. ഇതിന്റെ ഫലമായി കോർപ്പറേഷന്റെ 86 ഡിവിഷനുകളിൽ 50 എണ്ണത്തിൽ വാർഷിക വാടക മൂല്യത്തിന്റെ 18 ശതമാനം നിരക്കിൽ വസ്തുനികുതി പിരിക്കുകയും ബാക്കിയുള്ള 36 ഡിവിഷനുകളിൽ 1994-ലെ മുനിസിപ്പാലിറ്റി നിയമത്തിലെ 236-ാം വകുപ്പിന് വിപരീതമായി ആറ് ശതമാനം നിരക്കിൽ വസ്തുനികുതി പിരിക്കുകയും ചെയ്തു. വ്യത്യസ്ത ഡിവിഷനുകളിൽ ഏകീകൃതമല്ലാത്ത വസ്തുനികുതി നിരക്ക്

സ്വീകരിച്ചതിന്റെ ഫലമായി 2001-02 മുതൽ 2007-08 വരെയുള്ള കാലത്ത് താഴെ വിശദീകരിക്കുംപ്രകാരം തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന് 19.68 കോടി രൂപയുടെ റവന്യൂ നഷ്ടം ഉണ്ടായി:

(രൂപ കോടിയിൽ)

| *വർഷം* | *18 ശതമാനം നിരക്കിൽ പിരിക്കേണ്ട തുക* | *യഥാർത്ഥ പിരിവ്* | *നഷ്ടം* |
|---|---|---|---|
| 2001-02 | 2.46 | 0.62 | 1.84 |
| 2002-03 | 2.75 | 0.71 | 2.04 |
| 2003-04 | 3.01 | 0.78 | 2.23 |
| 2004-05 | 3.25 | 0.83 | 2.42 |
| 2005-06 | 3.49 | 0.82 | 2.67 |
| 2006-07 | 4.60 | 0.89 | 3.71 |
| 2007-08 | 5.09 | 0.32 | 4.77 |
| ആകെ | 24.65 | 4.97 | 19.68 |

ഉറവിടം: തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ

കെട്ടിട നികുതിയുടെ അഞ്ച് ശതമാനം ലൈബ്രറി സെസ്സ് ആയി പിരിച്ച് വർഷംതോറും സംസ്ഥാനം ലൈബ്രറി കൗൺസിലിൽ അടയ്ക്കുവാൻ കേരള ലൈബ്രറി കൗൺസിൽ നിയമം അനുശാസിക്കുന്നു. വസ്തുനികുതിയുടെ പിരിവിൽ വന്ന കുറവുമൂലം ലൈബ്രറി സെസ്സിന്റെ പിരിവിലും താഴെ സൂചിപ്പിക്കുംവിധം 98.44 ലക്ഷം രൂപയുടെ കുറവ് വരികയുണ്ടായി:

(രൂപ ലക്ഷത്തിൽ)

| *വർഷം* | *പിരിക്കേണ്ട ലൈബ്രറി സെസ്സ്* | *യഥാർത്ഥത്തിൽ പിരിച്ച സെസ്സ്* | *കുറവ്* |
|---|---|---|---|
| 2001-02 | 12.28 | 3.10 | 9.18 |
| 2002-03 | 13.75 | 3.55 | 10.20 |
| 2003-04 | 15.05 | 3.92 | 11.13 |
| 2004-05 | 16.30 | 4.11 | 12.19 |
| 2005-06 | 17.43 | 4.07 | 13.36 |
| 2006-07 | 23.01 | 4.47 | 18.54 |
| 2007-08 | 25.43 | 1.59 | 23.84 |
| ആകെ | 123.25 | 24.81 | 98.44 |

മേല്പറഞ്ഞ വസ്തുതകൾ 2008 ഒക്ടോബറിൽ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. എന്നാൽ 2009 മേയ് വരെ മറുപടി ഒന്നും ലഭിക്കുകയുണ്ടായില്ല.

(സി. ആന്റ് എ.ജി.യുടെ 2008 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.2)

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

99. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദീകരണം സമിതി ആരാഞ്ഞതിന് കോർപ്പറേഷനുമായി കൂട്ടിച്ചേർത്ത പഞ്ചായത്ത് പ്രദേശങ്ങളിൽ നികുതി നിർണ്ണയം നടത്താൻ കൗൺസിൽ ഒരു പ്രമേയംമൂലം തീരുമാനിക്കുന്നകാലയളവു വരെയോ അടുത്ത പൊതുനികുതി നിർണ്ണയം വരെയോ ഏതാണോ ആദ്യം നിലവിൽ വരുന്നത് അതുവരെ മുൻ പഞ്ചായത്ത് പ്രദേശങ്ങളിൽ നിലവിലുള്ള മുൻ നിരക്കിൽ നികുതി ഈടാക്കാവുന്നതാണ് എന്ന് 18-10-2000-ൽ സർക്കാർ നിർദ്ദേശം നൽകിയിരുന്നുവെന്നും അതിന്റെ അടിസ്ഥാനത്തിലാണ് പഴയനികുതി തന്നെ ഈടാക്കിയിരുന്നതെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. നികുതി പുനർനിർണ്ണയം വൈകിയതനുസരിച്ച് 2009-ൽ കൗൺസിൽ തന്നെ പഞ്ചായത്ത് പ്രദേശങ്ങളിലെ കെട്ടിടങ്ങൾക്ക് വാർഷിക വാടക മൂല്യത്തിന്റെ 18 ശതമാനം എന്ന നിലവിലുള്ള നികുതിനിരക്കിൽ തന്നെ ഏർപ്പെടുത്തുന്നതിനും പഴയനികുതി പിന്നീട് നികുതി പുനർനിർണ്ണയം വരുന്നതനുസരിച്ച് ക്രമീകരിക്കുന്നതിനും തീരുമാനമെടുത്തിരുന്നുവെന്നും കോർപ്പറേഷൻ സെക്രട്ടറി വെളിപ്പെടുത്തി.

100. നാലോ അഞ്ചോ വർഷം കൂടുമ്പോൾ നികുതി പുനർനിർണ്ണയിക്കണമെന്നുള്ള ആക്ടിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായി വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചതു സംബന്ധിച്ച വിശദീകരണം സമിതി ആരാഞ്ഞതിന് നികുതി പുനഃക്രമീകരിക്കാനുള്ള പ്രൊപ്പോസൽ നൽകാൻ ഗവൺമെന്റ് സെക്രട്ടറിമാർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ ധരിപ്പിച്ചു. സംസ്ഥാന തലത്തിൽ വസ്തുനികുതി നിർണ്ണയം കാലാകാലങ്ങളിൽ നടത്തേണ്ടതാണെന്നും ആയത് നടന്നില്ലെങ്കിൽ പ്രാദേശിക തലത്തിൽ നടത്താൻ കഴിയില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു.

101. നികുതി വാങ്ങുന്നതിനു പുറമേ സേവനവും നൽകേണ്ടതാണെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് പരാമർശത്തിനുള്ള വിശദീകരണം സമിതി അംഗീകരിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

102. **സംസ്ഥാന തലത്തിൽ പൊതുനികുതി നിർണ്ണയം വരുന്നതനുസരിച്ച് പഴയ പഞ്ചായത്ത് പ്രദേശങ്ങളിൽ നികുതി പുനഃക്രമീകരിക്കുന്നതിന് കൗൺസിൽ തീരുമാനമെടുത്തിരുന്നു എന്ന വിശദീകരണത്തിൽ സമിതി തൃപ്തിപ്പെടുന്നു.**

ഓഡിറ്റ് ഖണ്ഡിക

(ബി) കൊല്ലം മുനിസിപ്പാലിറ്റിയും അതിനോട് ചേർന്നുകിടന്നിരുന്ന ഗ്രാമ പഞ്ചായത്തുകളായ ഇരവിപുരം, വടക്കേവിള, കിളിക്കൊല്ലൂർ, ശക്തികുളങ്ങര എന്നിവയും സംയോജിപ്പിച്ച് കേരള സർക്കാർ 2000 ഒക്ടോബർ ഒന്നിന് കൊല്ലം മുനിസിപ്പൽ കോർപ്പറേഷന് രൂപം നൽകി. ലയിപ്പിച്ച ഗ്രാമപ്രദേശങ്ങളിലെ വസ്തുനികുതി 2000 ഒക്ടോബർ മുതൽ കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിലെ ഇതര പ്രദേശങ്ങളിൽ നിലവിലുള്ള നിരക്കായ വാർഷിക വാടക മൂല്യത്തിന്റെ 14 ശതമാനമായി കണക്കാക്കേണ്ടതായിരുന്നു. ലയിപ്പിച്ച ഗ്രാമപ്രദേശങ്ങളിലെ 2000 ഒക്ടോബറിനു മുമ്പുള്ള വസ്തുനികുതി 5 മുതൽ 9 ശതമാനം വരെയായിരുന്നു. കൊല്ലം മുനിസിപ്പൽ കോർപ്പറേഷന്റെ ഭൂമിശാസ്ത്രപരമായ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ നികുതി ഏകീകരിക്കുന്നതിന്റെ ഭാഗമായി, 2000 ഒക്ടോബറിന് മുൻപ് നികുതി പുനർനിർണ്ണയിക്കുകയുണ്ടായില്ല. ഇതിന്റെ ഫലമായി കോർപ്പറേഷന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ വസ്തുനികുതി പിരിവ് 14 ശതമാനം മുതൽ 5 ശതമാനം വരെയുള്ള വ്യത്യസ്ത നിരക്കുകളിലായിരുന്നു. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 4(5), 236 എന്നീ വകുപ്പുകൾ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ഏകീകൃത നിരക്കായ 14 ശതമാനം കൊല്ലം മുനിസിപ്പൽ കോർപ്പറേഷന്റെ പരിധിയിൽ വരുന്ന എല്ലാ വസ്തുനികുതി നിർണ്ണയങ്ങൾക്കും സ്വീകരിക്കാതിരുന്നതിന്റെ ഫലമായി 2001-02 മുതൽ 2007-08 വരെ താഴെ കാണിക്കുംവിധം 3.74 കോടി രൂപയുടെ നഷ്ടം കോർപ്പറേഷനുണ്ടായി:

(രൂപ ലക്ഷത്തിൽ)

| *ക്രമ നമ്പർ* | *കൂട്ടിച്ചേർത്ത ഗ്രാമപഞ്ചായത്തിന്റെ പേര്* | *പഴയ നിരക്കിൽ നികുതി നിശ്ചയിച്ച് 30-9-2000 വരെ ഡിമാന്റു ചെയ്ത തുക* | *14 ശതമാനം നിരക്കിൽ 30-9-2000 വരെ ഡിമാന്റു ചെയ്യേണ്ടിയിരുന്ന തുക* | *ഡിമാന്റിലുള്ള വാർഷിക കുറവ്* | *2001-02 മുതൽ 2007-08 വരെയുള്ള 7 വർഷം ഡിമാന്റിൽ വന്ന കുറവ്* |
|---|---|---|---|---|---|
| 1 | ഇരവിപുരം | 6.75 | 17.19 | 10.44 | 73.08 |
| 2 | വടക്കേവിള | 8.10 | 18.90 | 10.80 | 75.60 |
| 3 | കിളിക്കൊല്ലൂർ | 9.22 | 25.82 | 16.60 | 116.20 |
| 4 | ശക്തികുളങ്ങര | 9.75 | 25.29 | 15.54 | 108.78 |
| | ആകെ | 33.82 | 87.20 | 53.38 | 373.66 |

വസ്തുനികുതി ഡിമാന്റുചെയ്യുന്നതിൽ വന്ന കുറവിന്റെ ഫലമായി നികുതിയുടെ അഞ്ച് ശതമാനം തുകയായ 18.67 ലക്ഷം രൂപയുടെ കുറവ് ഇതേ കാലയളവിൽ താഴെ വിവരിക്കുംപ്രകാരം ലൈബ്രറി സെസ്സിന്റെ ഡിമാന്റിലുമുണ്ടായി.

(രൂപ ലക്ഷത്തിൽ)

| *ക്രമ നമ്പർ* | *കൂട്ടിച്ചേർത്ത ഗ്രാമപഞ്ചായത്തിന്റെ പേര്* | *ഡിമാന്റിലുള്ള കുറവ്* |
|---|---|---|
| 1 | ഇരവികുളം | 3.65 |
| 2 | വടക്കേവിള | 3.78 |
| 3 | കിളിക്കൊല്ലൂർ | 5.81 |
| 4 | ശക്തികുളങ്ങര | 5.43 |
| | | ആകെ 18.67 |

ഈ വിഷയം 2008 നവംബറിൽ സർക്കാരിലേക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ടായിരുന്നു വെങ്കിലും 2009 മേയ് വരെ മറുപടി ലഭിക്കുകയുണ്ടായില്ല.

[സി.ആന്റ് എ.ജി.യുടെ 2008 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 4.2(ബി)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

103. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞതിന് നികുതി ഏകീകരണത്തിനായി പ്രാരംഭനടപടികൾ നടത്തിയിട്ടുണ്ടെന്നും പുതിയ പട്ടിക തയ്യാറാക്കിയിട്ടുണ്ടെന്നും എന്നാൽ ആയത് നടപ്പാക്കിയിട്ടില്ലെന്നും കോർപ്പറേഷൻ സെക്രട്ടറി സമിതിയെ അറിയിച്ചു. കൂടാതെ വസ്തുനികുതി സംസ്ഥാന തലത്തിൽ പുനർനിർണ്ണയം നടത്തുമ്പോൾ ഏകീകരണം നടപ്പാക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത് എന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

104. സംസ്ഥാനതലത്തിൽ നികുതി പുനർനിർണ്ണയം ഉടനെ നടക്കാൻ സാധ്യതയില്ലെന്ന് അഭിപ്രായപ്പെട്ട സമിതി നികുതി ഏകീകരിക്കണം എന്ന താല്പര്യം നഗരസഭയ്ക്കില്ലെ എന്ന് ആരാഞ്ഞു.

105. നികുതി ഏകീകരണത്തിനുള്ള അന്തിമപട്ടിക തയ്യാറാക്കി വരുന്നുണ്ടെന്നും കൗൺസിലിനെ സംബന്ധിച്ച് ഏകീകരണം ബുദ്ധിമുട്ടാണെന്നും കൊല്ലം കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. ഈ വിഷയത്തിൽ കോർപ്പറേഷനിലെ ജനങ്ങളുടെ പ്രതികരണമെന്തായിരിക്കാമെന്നത് സംബന്ധിച്ച് ആശങ്കയുണ്ടെന്ന് സെക്രട്ടറി കൂട്ടിച്ചേർത്തു.

**നിഗമനങ്ങൾ/ശുപാർശകൾ**

106. **കൊല്ലം കോർപ്പറേഷനിലെ നികുതി ഏകീകരണത്തിന് സംസ്ഥാന തലത്തിലെ നികുതി പുനർനിർണ്ണയംവരെ കാത്തിരിക്കേണ്ടതില്ല എന്ന് സമിതി വിലയിരുത്തുന്നു. കോർപ്പറേഷനിലെ ഒരു പ്രദേശത്തെ പ്രത്യേക സോണുകളായി തരംതിരിച്ച്, നികുതി നിശ്ചയിച്ചാൽ ജനങ്ങളുടെ ബുദ്ധിമുട്ട് ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കുമെന്ന് സമിതി കരുതുന്നു. നികുതി പരിഷ്ക്കരിക്കുന്നതിന് ഇതിനോടകം സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. പ്രസ്തുത പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

വർക്കല കഹാർ,

*ചെയർമാൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,

2013 ഏപ്രിൽ 9.

## അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട വകുപ്പ് | നിഗമനം/ശുപാർശ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 8 | തദ്ദേശസ്വയംഭരണം | തൊഴിൽരഹിത വേതനം വിതരണം ചെയ്യുന്നതിനുള്ള തുക നിർദ്ദേശിച്ചിട്ടുള്ള മാസം 5-ാം തീയതി പിൻവലിക്കുകയും 6, 7, 8, 9 തീയതികളിൽ മാത്രം വിതരണം നടത്തി ബാക്കി തുക 10-ാം തീയതി തന്നെ സർക്കാർ ട്രഷറിയിൽ തിരിച്ചടയ്ക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷൻ ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടി മറ്റ് കോർപ്പറേഷനുകൾക്ക് കൂടി മാതൃകയാക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ആയതിനാൽ അത്തരത്തിലുള്ള ഒരു നിർദ്ദേശം പുറപ്പെടുവിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 2 | 9 | ” | വിതരണം ചെയ്യാതെ ബാക്കിയായ തൊഴിൽരഹിത വേതനയിനത്തിലുള്ള തുക അപഹരിച്ചതു സംബന്ധിച്ചുള്ള വിജിലൻസ് കേസിന്റെ അന്വേഷണ പുരോഗതി സംബന്ധിച്ചുള്ള വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 3 | 10 | ” | വിതരണം ചെയ്യാതെ ബാക്കിയായ തൊഴിൽരഹിത വേതനയിനത്തിലുള്ള തുക അപഹരിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ള ഉദ്യോഗസ്ഥരുടെ ഇക്കാര്യത്തിലുള്ള ബാധ്യത നിശ്ചയിക്കണമെന്നും, സർവ്വീസിലുള്ള ജീവനക്കാരന്റെ ശമ്പളത്തിൽ നിന്ന് ആയത് ആനുപാതികമായി ഈടാക്കുന്നതിനും റിട്ടയർ ചെയ്തിട്ടുള്ള ഉദ്യോഗസ്ഥന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്ന് ടി ബാധ്യത ഈടാക്കുന്നതിനും അതിനുകഴിയാത്തപക്ഷം റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | 11 | തദ്ദേശസ്വയംഭരണം | വിതരണം ചെയ്യാതെ ബാക്കിയായ തൊഴിൽരഹിത വേതനയിനത്തിലുള്ള തുക യഥാസമയം ട്രഷറിയിൽ നിക്ഷേപി ച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലും, ആയത് അപഹരിക്കപ്പെട്ടത് യഥാസമയം കണ്ടെത്തുന്നതിലും വീഴ്ച വരുത്തിയി ട്ടുള്ള ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് കണ്ടെത്തി അവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 5 | 22 | ” | പിഴപ്പലിശ ഈടാക്കാൻ സാധിക്കില്ലെന്ന ഹൈക്കോടതി ഉത്തരവ് വന്നപ്പോൾ പ്രസ്തുത തുക എഴുതിത്തള്ളാൻ തീരുമാനിക്കേണ്ടി വന്നത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ അനാസ്ഥയാണെന്ന് സമിതി വിലയിരുത്തുന്നു. തൃശ്ശൂർ കോർപ്പറേഷനിലെ വൈദ്യുതി ചാർജ്ജിന ത്തിലുള്ള പിഴപ്പലിശ എഴുതിത്തള്ളിയതു മായി ബന്ധപ്പെട്ട ഫയൽ സ്വകാര്യ വ്യക്തി മുഖേന തദ്ദേശസ്വയംഭരണ വകുപ്പിൽ എത്തിച്ചേർന്നത് ഏതു സാഹചര്യത്തിലാണെന്നതു സംബന്ധിച്ച വിവരങ്ങളും ആയതു സംബന്ധിച്ചുള്ള വിജിലൻസ് കേസിന്റെ പുരോഗതി സംബന്ധിച്ചുള്ള വിവരങ്ങളും ലഭ്യമാക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 6 | 23 | ” | വൈദ്യുതി ചാർജ്ജിനത്തിലുള്ള കുടിശ്ശിക സംബന്ധിച്ചുള്ള ഡിമാന്റ് നോട്ടീസ് യഥാസമയം നൽകുന്നതിൽ വീഴ്ച വരുത്തിയ ജീവനക്കാർ ആരെല്ലാമാ ണെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്നതു സംബന്ധിച്ചും അവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെ ന്നതു സംബന്ധിച്ചുമുള്ള വിശദാം ശങ്ങൾ ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | 24 | തദ്ദേശസ്വയംഭരണം | വൈദ്യുതി ചാർജ്ജിനത്തിലുള്ള പിഴപ്പലിശ എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട് ശരിയായ നിയമോപദേശം ആരായുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 8 | 25 | ” | വൈദ്യുതി ചാർജ്ജിനത്തിലുള്ള പിഴപ്പലിശ എഴുതിത്തള്ളിയതിന് സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമാക്കുന്നതിനായി കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 9 | 30 | ” | നഗരസഭയുടെ കൈവശമുണ്ടായിരുന്ന ഇന്ദിരാവികാസ് പത്രങ്ങളുടെ കാലാവധി തീയതികൾ സൂക്ഷ്മമായി തുടർ നിരീക്ഷണം നടത്താതെ നഗരസഭയ്ക്ക് 63.65 ലക്ഷം രൂപയുടെ നഷ്ടം വരുത്തിയതിനുത്തരവാദികളായ ജീവനക്കാരിൽ നിന്ന് വിശദീകരണം വാങ്ങി ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ആയതിന്റെ വിശദാംശം ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 10 | 31 | ” | നഗരസഭയിൽ ആസ്തി രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കപ്പെടുന്നുണ്ടെന്നുറപ്പു വരുത്തുന്നതിനായി നിലവിലുള്ള മോണിറ്ററിംഗ് സംവിധാനം ഊർജ്ജിതപ്പെടുത്തണമെന്നും ആസ്തികളുടെ വാർഷിക ഭൗതിക പരിശോധന കർശനമായി നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 11 | 32 | ” | നഗരസഭയുടെ കൈവശമുണ്ടായിരുന്ന ഇന്ദിരാവികാസ് പത്രങ്ങൾ യഥാസമയം പണമാക്കി പുനർനിക്ഷേപം നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ചുമതലയുണ്ടായിരുന്ന മേലുദ്യോഗസ്ഥരുടെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വീഴ്ച അന്വേഷണവിധേയമാക്കണമെന്നും അവരിൽനിന്നും വിശദീകരണം വാങ്ങി ആവശ്യമായ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 12 | 37 | തദ്ദേശസ്വയംഭരണം | കേന്ദ്രാവിഷ്കൃത ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളായ സ്വർണ്ണജയന്തി ഷഹരി റോസ്ഗാർ യോജന, ദേശീയ ചേരി വികസന പദ്ധതി എന്നിവയ്ക്കുള്ള തുക അടിയന്തിരമായി ലഭ്യമാക്കി, എത്രയും വേഗം നടപ്പിലാക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 13 | 43 | ” | തിരുവനന്തപുരം കോർപ്പറേഷനിലെ 'വാംബേ' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വീടുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. പ്രസ്തുത പദ്ധതിയിൻ കീഴിലുള്ള വീടുകളുടെ/ഫ്ളാറ്റുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 14 | 44 | ” | പ്രസ്തുത പദ്ധതിയിൻകീഴിൽ ഇനിയും പൂർത്തിയാക്കാനുള്ള വീടുകളുടെ/ഫ്ളാറ്റുകളുടെ നിർമ്മാണത്തിനാവശ്യമായ അധികത്തുക കണ്ടെത്തി, പദ്ധതി ഗുണഭോക്താക്കളുടെ സഹകരണത്തോടുകൂടി പദ്ധതി പ്രവർത്തനം പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 15 | 57 | ” | ഖരമാലിന്യം നീക്കം ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ 1997-ലെ കേരള മുനിസിപ്പാലിറ്റി (പൊതു മരാമത്തു പണികളുടെ നടത്തിപ്പും സാധനങ്ങൾ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വാങ്ങലും) ചട്ടങ്ങൾക്ക് വിരുദ്ധമായി നടപ്പിലാക്കിയതിൽ ചില ക്രമക്കേടുകളും വ്യക്തി താല്പര്യങ്ങളും കടന്നുകൂടിയിട്ടു ണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. മേലിൽ ഇത്തരം ക്രമക്കേടുകൾ സംഭവിക്കാ തിരിക്കുന്നതിനായി ഇക്കാര്യത്തിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടു വിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 16 | 79 | തദ്ദേശസ്വയംഭരണം | കൊച്ചി കോർപ്പറേഷനിൽ ചവർ നീക്കം ചെയ്യുന്നതിന് കരാറെടുത്തയാൾ ഉള്ളപ്പോൾ ടിയാൻ ചവർ നീക്കം ചെയ്യു ന്നുണ്ടെന്ന് ഉറപ്പുവരുത്തുകയാണ് കോർപ്പറേഷൻ ചെയ്യേണ്ടിയിരുന്നതെന്ന് സമിതി വിലയിരുത്തുന്നു. കൊച്ചി കോർപ്പറേഷനിലെ അന്നത്തെ ഡംബിംഗ് പ്രദേശങ്ങളായ വില്ലിംഗ്ടൺ ഐലന്റിലും ചേരാനല്ലൂരിലും ചവറുകൾ ഇടാൻ പറ്റാത്തതാണ് അന്നത്തെ പ്രത്യേക സാഹചര്യമെന്ന വിശദീകരണം സമിതിക്ക് തൃപ്തികരമായി തോന്നുന്നില്ല. വാഹനങ്ങൾ വേണ്ട വിധത്തിൽ നിരീക്ഷിക്കാതിരുന്നതും സുതാര്യമല്ലാത്ത ടെൻഡർ നടപടികൾ സ്വീകരിച്ചതും നിമിത്തം കോർപ്പറേഷനുണ്ടായ സാമ്പത്തിക നഷ്ടം ഒഴിവാക്കപ്പെടേണ്ട തായിരുന്നു എന്നും സമിതി വിലയിരു ത്തുന്നു. സമിതിക്ക് ലഭ്യമാക്കിയ മറുപടിയിൽ വാഹനങ്ങൾ വാടകയ്ക്ക് എടുത്തതിന്റെ നിരക്ക് സംബന്ധിച്ച യാതൊരു വിവരവും ലഭ്യമാക്കിയിട്ടില്ലെന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഇത്തരത്തി ലുള്ള ദുർച്ചെലവുകൾ നിയന്ത്രിക്കുന്ന തിന് വ്യക്തമായ മാർഗ്ഗരേഖ പുറപ്പെടുവി ക്കണമെന്നും ഭാവിയിൽ ഇത്തരം സംഭവ ങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 17 | 80 | തദ്ദേശസ്വയംഭരണം | കൊച്ചി കോർപ്പറേഷനിലെ വർദ്ധിച്ചു വരുന്ന ഖരമാലിന്യങ്ങൾ ഫലപ്രദമായി നിർമ്മാർജ്ജനം ചെയ്യുന്നതിനായി ജീവനക്കാർക്ക് പരിശീലനം നൽകുന്നതുൾപ്പെടെയുള്ള ഫലപ്രദമായ കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 18 | 81 | ” | തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടുണ്ടാകുന്ന വിജിലൻസ് കേസ്സുകളിൽ ബന്ധപ്പെട്ട ഫയലുകൾ വിജിലൻസ് അധികൃതർക്ക് കൈമാറുന്ന അവസരത്തിൽ അവയുടെ മതിയായ പകർപ്പുകൾ ഓഫീസിൽ സൂക്ഷിക്കുന്നുണ്ടെന്നുറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 19 | 84 | ” | പൊതു ഉദ്ദേശ്യസഹായധനം അധികമായി നഗരസഭയ്ക്ക് ലഭിച്ചപ്പോൾ, ടി തുകയ്ക്ക് തുല്യമായ തുക പദ്ധതി തുകയിൽ നിന്ന് കുറവ് ചെയ്ത് തിരിച്ചടച്ചുവെന്നും ആയതിന് സർക്കാർ സാധൂകരണം ലഭിച്ചിട്ടുണ്ടെന്നുമുള്ള വിശദീകരണം സമിതി അംഗീകരിക്കുന്നു. |
| 20 | 89 | ” | കോർപ്പറേഷൻ ഫണ്ട് വിനിയോഗിച്ചു സാധനങ്ങൾ വാങ്ങുമ്പോൾ റേറ്റ് കോൺട്രാക്ട് സമ്പ്രദായം അനുവർത്തിക്കുന്നത് ലാഭകരമായിരിക്കുമെന്ന് സമിതി വിലയിരുത്തുന്നു. സോഡിയം വേപ്പർ ലാമ്പിന് ക്രമാതീതമായ നിരക്കുകൾ എസ്റ്റിമേറ്റിൽ ഉൾപ്പെട്ടതുപോലുള്ള സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് റേറ്റ് കോൺട്രാക്ട് സമ്പ്രദായം കർശനമായി നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 21 | 92 | ,, | ഭവന നിർമ്മാണത്തിനുപയോഗിക്കേണ്ടിയിരുന്ന പദ്ധതി പണമായ 27.87 ലക്ഷം രൂപ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഭവനനിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ വായ്പാ ബാധ്യത വീട്ടുന്നതിനായാണ് കൗൺസിലിന്റെ അനുമതിയോടെ വകമാറ്റിയതെന്ന വിശദീകരണം സമിതി അംഗീകരിക്കുന്നു. |
| 22 | 98 | തദ്ദേശസ്വയംഭരണം | അതാത് സാമ്പത്തികവർഷം അനുവദിച്ചു കിട്ടുന്ന മൊത്തം തുക സംബന്ധിച്ച ഒരു ഏകീകരണം നടക്കാത്തതുകൊണ്ടാണ് ഇത്തരത്തിൽ ധനനഷ്ടം സംഭവിക്കുന്നത് എന്ന് സമിതി വിലയിരുത്തുന്നു. ഭാവിയിൽ ഇതൊഴിവാക്കുന്നതിനായി കൃത്യമായും കാര്യക്ഷമമായും റീകൺസിലിയേഷൻ നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 23 | 102 | ” | സംസ്ഥാനതലത്തിൽ പൊതുനികുതി നിർണ്ണയം വരുന്നതനുസരിച്ച് പഴയ പഞ്ചായത്ത് പ്രദേശങ്ങളിൽ നികുതി പുനഃക്രമീകരിക്കുന്നതിന് കൗൺസിൽ തീരുമാനമെടുത്തിരുന്നു എന്ന വിശദീകരണത്തിൽ സമിതി തൃപ്തിപ്പെടുന്നു. |
| 24 | 106 | ” | കൊല്ലം കോർപ്പറേഷനിലെ നികുതി ഏകീകരണത്തിന് സംസ്ഥാന തലത്തിലെ നികുതി പുനർനിർണ്ണയം വരെ കാത്തിരിക്കേണ്ടതില്ല എന്ന് സമിതി വിലയിരുത്തുന്നു. കോർപ്പറേഷനിലെ ഒരു പ്രദേശത്തെ പ്രത്യേക സോണുകളായി തരംതിരിച്ച്, നികുതി നിശ്ചയിച്ചാൽ ജനങ്ങളുടെ ബുദ്ധിമുട്ട് ഒരു പരിധി വരെ കുറയ്ക്കാൻ സാധിക്കുമെന്ന് സമിതി കരുതുന്നു. നികുതി പരിഷ്ക്കരിക്കുന്നതിന് ഇതിനോടകം സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. പ്രസ്തുത പ്രവൃത്തി അടിയന്തിരമായി പൂർത്തിയാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

അനുബന്ധം II

## അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് 2005-06 വർഷത്തെ റിപ്പോർട്ടിൻമേൽ തിരുവനന്തപുരം നഗരസഭ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ഓഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| *ക്രമ നമ്പർ* | *ഓഡിറ്റ് ഖണ്ഡിക നമ്പർ* | *ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി* |
|---|---|---|
| (1) | (2) | (3) |
| 1 | 4.1 | 2005-06 വർഷത്തെ കാലയളവിൽ തൊഴിൽരഹിത വേതനം വിതരണം ചെയ്യുന്നതിനായി ട്രഷറിയിൽനിന്നും പിൻവലിച്ച തുകയിൽ വിതരണം നടത്തിയശേഷം ബാക്കിവന്ന തുക ട്രഷറിയിൽ ഒടുക്കു വരുത്താതെ പണാപഹരണം നടത്തുകയുണ്ടായി. ഈ വിവരം ഓഡിറ്റിൽ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അപഹരിച്ച തുകയായ 15,45,320 രൂപയിൽ 11,24,670 രൂപ 12-2-2007-ൽ സർക്കാർ ഫണ്ടിൽ ഒടുക്കു വരുത്തുകയുണ്ടായി. ബാക്കി തുകയായ 4,24,650 രൂപ നാളിതുവരെയായി ഒടുക്കു വരുത്തിയിട്ടില്ലാത്തതുമാകുന്നു.<br><br>ഈ സംഭവവുമായി ബന്ധപ്പെട്ട് അന്നത്തെ സെക്ഷൻ ക്ലാർക്കുമാരായ ശ്രീ. ജി. സദാശിവൻ നായരെയും ശ്രീ. പി. എൽ. ജീവനേയും സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും, മ്യൂസിയം പോലീസ് സി.ഐ.യ്ക്ക് പരാതി നൽകുകയും, വിവരം സർക്കാരിലും നഗരകാര്യ ഡയറക്ടറേറ്റിലും റിപ്പോർട്ട് ചെയ്യുകയുണ്ടായി. ടി വിഷയം സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.<br><br>വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ 19-9-2009-ലെ സി4(വി.സി.05/07/എസ്.ഐ.യു.) 17590/07 നമ്പർ കത്ത് പ്രകാരം കേസ് ഇപ്പോഴും അന്വേഷണഘട്ടത്തിലാണെന്ന് അറിയിച്ചിട്ടുണ്ട്.<br><br>സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. പി. എൽ. ജീവൻ പുനർവിന്യാസം വഴി കൃഷി വകുപ്പിൽ നിന്നും വന്ന ജീവനക്കാരനായിരുന്നു.<br><br>പണാപഹരണം നടത്തിയ തുകയിൽ തിരിച്ചടച്ച തുക കിഴിച്ചുള്ള ബാക്കി തുകയായ 4,24,650 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കു വരുത്തുവാൻ ഓഡിറ്റ് നിർദ്ദേശം ലഭിച്ചതനുസരിച്ച് ശ്രീ. പി. എൽ. ജീവനിൽ നിന്നും ആനുപാതിക തുക 2,12,325 രൂപ ഈടാക്കുന്നതിന് കൃഷി വകുപ്പ് ഡയറക്ടർക്ക് 29-8-2009-ലെ ജിഎ1/7108/2007 നമ്പർ കത്ത് പ്രകാരം അറിയിപ്പ് നൽകിയിട്ടുണ്ട്. കൊച്ചി നഗരസഭയിൽ നിന്നും സസ്പെൻഷനിൽ ഇരിക്കവെ റിട്ടയർ ചെയ്ത ശ്രീ. ജി. സദാശിവൻ നായരുടെ |

| (1) | (2) | (3) |
|---|---|---|
| | | പെൻഷൻ ആനുകൂല്യത്തിൽ നിന്നും ആനുപാതിക തുക 2,12,325 രൂപ ഈടാക്കാൻ മേൽ നമ്പർ കത്ത് പ്രകാരം നഗരസഭാ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.<br><br>ശ്രീ. പി. എൽ. ജീവൻ സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് 20-2-2010-ലെ ബഹുമാനപ്പെട്ട നഗരകാര്യ ഡയറക്ടറുടെ VI-2778/07 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.<br><br>ശ്രീ. പി. എൽ. ജീവനോട് നേരിട്ട് സെക്രട്ടറി മുമ്പാകെ ഹാജരാകണം എന്നാവശ്യപ്പെട്ട് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ 19-6-2010-ൽ ഹിയറിംഗ് നടത്തുകയും നഗരസഭയ്ക്ക് നഷ്ടംവന്ന തുകയിൽ ടിയാൻ ഒടുക്കുവരുത്തേണ്ടതുക നഗരസഭാ ഫണ്ടിൽ ഒടുക്കു വരുത്തുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത തുക ഒടുക്കുന്നതിന് ടിയാൻ നാളിതുവരെ തയ്യാറായിട്ടില്ല. ടി തുക ഈടാക്കി തുടർനടപടി സ്വീകരിക്കുന്നതിന് കൃഷി വകുപ്പ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. 23-11-2010-ലെ ബഹു. ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറിയുടെ നമ്പർ 32820/ഇ.ആർ.എ1/2009/ത.സ്വ.ഭ.വ. നമ്പർ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം 13-2-2007 മുതൽ സസ്പെൻഷനിൽ തുടരുന്ന ശ്രീ. പി. എൽ. ജീവനെ ഉടനടി സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച ശേഷം ടിയാനെ മാതൃവകുപ്പിലേക്ക് മടക്കി അയയ്ക്കാനും വിജിലൻസ് വകുപ്പ് മാതൃവകുപ്പായ കൃഷി വകുപ്പിനെ അറിയിച്ചിട്ടുള്ളതും ഇക്കാര്യം സംബന്ധിച്ച് നിയമവകുപ്പിനും ഇതേ അഭിപ്രായമാകയാൽ ശ്രീ. പി. എൽ. ജീവനെ ഉടനടി സർവ്വീസിൽ പുനഃപ്രവേശിപ്പിച്ച് ഉത്തരവിറക്കാനും ആയതിനു ശേഷം ടിയാനെ മാതൃവകുപ്പിലേക്ക് മടക്കി അയയ്ക്കാനും ടിയാനെതിരെയുള്ള അച്ചടക്ക നടപടികളുടെ തുടർനടപടി ടിയാന്റെ മാതൃവകുപ്പ് സ്വീകരിക്കുന്നതാണെന്നുമുള്ള കത്തിന്റെ അടിസ്ഥാനത്തിൽ 22-12-2010-ലെ ജിഎ1/7108/2007 നമ്പർ ഉത്തരവ് പ്രകാരം ടിയാനെ 27-12-2010 മുതൽ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. 31-12-2010-ലെ ടി നമ്പർ കത്ത് പ്രകാരം ടിയാനെ മാതൃവകുപ്പിലേക്ക് മടക്കി അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട ഗവൺമെന്റിലേക്ക് ആവശ്യപ്പെട്ടിട്ടുണ്ട്. |

| (1) | (2) | | | (3) | |
|---|---|---|---|---|---|
| | | | | | (രൂപ ലക്ഷത്തിൽ) |
| *ക്രമ നമ്പർ* | *തുക പിൻവലിച്ച തീയതി* | *പിൻവലിച്ച തുക* | *വിതരണം ചെയ്ത തുക* | *ബാക്കി തുക* | *തിരിച്ചടച്ച തുക* |
| (1) | (2) | (3) | (4) | (5) | (6) |
| 1 | 7-9-2005 | 29.20 | 24.20 | 5.00 | 5.00 |
| 2 | 15-10-2005 | 29.30 | 23.74 | 5.56 | 5.56 |
| 3 | 24-11-2005 | 14.60 | 11.80 | 2.80 | 2.80 |
| 4 | 2-3-2006 | 43.81 | 35.70 | 8.11 | 8.11 |
| 5 | 25-5-2006 | 66.28 | 50.79 | 15.49 | Nil |
| 6 | 30-8-2006 | 43.81 | 35.41 | 8.40 | 8.40 |
| | ആകെ | 227.00 | 181.64 | 43.36 | 29.87 |

തൊഴിൽരഹിത വേതനത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്:

(1) 1-6-2006 മുതൽ വിതരണം നടത്തിയ തുകയ്ക്ക് പെറ്റി കാഷ് ബുക്ക് സൂക്ഷിക്കുകയും ആയതിൽ ദിവസംതോറു മുള്ള കണക്ക് രേഖപ്പെടുത്തി ബന്ധപ്പെട്ട ഓഫീസർ അറ്റസ്റ്റ് ചെയ്യുകയും ചെയ്യുന്നുണ്ട്.

(2) വിതരണം ചെയ്യാനുള്ള തുക നിർദ്ദേശിച്ചിരിക്കുന്ന മാസം 5-ാം തീയതി പിൻവലിക്കുകയും 6, 7, 8, 9 എന്നീ തീയതി കളിൽ മാത്രം വിതരണം നടത്തുകയും ബാക്കിതുക 10-ാം തീയതി തന്നെ സർക്കാർ ട്രഷറിയിൽ തിരിച്ചടയ്ക്കു കയും ചെയ്യുന്നുണ്ട്.

(3) ബന്ധപ്പെട്ട വിതരണ രജിസ്റ്റർ വിതരണ ഉദ്യോഗസ്ഥരുടെ സ്റ്റേറ്റ്മെന്റ്, അക്വിറ്റൻസ്, കൈപ്പറ്റ് രസീത് എന്നിവ പരിശോധിച്ച് കൃത്യമായി കണക്കുകൾ സൂക്ഷിക്കുന്നു.

(4) തൊഴിൽരഹിത വേതന വിതരണവുമായി ബന്ധപ്പെട്ട ക്ലാർക്കുമാർ, സൂപ്രണ്ട്, ബന്ധപ്പെട്ട ഓഫീസർമാർ, റവന്യൂ ഓഫീസർ എല്ലാവരും തന്നെ കാഷ്ബുക്ക്, രജിസ്റ്റർ എന്നിവയിൽ ഒപ്പ് വയ്ക്കുകയും, തൊഴിൽരഹിതവേതന വിതരണം കൃത്യമായി നിർവ്വഹിക്കുകയും ചെയ്യുന്നു.

## തൃശ്ശൂർ കോർപ്പറേഷൻ

### കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശത്തിൽ സ്വീകരിച്ച നടപടി |
|---|---|---|---|
| (1) | (2) | (3) | (4) |
| 2 | 31-3-2006 വരെ | 4.2 | 31-12-2006-ലെ 18-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിലെ ഉപഭോക്താക്കളുടെ 3/2001 വരെയുള്ള വൈദ്യുതി കുടിശ്ശികയിലെ അഡീഷണൽ ബില്ലുകളിന്മേലുള്ള പിഴപ്പലിശ ഈടാക്കുന്നത് ഒഴിവാക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്നു. 1-2-2003-ലെ എ.സി. 8420/2002 നമ്പർ ഉത്തരവിലൂടെ കോർപ്പറേഷൻ സെക്രട്ടറി ആയത് ഒഴിവാക്കിയിട്ടുള്ളതുമാണ്. അപ്രകാരം പിഴപ്പലിശ അടയ്ക്കാത്തവരുടേത് ഒഴിവാക്കുകയും നേരത്തെ അടച്ചവരുടേത് പിന്നീട് വരുന്ന ബില്ലിൽ വരവ് വയ്ക്കുകയുമാണ് ചെയ്തിട്ടുള്ളത്. എന്നാൽ ടി എഴുതി തള്ളലിന് നിയമാനുസൃതം (കേരള മുനിസിപ്പാലിറ്റി റൈറ്റിംഗ് ഓഫ് ഇറക്കവറബിൾ എമൗണ്ട്സ്) 1999-ൽ സെക്ഷൻ പ്രകാരം 3(5) ആവശ്യമായിരുന്ന സർക്കാർ അനുമതി മുൻകൂർ വാങ്ങിയിരുന്നില്ല.<br><br>ഈ കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് അക്കൗണ്ടന്റ് ജനറൽ ടി എഴുതിത്തള്ളൽ നിയമാനുസൃതമല്ലെന്ന് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ടി റിപ്പോർട്ടിൽ എഴുതി തള്ളൽ നിയമാനുസൃതമല്ലെന്ന് ഓഡിറ്റ് നടന്ന സമയത്തെ അസിസ്റ്റന്റ് സെക്രട്ടറി സമ്മതിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.<br><br>ലോക്കൽ ഫണ്ട് ഓഡിറ്റിനേയും മുൻകൂട്ടി വിവരം ധരിപ്പിച്ചിരുന്നില്ല. അതുമൂലം 2001-02 വർഷം ഓഡിറ്റ് റിപ്പോർട്ടിൽ ടി എഴുതിത്തള്ളലിനെ ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗവും തടസ്സപ്പെടുത്തിയിരുന്നു.<br><br>തൃശ്ശൂർ കോർപ്പറേഷൻ പിഴപ്പലിശ എഴുതിത്തള്ളിയ തീരുമാനം അനധികൃതവും കനത്ത സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതുമാകയാൽ ഇക്കാര്യം 2005-06 വർഷം ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതാണെന്ന് 29-10-2006-ലെ കത്തു മുഖേന പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുമുണ്ട്. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | എന്നാൽ ഇക്കാര്യവുമായി ബന്ധപ്പെട്ട് എ.സി.8420/2002 നമ്പർ ഫയൽ 6-6-2006-ൽ കൈകാര്യം ചെയ്തിരുന്ന സെക്ഷനിൽ നിന്ന് അക്കാലത്തെ അസിസ്റ്റന്റ് സെക്രട്ടറി ആവശ്യപ്പെട്ടതനുസരിച്ച് ടിയാന് കൈമാറിയതായും പിന്നീട് ഫയൽ ആഫീസിൽ നിന്ന് നഷ്ടപ്പെട്ടതായും അറിയുന്നു. ടി ഫയൽ 4-8-2006-ൽ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി മുൻപാകെ ശശിധരൻ എന്ന വ്യക്തി ഹാജരാക്കിയിരുന്നു. തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം ഫയൽ സ്വകാര്യ വ്യക്തികളുടെ പക്കൽ ലഭ്യമായത് സംബന്ധിച്ച് വിജിലൻസ് അന്വേഷണ ത്തിനായി വിജിലൻസ് വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും 30-5-2007-ൽ 35924/ഇയു.1/05/ത.സ്വ.ഭ.വ. കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. |
| | | | ഒരു നഗരത്തിലെ മുഴുവൻ വൈദ്യുതി ഉപഭോക്താക്ക ളെയും സാമ്പത്തിക മാനദണ്ഡം പരിഗണിക്കാതെ പിഴപ്പലിശയിൽനിന്ന് ഒഴിവാക്കുന്നത് തികച്ചും അനുചിതമാണ്. ആയതിനാൽ പിഴപ്പലിശ എഴുതി തള്ളിയ കൗൺസിലിന്റെ 30-12-2002-ലെ 18-ാം നമ്പർ കൗൺസിൽ തീരുമാനം അംഗീകരിക്കുവാനാവില്ലെന്നും ആകയാൽ തീരുമാനം പുനഃപരിശോധിച്ച് നടപടി കൈകൊള്ളണമെന്ന തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി 19-12-2006-ലെ 35924/എ1/05 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. |
| | | | ആയതിന്റെ അടിസ്ഥാനത്തിലും മേൽ ഓഡിറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും 1-3-2007-ൽ തിരികെ കൊടുത്തതോ ബില്ലിൽ അഡ്ജസ്റ്റ് ചെയ്തതോ ആയ പിഴപ്പലിശകൾ തിരിച്ചടയ്ക്കുവാൻ ആയത് ലഭ്യമായ ഗുണഭോക്താക്കളെ കണ്ടുപിടിക്കുവാനും അവർക്ക് നോട്ടീസ് നൽകുവാനും ബന്ധപ്പെട്ട സെക്ഷന് ഉത്തരവ് നൽകിയിരുന്നു. 30-12-2002-ലെ കൗൺസിൽ തീരുമാന ത്തിന്റെ അടിസ്ഥാനത്തിൽ പിഴപ്പലിശ എഴുതി തള്ളികൊണ്ടുള്ള 4-2-2003-ലെ ഉത്തരവ് അസാധുവാക്കി കൊണ്ടുള്ള തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിലെ ഉത്തരവിന്റെ കോപ്പി എ.സി. 8420/2002 നമ്പർ കത്തായി 16-4-2007-ൽ അങ്ങേക്ക് അയച്ചുതന്നിരുന്നു. മാത്രമല്ല ഉപഭോക്താക്കളിൽ നിന്നു പ്രസ്തുത സംഖ്യ പിടിക്കുന്നതിന് നോട്ടീസ് അയച്ചുതുടങ്ങിയിട്ടുണ്ടായിരുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഇക്കാര്യങ്ങൾ 18-6-2007-ൽ ഗവൺമെന്റ് സെക്രട്ടറിക്ക് എ.സി. 8420/2002 നമ്പർ കത്തിൽ അറിയിച്ചിട്ടുണ്ട്. ഈ നടപടികൾ നടക്കുമ്പോൾതന്നെ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 19-12-2006-ലെ നിർദ്ദേശപ്രകാരം തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിലെ 3/2001 വരെയുള്ള വൈദ്യുതി കുടിശ്ശിക യ്ക്കുള്ള പിഴപ്പലിശ എഴുതിത്തള്ളിയത് റദ്ദു ചെയ്യുന്ന തിന് കോർപ്പറേഷൻ കൗൺസിൽ അജണ്ട നൽകിയിരുന്നു. എന്നാൽ വസൂലാക്കുന്ന കാര്യത്തിൽ തീരുമാനമൊന്നു മെടുക്കാതെ ഫയൽ നഷ്ടപ്പെട്ട കാര്യത്തിന് വിജിലൻസ് അന്വേഷണം നൽകിയിരുന്നു. എന്നാൽ വസൂലാക്കുന്ന കാര്യത്തിൽ തീരുമാനമൊന്നുമെടു ക്കാതെ ഫയൽ നഷ്ടപ്പെട്ട കാര്യത്തിന് വിജിലൻസ് അന്വേഷണം നടത്തുന്നതിനാണ് 6-3-2007-ലെ 33-ാം നമ്പർ തീരുമാനമായത്. |
| | | | അതിനുശേഷം 9-8-2007-ൽ വൈദ്യുതി ബിൽ കുടിശ്ശിക യുടെ പിഴപ്പലിശ എഴുതിത്തള്ളിയതുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളിൽനിന്നും തുക തിരിച്ചുപിടിക്കുവാൻ കൗൺസിൽ തീരുമാനിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആയതുമായി ബന്ധപ്പെട്ട എന്തെങ്കിലും നടപടി സ്വീകരി ച്ചിട്ടുണ്ടെങ്കിൽ കൗൺസിൽ തീരുമാനമെടുക്കുന്നതുവരെ ആയത് നിറുത്തിവെയ്ക്കുവാൻ ആരാധ്യയായ മേയർ അസിസ്റ്റന്റ് സെക്രട്ടറിക്കു നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തിരിച്ചുപിടിക്കൽ നടപടി നിർത്തിവെച്ചിട്ടുള്ളതുമാണ്. |
| | | | തുടർന്ന് 24-8-2007-ലെ 56-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗ ഉപഭോക്താക്കളുടെ മാർച്ച് 2001 വരെയുള്ള കുടിശ്ശിക തുകയിലെ അഡീഷണൽ ബില്ലുകൾക്ക് പിഴപ്പലിശ ഒഴിവാക്കിയതിന് നിയമാനുസൃതം അംഗീകാരം തേടുന്നതിന് സർക്കാരിലേക്ക് അപേക്ഷി ക്കുവാനും, വീഴ്ച വരുത്തിയ ബന്ധപ്പെട്ട ഉദ്യോഗ സ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാനും തീരുമാനിച്ചു. ഈ വിഷയത്തിൽ ഇനിയൊരു തീരുമാനമുണ്ടാകു ന്നതുവരെ ഉപഭോക്താക്കളിൽ നിന്നും തിരിച്ചു പിടിക്കേണ്ടതില്ലെന്നും തീരുമാനിച്ചു. |
| | | | ഇതേത്തുടർന്ന് കൗൺസിൽ തീരുമാനപ്രകാരം എഴുതിത്തള്ളലിന് നിയമാനുസൃതം അംഗീകാരം |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നേടുന്നതിന് 18-10-2007-ന് സർക്കാരിലേക്ക് അപേക്ഷിച്ചിട്ടുണ്ട്. അക്കാലത്തെ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരോട് ഇക്കാര്യത്തിൽ വിശദീകരണം ആരായുന്നതിനും, സർക്കാരിലേക്ക് അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ ആയതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ എന്ന് അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.<br><br>അതോടൊപ്പം 24-8-2007-ലെ 56-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ഈ ആഫീസിൽ നിന്ന് 11-10-2007-ൽ ടി കാലഘട്ടത്തിൽ തൃശ്ശൂർ നഗരസഭാ സെക്രട്ടറിയുടെ ചാർജ് വഹിച്ചിരുന്ന ശ്രീ. ജി. ബെന്നൻ, വൈദ്യുതി വിഭാഗം അസിസ്റ്റന്റ് സെക്രട്ടറിയുടെ ചാർജ് വഹിച്ചിരുന്ന ശ്രീ. എസ്. എസ്. ഗോപാലകൃഷ്ണൻ എന്നിവർക്ക് കോർപ്പറേഷൻ സെക്രട്ടറി നോട്ടീസ് നൽകിയിരുന്നു.<br><br>ആയതിന് ശ്രീ. ജി. ബെന്നൻ മറുപടിയിൽ തൃശ്ശൂർ നഗരസഭാ സെക്രട്ടറി എന്ന നിലയ്ക്ക് ടിയാന് നോട്ടീസ് നൽകുവാനുള്ള അധികാരം കോർപ്പറേഷൻ സെക്രട്ടറിക്ക് ഇല്ലെന്നും, വ്യക്തിവൈരാഗ്യം തീർക്കുന്നതിനാണ് ടിയാന് നോട്ടീസ് നൽകിയിട്ടുള്ളതെന്നും കാണിച്ച് മറുപടി അയച്ചിട്ടുണ്ട്. നോട്ടീസിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾക്കൊന്നും ടിയാന് മറുപടി പറഞ്ഞിട്ടുമില്ല. ശ്രീ. എസ്. എസ്. ഗോപാലകൃഷ്ണൻ പിഴപ്പലിശ എഴുതിത്തള്ളുന്നതിന് സമർപ്പിച്ചിരുന്ന കൗൺസിൽ അജണ്ടയിൽതന്നെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 538 (2) പ്രകാരം കുടിശ്ശികയ്ക്കുമേൽ 2 ശതമാനം പിഴപ്പലിശ ഈടാക്കണമെന്ന് കുറിപ്പ് 2 പ്രകാരവും കുറിപ്പ് 3 പ്രകാരം കേരള മുനിസിപ്പാലിറ്റി ആക്ടിലെ സെക്ഷൻ 22(1) പ്രകാരം സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണെന്ന് താൻ രേഖപ്പെടുത്തിയിരുന്നുവെന്നും അറിയിച്ചിരുന്നു. എന്നാൽ നേരത്തെ സൂചിപ്പിച്ചിരുന്നതുപോലെ എ.സി. 8420/2002 നമ്പർ ഫയൽ ആഫീസിൽ ഇല്ലാത്തതിനാൽ മേൽനടപടി സ്വീകരിക്കുവാനോ ആകുന്നില്ല. ടി ഫയൽ നൽകണമെന്ന് അപേക്ഷിച്ച് ഗവൺമെന്റ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതാണ്. ഓഡിറ്റ് തടസ്സപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ തിരിച്ചുപിടിക്കൽ നടപടി ആരംഭിച്ചുവെങ്കിലും പിന്നീട് കൗൺസിൽ തീരുമാനം കുറ്റക്കാരായ ഉദ്യോഗസ്ഥരിൽനിന്ന് ഈടാക്കാൻ നിർദ്ദേശിക്കുകയും ചെയ്യപ്പെട്ട സാഹചര്യത്തിൽ അപ്രകാരം പ്രവർത്തിക്കുകയാണ് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ചെയ്തിട്ടുള്ളത്. സർക്കാർ അനുമതി വാങ്ങാതെ പിഴപ്പലിശ എഴുതിത്തള്ളിയ നടപടിക്ക് സർക്കാർ അംഗീകാരം നൽകണമെന്നും, ഇക്കാര്യത്തിൽ 20-5-2010-ൽ ഇതേ നമ്പർ കത്ത് പ്രകാരം ബഹു. ഗവൺമെന്റ് സെക്രട്ടറിക്കും 13-7-2010-ൽ ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കും കത്തയച്ചിട്ടുള്ള കാര്യവും അറിയിക്കുന്നു. പിഴപ്പലിശ എഴുതിത്തള്ളിയ നടപടികൊണ്ടാണ് 3/01-ന് കുടിശ്ശികയുണ്ടായിരുന്ന 19 കോടി രൂപയിൽ 14 കോടി രൂപ പിരിച്ചെടുക്കുവാൻ സാധിച്ചതെന്നും ഈ സാഹചര്യത്തിൽ പിഴപ്പലിശ എഴുതിത്തള്ളിയ നടപടിക്ക് സർക്കാർ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിക്കുന്നു. |
| 3 | | 4.3 | നഗരസഭയിൽ കൗൺസിൽ സെക്രട്ടറിയായിരുന്ന ശ്രീ. വി. ഗോപാലകൃഷ്ണൻ നായർ (റിട്ടയേർഡ്) ഇന്ദിരാ വികാസ് പത്ര ക്രമക്കേട് നടത്തിയതുമായി ബന്ധപ്പെട്ട് ടിയാളുടെ പേരിൽ നഗരസഭ വാദിയായി തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയിൽ ഒ.എസ്. 3061/97 ആയി കേസ് നൽകുകയുണ്ടായി. വാദിഭാഗം വിചാരണ പൂർത്തിയാക്കി. പ്രതിഭാഗം തെളിവെടുപ്പിനായി 4-8-2010-ൽ കേസ് വിചാരണയ്ക്ക് വച്ചിരിക്കുകയാണ്. കൂടാതെ ടിയാനെതിരെ തിരുവനന്തപുരം എൻക്വയറി കമ്മീഷണർ സ്പെഷ്യൽ ജഡ്ജ് മുമ്പാകെ വിജിലൻസ് കേസും നിലവിലുണ്ട് (വി.സി. നമ്പർ 2/97) വിജിലൻസ് കേസ് നിലവിലുണ്ടായിരുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ഫയലുകൾ, ക്യാഷ് ബുക്ക്, ഇന്ദിരാ വികാസ് പത്ര രജിസ്റ്ററും സുപ്രധാന ഫയലുകൾ എല്ലാംതന്നെ വിജിലൻസ് വിഭാഗത്തിന്റെ പക്കലാണ്.<br><br>2004-ൽ യു.പി.എ.-യുടെ ചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥൻ ശ്രീ. അമൃത സിംഗ് ടി വിഷയം സംബന്ധിച്ച് വിശദമായി പരിശോധിക്കുകയും വിജിലൻസ് കേസും ക്രിമിനൽ കേസും നിലവിലുള്ള സാഹചര്യത്തിൽ ഐ.വി.പി.-കൾ പുതുക്കാൻ സാധിക്കുമോ എന്ന് നിയമോപദേശം തേടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ, ലീഗൽ അഡ്വൈസറിൽ നിന്നും 1-1-2005-ൽ ഉപദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ആയത് പണമാക്കി മാറ്റി നഗരസഭ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | 1999-ൽ കേന്ദ്ര ഗവൺമെന്റ് ഇന്ദിരാ വികാസ് പത്ര നിർത്തലാക്കി. |
| | | | ഇന്ദിരാ വികാസ് പത്ര കൃത്യസമയത്തുതന്നെ പണമാക്കി മാറ്റി പുനർനിക്ഷേപം നടത്താത്തതുമൂലമുണ്ടായ നഷ്ടം സംഭവിച്ചത് ഇന്ദിരാ വികാസ് പത്രയുടെ സൂക്ഷിപ്പ്, അനുബന്ധ ഫയലുകൾ എന്നിവയുടെ സൂക്ഷിപ്പ് കൗൺസിൽ സെക്രട്ടറിയായിരുന്ന ശ്രീ. ഗോപാലകൃഷ്ണൻ നായരുടെ പക്കലായിരുന്നു. അതിനുശേഷം നിലവിൽവന്ന യു.പി.എ. സെല്ലുമായി ബന്ധപ്പെട്ട സെക്ഷന്റെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നതാണ്. ബന്ധപ്പെട്ട ഫയലുകളെല്ലാം ഇപ്പോഴും വിജിലൻസിന്റെ പക്കലാണ്. |
| | | | അതിനുശേഷം നിലവിൽവന്ന യു.പി.എ. സെല്ലുമായി ബന്ധപ്പെട്ട് 1995 മുതൽ 2005 വരെ സെക്ഷന്റെ ചുമതല വഹിച്ചിരുന്നത് താഴെപ്പറയുന്ന ജീവനക്കാരായിരുന്നു:<br>(1) ഡോ. എം. പീരുമുഹമ്മദ്, ഹെൽത്ത് ഓഫീസർ.<br>(2) ഡോ. എം. എൻ. ജയകുമാർ, അസിസ്റ്റന്റ് ഹെൽത്ത് ഓഫീസർ.<br>(3) റ്റി. അമൃതസിംഗ്, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് (2). |
| 4 | | 4.5 | ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിക്കുള്ള തുക ബഹു. സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്.) നമ്പർ 292/94/ എൽ.എ.ഡി., തീയതി 26-12-1994 പ്രകാരമാണ് സെക്രട്ടറിയുടെ പേരിൽ ട്രഷറിയിൽ ടി.പി.എ. അക്കൗണ്ട് യു.പി.എ. ഫണ്ട് എന്നപേരിൽ ആരംഭിച്ചത്. ടി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന തുക പിൻവലിക്കുന്നതിന് നിരവധിതവണ സർക്കാരിലേക്ക് കത്ത് നൽകിയിരുന്നു. കൂടാതെ ആരാധ്യനായ മേയർ 7-4-2009-ൽ ബഹു. ധനകാര്യ മന്ത്രിക്ക് നിവേദനവും നൽകിയിരുന്നു. ഏറ്റവും ഒടുവിലായി 11-3-2010-ൽ തദ്ദേശസ്വയംഭരണ സെക്രട്ടറിക്ക് ടി തുക ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. |
| | | | നാളിതുവരെ ടി തുക ലഭിക്കുന്നതിന് ഗവൺമെന്റിൽ നിന്നും നടപടി സ്വീകരിച്ചിട്ടില്ലാത്തതാണ് ടി പണം തിരികെ ലഭിക്കാതിരിക്കാൻ കാരണം. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ബഹുമാനപ്പെട്ട കേരള സർക്കാർ 26-12-1994-ലെ ജി.ഒ. (എംഎസ്.) നമ്പർ 292/94/എൽ.എ.ഡി. ഉത്തരവ് പ്രകാര മാണ് റ്റി.പി.എ. അക്കൗണ്ട് ട്രഷറിയിൽ തുടങ്ങിയത്. |
| 5 | | 4.7 | വാംബെ പദ്ധതിപ്രകാരം 160 വീടുകൾ നിർമ്മിച്ചു നൽകുവാൻ തെരഞ്ഞെടുത്ത ചെങ്കൽച്ചൂള കോളനി മുഖ്യമായും പട്ടികജാതിയിൽപ്പെട്ടവർ തിങ്ങിപ്പാർക്കുന്ന കോളനി പ്രദേശമാണ്. ഈ പ്രദേശത്ത് നിലവിലുള്ള കുടിലുകൾ പൊളിച്ചുമാറ്റി അവിടെത്തന്നെ പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച് മുൻപ് താമസിച്ചിരുന്നവർക്ക് നൽകുകയാണ് ചെയ്യേണ്ടിയിരുന്നത്. നഗരഹൃദയത്തിൽ നിലവിലുള്ള കുടിലുകൾ പൊളിച്ചുമാറ്റി വെള്ളക്കെട്ടുള്ള പ്രസ്തുത പ്രദേശത്ത് ബഹുനില യൂണിറ്റുകൾ നിർമ്മിക്കുന്നതിന് മണ്ണിന്റെ ഘടനപ്രകാരം പൈൽ ഫൗണ്ടേഷൻ വേണ്ടിവന്നു. കൂടാതെ ഘട്ടംഘട്ടമായി സ്ഥലം ലഭ്യമാക്കുന്ന മുറയ്ക്ക് നിർമ്മാണം നടത്തേണ്ട അവസ്ഥയായിരുന്നു ടി പ്രദേശത്ത് ഉണ്ടായിരുന്നത്. പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ നിരക്കിൽ ഈ പറഞ്ഞ കാരണങ്ങളാൽ വീടൊന്നിന് 40,000 രൂപ എന്നത് 1,62,000 രൂപയായി വർദ്ധിച്ചിട്ടുണ്ട്.<br><br>ബഹുമാനപ്പെട്ട സർക്കാരിന്റെ ചേരിപരിഷ്കരണ പദ്ധതി കളിൽ ഉൾപ്പെടുത്തി മുൻപ് ബഹുനില കെട്ടിടങ്ങൾ നിർമ്മിച്ചതിന്റെ തുടർച്ചയായിത്തന്നെ ഈ പദ്ധതിയെ സർക്കാർ കണക്കാക്കുകയും വാംബെ പദ്ധതിപ്രകാര മുള്ള പ്രോജക്ട് ചെങ്കൽച്ചൂള കോളനിയിൽ നടപ്പിലാ ക്കാൻ അനുവദിക്കുകയും അതുപ്രകാരം കോസ്റ്റ് ഫോർഡ് തയ്യാറാക്കിയ രൂപകല്പനയും എസ്റ്റിമേറ്റും സർക്കാർ അംഗീകരിക്കുകയും 18-8-2003-ലെ സ.ഉ. (സാധാ.) നമ്പർ 3024/03/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 160 വീടുകൾ നിർമ്മിക്കുന്ന പദ്ധതിയുടെ അടങ്കൽത്തുക 2,67,68,000 രൂപയായി അംഗീകരിക്കുകയും ചെയ്ത പ്രകാരമാണ് ഒന്നാംഘട്ടമായി 90 വീടുകളുടെ നിർമ്മാണം കോസ്റ്റ് ഫോർഡ് 28-2-2007-ൽ പൂർത്തിയാക്കി യിട്ടുള്ളത്.<br><br>വാംബെ അനുസരിച്ച് അയൽക്കൂട്ടത്തിൽ ആളെ തെരഞ്ഞെടുക്കേണ്ടത്:<br><br>ഡബ്ല്യു.പി. (സി) 5787/04 കേസ്സിലെ വിധിന്യായം അനുസരിച്ച് 22-12-2004 തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ.ഉ. (സാധാ.) നമ്പർ 4588/04/ത.സ്വ.ഭ.വ. അനുസരി ച്ചാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | ചെങ്കൽച്ചൂള പ്രദേശത്തെ പ്രത്യേക സാഹചര്യത്തിൽ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത് കോസ്റ്റ് ഫോർഡിന് ധാരാളം വിഷമഘട്ടങ്ങൾ നേരിടേണ്ടിവന്നു. രാഷ്ട്രീയ ഇടപെടലുകൾ, പ്രാദേശികമായ എതിർപ്പുകൾ, സാമൂഹിക പ്രശ്നങ്ങൾ, ക്രമസമാധാന പ്രശ്നങ്ങൾ, സാധന സാമഗ്രികളുടെ മോഷണം, നിർമ്മാണ സാധന സാമഗ്രികളുടെ മോഷണം, മറ്റു പ്രതിബന്ധങ്ങൾ എന്നിവ കാരണം കൃത്യസമയത്ത് പദ്ധതി തീർപ്പാക്കാൻ കോസ്റ്റ് ഫോർഡിന് കഴിഞ്ഞില്ല.<br><br>ടി പ്രദേശത്തെ മണ്ണിന്റെ ഘടന അനുസരിച്ച് പൈൽ ഫൗണ്ടേഷനും സ്ട്രക്ചറൽ ഡിസൈനിൽ മാറ്റംവരുത്തിയ തിന്റെ അടിസ്ഥാനത്തിൽ ബഹുനില യൂണിറ്റുകൾ നിർമ്മിക്കേണ്ടിവന്നതാണ് ചെലവ് കൂടുതലായത്. ബഹുമാനപ്പെട്ട സർക്കാർ ടി പദ്ധതി ചെങ്കൽച്ചൂള പ്രദേശത്ത് നടപ്പിലാക്കാൻ അനുവദിക്കുകയും കോസ്റ്റ് ഫോർഡിന്റെ രൂപകല്പനയും എസ്റ്റിമേറ്റും സർക്കാർ 18-8-2003-ലെ സ.ഉ. (സാധാ.) നമ്പർ 3024/03/ത.സ്വ.ഭ.വ. പ്രകാരം അംഗീകരിക്കുകയും ചെയ്തു. അതുകൊണ്ടാണ് ഈ വർദ്ധനവ് വന്നത്. |
| 6 | | 4.11 (i) | 4(i) കൊതുകു വളരാൻ സാദ്ധ്യതയുള്ളതും കുന്നു കൂടിക്കിടക്കുന്നതുമായ മാലിന്യം നീക്കംചെയ്യുന്നതിന് ഒരു ജെ.സി.ബി.-യും 2 ടിപ്പർ ലോറികളും 3 ദിവസ ത്തേക്ക് വാടകയ്ക്കെടുക്കുന്നതിനാണ് നഗരസഭ തീരുമാനിച്ചത്. ആയതിനായി 24-5-2003-ൽ ക്ഷണിച്ച ക്വട്ടേഷൻ പ്രകാരം ലോറി ഒന്നിന് പ്രതിദിനം 2,550 രൂപ, ജെ.സി.ബി. മണിക്കൂറിന് 850 രൂപ എന്ന നിരക്കിൽ നിലവിൽ ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് വാഹനങ്ങൾ സപ്ലൈ ചെയ്തിരുന്ന കരാറുകാരന് തന്നെയാണ് നൽകിയത്. നിലവിലുള്ള നിരക്കിനേക്കാൾ ഉയർന്നനിരക്കിലാണ് നൽകിയിട്ടുള്ളത്. 3 ദിവസത്തേ ക്കാണ് വാഹനങ്ങൾ വാടകയ്ക്ക് എടുത്തിരുന്നതെ ങ്കിലും 2005 ജൂലൈ 31 വരെ ടി പ്രവൃത്തി തുടരുകയു ണ്ടായി. 11-4-2005-ലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 17-ാം നമ്പർ തീരുമാനത്തിലും 11-5-2005-ലെ ബഹു. കൗൺസിലിന്റെ 42-ാം നമ്പർ തീരുമാനത്തിലും പ്രവൃത്തി തുടർന്ന നടപടി അംഗീകരിച്ചിട്ടുണ്ട്. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | 4.11(ii) | 4(ii) ടെണ്ടർ നടപടികളിലെ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് പരാമർശം ബഹു. ധനകാര്യ പ്ലാനിംഗ് കമ്മിറ്റിയുടേയും കൗൺസിലിന്റേയും ശ്രദ്ധയിൽ പ്പെടുത്തിയിട്ടുള്ളതിനാൽ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചു സുതാര്യത ഉറപ്പുവരുത്തി മാത്രമേ ടെണ്ടർ നടത്തുകയുള്ളൂ. |
| 7 | 2006-07 | 4.5 | ജനറൽ പർപ്പസ് ഗ്രാന്റായി കൊച്ചി നഗരസഭയ്ക്ക് 7.01 കോടി രൂപ ലഭിക്കാനുള്ളപ്പോൾ തെറ്റായി 1.29 കോടി രൂപ അധികമായി നഗരകാര്യ ഡയറക്ടർ 2005 സെപ്റ്റംബറിൽ നൽകി. ആയത് തിരികെ നൽകുന്ന തിന് നഗരകാര്യ ഡയറക്ടർ ആവശ്യപ്പെടുകയും തുക ചെലവഴിച്ചത് കാരണം ടി തുക പദ്ധതിത്തുകയിൽ നിന്നും വകമാറ്റുന്നതിന് 2006 മാർച്ചിൽ സർക്കാരിന്റെ അനുവാദം തേടുകയുണ്ടായി. അതോടൊപ്പം 2006 മാർച്ചിൽ തുക തിരിച്ചടച്ചു.<br><br>29-3-2006-ലെ സ.ഉ. (സ) നമ്പർ 904/06 ത.സ്വ.ഭ.വ. പ്രകാരം കൊച്ചി നഗരസഭയുടേതല്ലാത്ത കുറ്റംകൊണ്ട് അധികമായി ലഭിച്ചതും തിരിച്ചടച്ചതുംമൂലം വൻ സാമ്പത്തികബാദ്ധ്യത നഗരസഭയ്ക്ക് വരുമെന്നതിനാലും നഗരസഭയുടെ പ്രത്യേക സാഹചര്യം കണക്കി ലെടുത്ത് ബഡ്ജറ്റ് വിഹിതം അംഗീകരിക്കാതിരിക്കുന്ന തിനായി പദ്ധതിവിഹിതത്തിൽ ലഭിച്ചത് 31-3-2006-നകം ചെലവഴിക്കാൻ കഴിയാത്ത 3 പദ്ധതികൾക്കായി വകകൊള്ളിച്ചിട്ടുള്ള 1.29 കോടി രൂപ പിൻവലിച്ച് നഗരകാര്യ ഡയറക്ടർക്ക് ഒടുക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ഉത്തരവ് ഇതോടൊപ്പം ചേർക്കുന്നു. ആയതിനാൽ മേൽനടപടി ഒഴിവാക്കണ മെന്ന് അപേക്ഷിക്കുന്നു. |

## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്—കൊച്ചി നഗരസഭ—ജനറൽ പർപ്പസ് ഗ്രാന്റ്
2005-06 വർഷത്തിൽ ലഭിച്ച അധികതുക പദ്ധതിവിഹിതത്തിൽനിന്നും
നൽകുന്നതിന് അനുമതി നൽകി—ഉത്തരവ് പുറപ്പെടുവിക്കുന്നു

### തദ്ദേശസ്വയംഭരണ (ബി) വകുപ്പ്

സ.ഉ.(സാ.) നമ്പർ 904/06/ത.സ്വ.ഭ.വ. *തിരുവനന്തപുരം, 29-3-2006.*

പരാമർശം:—കൊച്ചി നഗരസഭ മേയറുടെ 27-3-2006-ലെ എം.ഒ. 12/30410/05-ാം നമ്പർ കത്ത്.

### ഉത്തരവ്

കൊച്ചി നഗരസഭയ്ക്ക് 2005-06 വർഷത്തിൽ ജനറൽ പർപ്പസ് ഗ്രാന്റായി ലഭിച്ച 7,00,00,000 രൂപയിൽ 1,29,08,100 രൂപ അധികമായി നൽകിയത് സർക്കാരിലേക്ക് തിരിച്ചടയ്ക്കണമെന്ന നിർദ്ദേശം പാലിക്കുന്നതിന് സഗരസഭയുടെ സാമ്പത്തിക സ്ഥിതി അപര്യാപ്തമായതിനാൽ 2005-06-ലെ 31-3-2006-നകം ആരംഭിക്കാൻ കഴിയാത്ത കേരള വികസന പദ്ധതിയിലെ ജനറൽ വിഭാഗത്തിൽപ്പെട്ട:

1. എസ്. 187/06 മെയിൻ ഓഫീസ് ബിൽഡിംഗ് 49,00,000 രൂപ.
2. എസ്. 140/06 സെന്റ് ബനഡിക്ട് റോഡിൽ കാന നിർമ്മാണം 45,00,000.
3. എം. 39/03 ഖരമാലിന്യം (സ്പിൽ ഓവർ) 35,08,100 രൂപ പദ്ധതികൾ റദ്ദു ചെയ്ത പദ്ധതിവിഹിതത്തുകയിൽ നിന്നും 1,29,08,100 രൂപ സർക്കാരിലേക്ക് ഒടുക്കുന്നതിന് അനുമതിക്കായി 25-3-2006-ലെ 97-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ആരാദ്ധ്യനായ മേയർ അപേക്ഷിച്ചിരിക്കുന്നു.

II. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി നഗരസഭയുടേതല്ലാത്ത കുറ്റംകൊണ്ട് അധികമായി ലഭിച്ച തുക തിരിച്ചടയ്ക്കുന്നതു മൂലം വൻ സാമ്പത്തികബാദ്ധ്യത നഗരസഭയ്ക്കു വരുമെന്നുള്ളതിനാലും, നഗരസഭയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ബഡ്ജറ്റ് വിഹിതം അധികരിക്കാതിരിക്കുന്നതിനായി പദ്ധതിവിഹിതത്തിൽ ലഭിച്ചതും 31-3-2006-നകം ചെലവഴിക്കാൻ കഴിയാത്ത:

1. എസ്. 187/06 മെയിൻ ഓഫീസ് ബിൽഡിംഗ് നിർമ്മാണം.
2. എസ്. 140/06 സെന്റ് ബെനഡിക്ട് റോഡിൽ കാന നിർമ്മാണം.
3. എം. 33/03 ഖരമാലിന്യം (സ്പിൽ ഓവർ) എന്നീ പദ്ധതികൾക്കായി വകകൊള്ളിച്ചിട്ടുള്ള 1,29,08,100 രൂപ (ഒരു കോടി ഇരുപത്തി ഒൻപതു ലക്ഷത്തി എണ്ണായിരത്തി ഒരുനൂറ് രൂപ) പിൻവലിച്ച് നഗരകാര്യ ഡയറക്ടർക്ക്

ഒടുക്കുന്നതിന് ഇക്കാര്യത്തിലുള്ള അപാകതകൾ തുടർവർഷങ്ങളിലെ പദ്ധതിവിഹിതം ചെലവഴിക്കുന്നതു സംബന്ധിച്ച് സർക്കാർ നൽകുന്ന നിബന്ധനകൾക്ക് വിധേയമായി അനുമതിനൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**പി. കമാൽകുട്ടി,**

*ഗവൺമെന്റ് സെക്രട്ടറി.*

സെക്രട്ടറി, കൊച്ചി നഗരസഭ (മേയർ മുഖേന).
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ്.
ധനകാര്യ വകുപ്പ്.
ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തദ്ദേശസ്വയംഭരണ വകുപ്പ്.
തദ്ദേശസ്വയംഭരണ (ഡി.പി.)/(പി.എ.) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

**കൊച്ചി നഗരസഭാ സെക്രട്ടറിയുടെ ഉത്തരവ് നടപടികൾ**

എം. ഒ. എ. 12/30410/05. *കൊച്ചി, 30-3-2006.*

പരാമർശം:—തദ്ദേശസ്വയംഭരണ (ബി) വകുപ്പ് സ.ഉ.(സം) നമ്പർ 904/06 ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി 29-3-2006.

## ഉത്തരവ്

കൊച്ചി നഗരസഭയ്ക്ക് 2005-06 വർഷത്തിൽ ജനറൽ പർപ്പസ് ഗ്രാന്റിൽ അധികമായി ലഭിച്ച 1,29,08,100 രൂപ 2005-06-ലെ 31-3-2006-നകം ചെലവഴിക്കാൻ കഴിയാത്ത:

1. എസ്. 187/06 മെയിൻ ആഫീസ് ബിൽഡിംഗ് 49,00,000 രൂപ.
2. എസ്. 140/06 സെന്റ് ബെനഡിക്ട് റോഡിൽ കാന നിർമ്മാണം 45,00,000 രൂപ.
3. എം. 39/03 ഖരമാലിന്യം (സ്പിൽ ഓവർ) 35,08,100 രൂപ പദ്ധതി റദ്ദ് ചെയ്ത് പദ്ധതിവിഹിതത്തുകയിൽ നിന്നും 1,29,08,100 രൂപ കേരള വികസന പദ്ധതി വിഭാഗത്തിൽനിന്നും പിൻവലിച്ച് നഗരകാര്യ ഡയറക്ടറുടെ പേരിൽ അയച്ചു കൊടുക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

സെക്രട്ടറി,
*കൊച്ചി നഗരസഭ.*

പകർപ്പ്: ആരാദ്ധ്യയായ മേയർ

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് ഖണ്ഡിക നമ്പർ | ഓഡിറ്റ് പരാമർശത്തിൽ സ്വീകരിച്ച നടപടി |
|---|---|---|---|
| (1) | (2) | (3) | (4) |
| 8 | 2006-07 | 4.8 | ആലുവ മുനിസിപ്പാലിറ്റിയിൽ കുറഞ്ഞനിരക്കിൽ എസ്.വി. ലാമ്പുകൾ വാങ്ങിയെന്നതിന്റെ അടിസ്ഥാനത്തിൽ കൊച്ചി നഗരസഭ നൽകിയ നിരക്ക് താരതമ്യപ്പെടുത്തി അതുകൂടുതലാണെന്ന് പറയുന്നത് ശരിയല്ല. ചില പ്രത്യേക സാഹചര്യങ്ങളിൽ കടുത്ത മത്സരം മൂലമോ ടെണ്ടറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ തമ്മിലുള്ള ശത്രുത, സ്റ്റോക്ക് ക്ലിയറൻസ്, ഗുണനിലവാരമില്ലാത്ത പ്രത്യേക മോഡലുകൾ വിറ്റഴിക്കുക എന്നീ മറ്റുകാരണങ്ങൾമൂലമോ മനഃപൂർവ്വം വിലതാഴ്ത്തി നഷ്ടം സഹിച്ചും സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുക്കാറുണ്ട്. ഒരു ടെണ്ടർ മാത്രം പരിഗണിച്ച് ഇത്തരത്തിൽ താരതമ്യം ചെയ്യുന്നത് ശരിയല്ല. സ്റ്റാറ്റിസ്റ്റിക്കൽ നിയമപ്രകാരം പല ടെണ്ടറുകൾ എടുത്തുപരിശോധിച്ചാൽ മാത്രമേ ശരാശരി വില സംബന്ധിച്ച് ധാരണ ലഭിക്കുകയുള്ളൂ.<br><br>ആലുവ നഗരസഭയിലെത്തന്നെ മറ്റൊരു ക്വട്ടേഷൻ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകുന്നതാണ്. E1/7028/0749 ഫയൽ പ്രകാരം S.V. lamp fittings, supply ചെയ്യുന്നതിന് ആദ്യത്തെ ടെണ്ടറിൽ M/s Electro Tech Industries 10,52,757 രൂപയും ടി ഫയൽ റീ ടെണ്ടർ ചെയ്തപ്പോൾ രണ്ടാമത്തെ ടെണ്ടറിൽ അതേ സ്ഥാപനം 6,30,708 രൂപ മാത്രമാണ് ക്വാട്ട് ചെയ്തത്. ഇപ്രകാരം സാഹചര്യങ്ങൾക്കനുസൃതമായി ടെണ്ടറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾ വിലകുറച്ച് ക്വാട്ട് ചെയ്യാറുണ്ട്.<br><br>കൊച്ചി നഗരസഭ അടങ്കലിൽ നൽകിയിരുന്ന കമ്പോള നിരക്കുകൾ പ്രമുഖ കമ്പനികളായ ബജാജ് ജി.ഇ. ലൈറ്റിംഗ്, ഫിലിപ്സ് എന്നിവയുടെ പ്രൈസ് ലിസ്റ്റിൽനിന്നും വളരെ കുറഞ്ഞനിരക്കാണ് ഇതോടൊപ്പമുള്ള പട്ടികയിൽ (ടേബിൾ 1) ഇത് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ടി കമ്പനികളുടെ അക്കാലത്തെ പ്രൈസ് ലിസ്റ്റിന്റെ പകർപ്പും പരിശോധനയ്ക്കായി ഇതോടൊപ്പം ചേർത്തിരിക്കുന്നു. മേൽപ്പറഞ്ഞ കമ്പനികളുടെ ഗുണമേന്മയുള്ള ലാമ്പ് ഫിറ്റിംഗ്സാണ് (സിംഗിൾ പീസ് ഡൈകാസ്റ്റ് അലൂമിനിയം) ഈ നഗരസഭ സ്ഥാപിക്കുന്നത്.<br><br>അടങ്കലുകൾ മനഃപൂർവ്വം ഒരു ലക്ഷം രൂപയിൽ താഴെയാക്കി കൗൺസിൽ അനുമതി, പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിന്റെ റ്റി.എസ്. എന്നിവ ഒഴിവാക്കിയെന്ന് പറയുന്നത് ശരിയല്ല.<br><br>നഗരസഭയിൽ വാർഡ് കൗൺസിലർമാർ തരുന്ന കത്തിന്റെ അടിസ്ഥാനത്തിലാണ് വാർഡിലെ മരാമത്ത് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വേലകൾക്ക് അടങ്കൽ തയ്യാറാക്കുന്നത്. റോഡ്, കാന, കെട്ടിടം പണികൾ എല്ലാം ഇപ്രകാരമാണ് ചെയ്യുന്നത്. നഗരസഭയുടെ എല്ലാ റോഡുകളുടെ പണികളുംകൂടി ഒന്നാക്കി അടങ്കൽ തയ്യാറാക്കി നടപ്പാക്കുന്നത് പ്രായോഗികമല്ല. അതുപോലെ തന്നെയാണ് ഇലക്ട്രിക്കൽ വേലകളും ക്രോഡീകരിച്ച് ഒറ്റ പ്രവൃത്തിയായി ചെയ്യുന്നതും പ്രായോഗികമല്ല. കാരണം സാമ്പത്തിക വർഷത്തിൽ പല സമയങ്ങളിലാണ് തങ്ങളുടെ ഡിവിഷൻ ഫണ്ട് ഉപയോഗിച്ച് വേല ചെയ്യുന്നതിന് കൗൺസിലർമാർ കത്ത് നൽകുന്നത്.<br><br>നഗരസഭാ എഞ്ചിനീയർക്ക് 6.5 ലക്ഷം രൂപവരെയുള്ള ഇലക്ട്രിക്കൽ വേലകൾക്ക് റ്റി.എസ്. നൽകുന്നതിന് അധികാരമുണ്ട്. അതനുസരിച്ച് നഗരസഭാ എഞ്ചിനീയർമാർക്കുള്ള അധികാരം വിനിയോഗിച്ച് മാത്രമാണ് റ്റി.എസ്. നൽകിയിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പിൽ നിന്നും സാങ്കേതികാനുമതി ലഭിക്കുന്നതിന് വളരെയധികം കാലതാമസം ഉണ്ടാകുന്നതാണ്. പി.ഡബ്ല്യു.ഡി. യുടെ സാങ്കേതികാനുമതിക്കുവേണ്ടി ഫയലുകൾ ക്രോഡീകരിക്കുക എന്നത് പ്രായോഗികമല്ല. അങ്കൻവാടികൾ, മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ, ഓഫീസ് കെട്ടിടങ്ങൾ എന്നിവയുടെ വൈദ്യുത അറ്റകുറ്റപ്പണികളും ഡിവിഷനിലെ റോഡുകളിൽ എസ്.വി. ലാമ്പ് സ്ഥാപിക്കുന്നതുമാണ് പ്രധാനമായും ഇലക്ട്രിക്കൽ ജോലികളായി ഉള്ളത്. ഇവയെല്ലാം ഒന്നാക്കി അടങ്കൽ തയ്യാറാക്കി പി.ഡബ്ല്യു.ഡി. യിലേക്ക് സാങ്കേതികാനുമതിക്കായി നൽകുക എന്നത് നഗരസഭയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നതിന് ഇടയാക്കുന്നതാണ്. പല നഗരസഭകളിലും ഇത്തരത്തിൽ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിന് സാങ്കേതികാനുമതിക്കായി അയച്ചിട്ട് മാസങ്ങളായിട്ടും റ്റിസ് ലഭിക്കാത്ത സംഭവങ്ങളുണ്ട്. ഇതിനുപുറമെ സെൻേറജ് ചാർജ് ഇനത്തിൽ 0.75 ശതമാനം തുക പി.ഡബ്ല്യു.ഡി.ക്ക് നൽകേണ്ടിവരുന്നത് നഗരസഭകൾക്ക് വൻബാദ്ധ്യതവരുത്തുന്നതാണ്. ഇത്തരത്തിൽ സെന്റേജ് ചാർജ് നൽകിയിരുന്നുവെങ്കിൽ 933 ലക്ഷം രൂപയുടെ വേലയ്ക്ക് 7 ലക്ഷത്തോളം രൂപ നഗരസഭയ്ക്ക് അധിക ചെലവ് വരുമായിരുന്നു. സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും കൗൺസിലിന്റേയും അനുമതി ലഭിച്ച ശേഷമാണ് എല്ലാ പ്രവർത്തികളും നടപ്പാക്കുന്നത്.<br><br>നഗരസഭയിൽ കഴിഞ്ഞ കുറെ വർഷങ്ങളായി ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാരുടെ എണ്ണം വളരെ കുറവാണ്. മറ്റു വേലകളുടെ ടെണ്ടർ പരിശോധിച്ചാൽ ഇക്കാര്യം |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വ്യക്തമാകുന്നതാണ്. ഷെഡ്യൂളിൽ ഉണ്ടായ വിലവർദ്ധനവും മെറ്റീരിയൽസിന്റേയും പണിക്കൂലിയുടെയും കമ്പോള നിരക്കും പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ നിരക്കും തമ്മിലുള്ള അന്തരവും ബിൽ തുകയിൽ നിന്നും കുറവ് ചെയ്യുന്ന നികുതികളുടെ വർദ്ധനവും പേമെന്റിനുള്ള കാലതാമസവുംമൂലമാണ് ടെണ്ടറുകളിൽ കരാറുകാരുടെ പങ്കാളിത്തം കുറയുന്നത്. അല്ലാതെ പരസ്യം കുറഞ്ഞതു കൊണ്ടല്ല ടെണ്ടറിൽ പങ്കെടുക്കുന്നവരുടെ എണ്ണം കുറയുന്നത്. |
| 9 | 2006-07 | 4.10 | ദാരിദ്ര്യ ലഘൂകരണ വിഭാഗം ലാന്റ് ടെന്യൂർ പദ്ധതി പ്രകാരം വിവിധ ചേരികളിൽ താമസിക്കുന്നവർക്ക് ജീവിത സുരക്ഷ വരുത്തുന്നതിനായി അവർ വസിക്കുന്ന ഭൂമി സ്വന്തമാക്കുന്ന പദ്ധതിക്ക് അതോറിറ്റിയും കൊച്ചി കോർപ്പറേഷനും സംയുക്തമായിട്ടാണ് കേരള വികസന പദ്ധതി 2005-06 വർഷത്തിലെ S.098/06 പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ചേരി നിവാസികളുടെ സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നഗരസഭാപരിധിയിൽ ഗുണഭോക്താക്കൾക്ക് താൽപ്പര്യമുള്ള സ്ഥലങ്ങളിൽ സ്വന്തമായി സ്ഥലം വാങ്ങുന്നതിനും സെന്റൊന്നിന് 10,000 മുതൽ 20,000 രൂപവരെ 66 ഡിവിഷനുകളിലായി 264 ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് പദ്ധതിയിൽ തുക വകകൊള്ളിച്ചിരുന്നത്.<br><br>തലചായ്ക്കാനിടമില്ലാതെ വളരെ വർഷങ്ങളായി പൈപ്പ് ലൈനിന്റെ കുഴലിനുള്ളിൽ താമസിച്ചിരുന്നവർക്കാണ് ജി.സി.ഡി.എ. ലോൺ ഇനത്തിൽ ഭവനങ്ങൾ നിർമ്മിച്ച് നൽകിയത്. 23 വർഷങ്ങളിലേറെയായി താമസിച്ചുവരുന്ന കോളനി നിവാസികൾക്ക് ലോൺ അടച്ച് തീരാത്തതു കൊണ്ട് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ ഇവരുടെ അപേക്ഷ കണക്കിലെടുത്ത് പ്രസക്ത പദ്ധതിയിൽ ടി ഗുണഭോക്താക്കളെ ഉൾപ്പെടുത്തി കൗൺസിൽ അംഗീകാര പ്രകാരം GCDA 2 തുക നൽകുകയുണ്ടായി. GCDA-യ്ക്ക് നൽകിയ തുക സംബന്ധിച്ച് DPC-യുടെ സാധൂകരണത്തിന് സമർപ്പിച്ചിരുന്നു. 23-7-2008-ലെ DPC യോഗത്തിന്റെ തീരുമാനപ്രകാരം സമയപരിധി കഴിഞ്ഞതിനാൽ വിശദവിവരം പരിശോധിച്ച് യുക്തമായ തീരുമാനമെടുക്കുന്നതിന് ജില്ലാ പ്ലാനിംഗ് ഓഫീസറെ ചുമതലപ്പെടുത്തി. എന്നാൽ പ്രസ്തുത വിഷയത്തിന് തീരുമാനം ലഭിച്ചിരുന്നില്ല. ടി വിഷയം സംബന്ധിച്ച് സാധൂകരണം നൽകുന്നതിന് ബഹു. സർക്കാരിലേക്കും കത്ത് നൽകിയിട്ടുള്ളതാണ്. സാധൂകരണം ലഭിക്കുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണ്. ടി വിവരം വിനീതമായി അറിയിച്ചുകൊള്ളുന്നു. |

TABLE 1

STATEMENT SHOWING SCHEDULE OF RATES FOR SV LAMPS & LIST PRICES OF DIFFERENT BRANDS DURING THE YEAR 2004

| Sl. No. | Type of SV Lamp fittings | *PWD Schedule of rate as on 1996* | | | *Bajaj* | | | *Philips* | | | *GE Lighting* | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | *MV Lamp fitting* | *SV Lamp* | *Total Cost* | *Model No. & Cost of fitting* | *Cost of Lamp* | *Total Cost without Tax* | *Model No.& Cost of fitting* | *Cost of Lamp* | *Total Cost without Tax* | *Model No. & Cost of fitting* | *Cost of lamp* | *Total Cost without Tax* | *Market Rate Pro-vided* |
| 1 | 70W | 2041.87 | 1600.50 | 3642.37 | BGEST 0270<br>2730.00 | 360.00 | 3090.00 | SRP 48/70(E)<br>3020.00 | 360.00 | 3380.00 | GESR X70W SP PT<br>2950.00 | 360.00 | 3310.00 | 2669.00 |
| 2 | 150W | 3460.87 | 1599.12 | 5059.99 | BGEST 150<br>4150.00 | 520.00 | 4670.00 | SRP 202/150<br>4270.00 | 520.00 | 4590.00 | GESR IX150 WSP PT<br>4400.00 | 520.00 | 980.00 | 4135.00 |
| 3 | 250W | 3460.87 | 1813.82 | 5274.69 | BGEST 250<br>4830.00 | 550.00 | 5380.00 | SRP 202/250<br>4580.00 | 550.00 | 5130.00 | GESR IX250 WSP PT<br>4770.00 | 550.00 | 5320.00 | 4655.00 |

## 28-7-2008-ലെ DPC യോഗത്തിന്റെ മിനിറ്റ്സിന്റെ പ്രസക്തഭാഗം

ജനറൽ വിഭാഗത്തിലെ 13/08, 24/08, 38/08, 37/08 എന്നീ പ്രോജക്ടുകൾ ഒഴിവാക്കിയും 54/08, 22/08 എന്നീ പ്രോജക്ടുകളിൽ മിച്ചംവന്നതുമായ ആകെ വികസന ഫണ്ട് 6,76,388 രൂപയിൽ നിന്നും എസ്.സി.പി. വിഭാഗത്തിൽ 86/08 എന്ന പ്രോജക്ടിൽ മിച്ചം എന്ന 14,206 രൂപയിൽ നിന്നും മേൽ ഭേദഗതികൾക്കാവശ്യമായ അധികതുക കണ്ടെത്തുന്നു.

43/08 വനിതാ വ്യവസായ കേന്ദ്രത്തിന് ഫർണിച്ചർ വാങ്ങൽ എന്ന പ്രോജക്ട് ഗവ. അംഗീകാരം വാങ്ങുവാൻ നിർദ്ദേശിച്ചു. ബാക്കി 4 പ്രോജക്ടുകളുടെ ഭേദഗതികളും അംഗീകരിച്ചു.

6. **ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത്**

66,401 രൂപ നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തിയിരുന്ന 84-ാം നമ്പർ അംഗൻവാടി കെട്ടിട മെയിന്റനൻസ് ഉപേക്ഷിക്കുകയും 85-ാം നമ്പർ അംഗൻവാടി മെയിന്റനൻസിന്റെ ധനകാര്യ വിശകലനം താഴെ പറയും പ്രകാരം ഭേദഗതി ചെയ്തു നടപ്പാക്കിയ പഞ്ചായത്ത് നടപടിക്ക് സാധൂകരണം നൽകി.

മെയിന്റനൻസ് ഗ്രാന്റ് 66,401 രൂപ

ഡി.പി.സി. അംഗീകരിച്ചു.

7. **കൊച്ചി കോർപ്പറേഷൻ**

(1) 2005-06-ൽ ഡി.പി.സി. അംഗീകാരം നൽകിയ 98/05 സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് അവരുടെ പങ്കാളിത്തത്തോടെ സ്ഥലവും വീടും വാങ്ങുന്ന പദ്ധതി ജി.സി.ഡി.എ. വായ്പയിനത്തിൽ കോളനി നിർമ്മിച്ചു നൽകിയ പാവപ്പെട്ട ഗുണഭോക്താക്കളുടെ വായ്പ എഴുതിത്തള്ളി നൽകുന്നതിലേക്ക് ഭേദഗതി ചെയ്ത് നടപ്പാക്കിയ നഗരസഭയുടെ നടപടിക്ക് സാധൂകരണം ആവശ്യപ്പെടുന്നു. വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വിശദവിവരം പരിശോധിച്ച് യുക്തമായ തീരുമാനം എടുക്കുന്നതിന് ജില്ലാ പ്ലാനിംഗ് ഓഫീസറെ ചുമതലപ്പെടുത്തി.

(2) എസ്.ജെ.എസ്.ആർ.വൈ. പദ്ധതി പ്രകാരം 2006-07-ൽ കേന്ദ്ര സർക്കാർ അനുവദിച്ച 24,01,700 രൂപ ചെലവഴിക്കുന്നതിലേക്ക് നഗരസഭ തയ്യാറാക്കിയ ആക്ഷൻ പ്ലാൻ ഡി.പി.സി. അംഗീകരിച്ചു.

അംഗീകരിച്ചു.

8. **പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത്**

താഴെ പറയുന്ന രണ്ട് പ്രോജക്ടുകൾ ഉപേക്ഷിക്കുകയും രണ്ട് പുതിയ പ്രോജക്ടുകൾ നടപ്പാക്കുകയും ചെയ്ത ബ്ലോക്ക് പഞ്ചായത്തിലെ നടപടി സാധൂകരിക്കുന്നതിനായി ഡി.പി.സി.-യോട് അഭ്യർത്ഥിച്ചു.

# കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ 2007-08 വർഷത്തെ തിരുവനന്തപുരം നഗരസഭ-ആഡിറ്റ് ന്യൂനത പരിഹാര നടപടി പത്രിക

| *ക്രമ നമ്പർ* | *നഗരസഭ* | *ആഡിറ്റ് പാര* | *ന്യൂനതാ പരിഹാര നടപടി പത്രിക* |
|---|---|---|---|
| (1) | (2) | (3) | (4) |
| 10 | തിരുവനന്തപുരം | 4.1 | 2006-07 സാമ്പത്തിക വർഷത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ടതായ ജനറൽ പർപ്പസ് ഫണ്ടിന്റെ 11,12 ഗഡുക്കൾ ട്രഷറിയിൽനിന്നും ലെറ്റർ ഓഫ് അലോട്ട് മെന്റ് എൽ.എസ്.ജി.ഡി. യിൽ നിന്നും ലഭ്യമാക്കാത്തതിനാൽ സമയത്ത് ലഭിച്ചില്ല.<br><br>അവസാന ഗഡുക്കൾ ഒരുമിച്ച് അനുവദിക്കപ്പെടുകയും, ആയത് നഗര സഭയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിന്റെ സ്റ്റേറ്റ്മെന്റ് ഏപ്രിൽ മാസത്തിനുശേഷം മാത്രമാണ് ട്രഷറിയിൽ നിന്നും ലഭിക്കുകയുണ്ടായത്. അതിനാൽ യഥാസമയം ഈ വിവരം അറിയുന്നതിന് കഴിഞ്ഞില്ല. പിന്നീട് ഈ വിവരം ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് ബഹു. സർക്കാരി ലേക്കും, ട്രഷറിയിലേക്കും കത്ത് നൽകുകയുണ്ടായി. അതേ തുടർന്ന് ജി.ഒ. (ആർറ്റി.) 18941/എഫ്.എം.1/08/ത.സ്വ.ഭ.വ. തീയതി 4-11-2009 നമ്പർ ഉത്തരവ് പ്രകാരം 2006-07-ലെ 11-ഉം 12-ഉം ഗഡുക്കളുടെ തുകയായ 1,83,01,500 രൂപ നഗരസഭയ്ക്ക് അലോട്ട്മെന്റ് ലഭിക്കുകയുണ്ടായി. ടി തുക 2009-10 സാമ്പത്തിക വർഷത്തിൽ നഗരസഭയുടെ അക്കൗണ്ടിൽ വരവ് വച്ചിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു. ആയതിനാൽ ടി പരാമർശം ഒഴിവാക്കിത്തര ണമെന്ന് അപേക്ഷിക്കുന്നു. |
| 11 | ” | 4.2 | ആറ്റിപ്ര, കടകംപള്ളി, ഉള്ളൂർ, നേമം, തിരുവല്ലം എന്നീ പഞ്ചായത്തുകൾ 1-10-2000 മുതൽ നഗരസഭയോട് സംയോജിക്കപ്പെട്ടു വെങ്കിലും 18-10-2000-ലെ തദ്ദേശസ്വയംഭരണ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | (ബി)/45773/ബി4/2000 ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ നഗരസഭാ കൗൺസിൽ തീരുമാനിക്കുന്ന കാലയളവുവരെയോ അടുത്ത പൊതു നികുതി നിർണ്ണയം വരെയോ ഏതാണോ ആദ്യം നിലവിൽ വരുന്നത് അതുവരെ മുൻ പഞ്ചായത്ത് പ്രദേശങ്ങളിൽ നിലവിലുള്ള മുൻനിരക്കിൽ നികുതി ഈടാക്കുന്നതിന് നഗരസഭയോ അനുവദിച്ചി രുന്നു. ഇക്കാരണത്താലാണ് നഗരസഭാ കൗൺസിൽ നഗരസഭാ പ്രദേശത്തെ നികുതി നിരക്ക് കൂട്ടിയോജിക്കപ്പെട്ട പഞ്ചായത്ത് പ്രദേശങ്ങളിൽ ബാധകമാക്കാതിരുന്നത്.<br><br>അവിടത്തെ ജനങ്ങളുടെ കഷ്ടപ്പാടും പൊതുപ്രക്ഷോഭവും ഒഴിവാക്കുന്നതിനായി തിരുവനന്തപുരം നഗരസഭാ കൗൺസിൽ ആ പഞ്ചായത്ത് പ്രദേശങ്ങളിൽ നിലവിലുണ്ടായിരുന്ന ആറ് ശതമാനം കെട്ടിട നികുതി നിരക്കുകൾ നിലനിർത്തിക്കൊണ്ട് അടുത്ത ജനറൽ റിവിഷൻ വരെ പഴയ കെട്ടിടങ്ങൾക്ക് നിലനിർത്തുവാൻ 2000 ഒക്ടോബറിൽ കൗൺസിൽ ബഹു. സർക്കാരിലേക്ക് ശുപാർശ ചെയ്തിരുന്നു.<br><br>23-10-2008-ൽ കൂടിയ നഗരസഭാ കൗൺസിൽ കൂട്ടിയോജിക്കപ്പെട്ട പഞ്ചായത്തുകളിലെ പുതിയ കെട്ടിടങ്ങൾക്ക് നിലവിലുള്ള 18% നികുതി ചുമത്തുവാൻ തീരുമാനിക്കുകയും ബാക്കിയുള്ളവയ്ക്ക് സർക്കാർ ഉത്തരവ് പ്രകാരമുള്ള നികുതി പുതുക്കലിനോടൊപ്പം നികുതി ഏകീകരിച്ച് പുതുക്കി നിശ്ചയിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് മുൻകാലങ്ങളിൽ നഗരസഭയ്ക്ക് നേരിട്ട നഷ്ടം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്. ഈ സാഹചര്യത്തിൽ മേൽ വിശദീകരണം സ്വീകരിച്ച് ഓഡിറ്റ് വിഭാഗം കണക്കാക്കിയിരിക്കുന്ന നഷ്ടം വരുത്തിവെച്ചെന്ന പരാമർശം ഒഴിവാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു. |

## കൊല്ലം കോർപ്പറേഷൻ

### കംപ്ട്രോളർ ആന്റ് ആഡിറ്റ് ജനറലിന്റെ 31-3-2008-ൽ അവസാനിച്ച വർഷത്തെ കൊല്ലം കോർപ്പറേഷനെ സംബന്ധിച്ച ആഡിറ്റ് റിപ്പോർട്ടിന്റെ ഓഡിറ്റ് ന്യൂനതാപരിഹാര നടപടി പത്രിക

| *ക്രമ നമ്പർ* | *സി.&എ.ജി. ഓഡിറ്റ് റിപ്പോർട്ട് വർഷം* | *ഓഡിറ്റ് ഖണ്ഡിക നമ്പർ* | *ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി* |
|---|---|---|---|
| (1) | (2) | (3) | (4) |
| | 2007-08 | 4.2.B | കൊല്ലം കോർപ്പറേഷനുമായി കൂട്ടിച്ചേർത്ത പഞ്ചായത്തുകളുടെ വസ്തുനികുതി നിരക്ക് ഏകീകരിക്കുന്നതിനായി വിഷയം കൗൺസിലിൽ സമർപ്പിച്ചിട്ടുള്ളതും 20-6-2001-ലെ 16-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം 1-4-2001 മുതൽ നികുതി ഏകീകരിക്കുന്നതിന് തീരുമാനിച്ചു. നികുതി ഏകീകരിക്കുന്നത് സംബന്ധിച്ച് ആക്ഷേപങ്ങൾ ക്ഷണിക്കുകയും വിജ്ഞാപനം പുറപ്പെടുവിക്കുകയും ലഭിച്ച ആക്ഷേപം പരിഗണിക്കുകയും ചെയ്തശേഷം 14-3-2003-ൽ ചേർന്ന കൗൺസിൽ യോഗം 1-4-2003 മുതൽ കൂട്ടിച്ചേർത്ത പഞ്ചായത്ത് പ്രദേശങ്ങളുൾപ്പെടെ എല്ലാ പ്രദേശത്തും വാർഷിക വാടക മൂല്യത്തിന്റെ ആയി നികുതി ഏകീകരിക്കുന്നതിനും പുതുതായി പണിത കെട്ടിടങ്ങൾ 1-10-2000 മുതൽ ടി നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിനും തീരുമാനിച്ചു. ഇതിനെത്തുടർന്ന് വിജ്ഞാപനം വഴി ഇക്കാര്യം പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. നികുതി ഏകീകരണത്തിന്റെ ഭാഗമായി രജിസ്റ്ററുകൾ തയ്യാറാക്കുകയും മറ്റ് പ്രാരംഭ പ്രവർത്തനങ്ങളും ആരംഭിച്ചുവെങ്കിലും 2003 ഒക്ടോബർ 1 മുതൽ പരിഷ്ക്കരിച്ച രീതിയിലുള്ള വസ്തു നികുതി പ്രാബല്യത്തിൽ വരുത്തുന്നതിന് സർക്കാർ തീരുമാനമെടുത്ത് അറിയിച്ചതിനാൽ വിജ്ഞാപനപ്രകാരമുള്ള തുടർനടപടികളുമായി പിന്നീട് മുന്നോട്ട് പോയിട്ടില്ലാത്തതാണ്. തറവിസ്തൃതി കണക്കിലെടുത്ത് വസ്തുനികുതി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | തിട്ടപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് വളരെയേറെ നിർദ്ദേശങ്ങൾ സർക്കാരിൽനിന്ന് ലഭിക്കുകയും ആയത് പരിഗണിച്ച് നികുതി പരിഷ്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തറവിസ്തീർണ്ണം കണക്കിലെടുത്തുകൊണ്ട് വസ്തുനികുതി തിട്ടപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നികുതി ഏകീകരണം പ്രാബല്യത്തിൽ വരുത്തുന്നതാണ്. എന്നാൽ 1-4-2001-നുശേഷം പൂർത്തിയാക്കിയിട്ടുള്ള കെട്ടിടങ്ങൾക്ക് ഏകീകരിച്ച നിരക്കിലാണ് നികുതി ഈടാക്കിവരുന്നത്. |